7 JUNE 1931
MADRAS

# ഗുരുനാഥൻ.

പുസ്തകം 10 { 1106 മീനം } ലക്കം 8

## സമുദായസേവനവും വിദ്യാഭ്യാസവും.

ഇതു് കേവലം ഒരു പുതിയ വിഷയമല്ല. മാസികകളിലും പത്രങ്ങളിലും പ്രസ്തുതവിഷയത്തെപ്പററി ധാരാളം എഴുതാറുണ്ടു്. പ്രസംഗവേദികളിൽനിന്നും ഗംഭീരങ്ങളായ പ്രസംഗങ്ങൾ ഉണ്ടാകാറുമുണ്ടു്. എന്നാൽ ഈ വിഷയത്തെപ്പററി എത്ര പറഞ്ഞാലും എഴുതിയാലും മതിയായി എന്നു വരുന്നതല്ല. നമ്മുടെ രാജ്യത്തെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ യഥാൎത്ഥമായ സമുദായസേവനത്തിനു തയാറായിട്ടുള്ളവർ വളരെ ചുരുക്കമാണ്. അതുകൊണ്ടു തന്നെയാണ് നാം ഇന്നും അധഃപതിച്ചു കിടക്കുന്നതു്. യഥാൎത്ഥമായ ത്യാഗം ഒന്നുകൊണ്ടേ സമുദായസേവനം സാധിക്കൂ. ത്യാഗം എന്ന ഏകഗുണം മാത്രം മനുഷ്യനെ ദേവനാക്കിത്തീൎക്കുന്നു. "വ്യക്തിത്വത്തിൽനിന്നും ഒരു മനുഷ്യൻ ഏതു നിലയിലും എത്രത്തോളം ആണ് സ്വാതന്ത്ര്യം നേടീട്ടുള്ളതു് എന്ന സംഗതിയാണു അവന്റെ യഥാൎത്ഥമാഹാത്മ്യത്തിന്റെ യഥാൎത്ഥമാനദണ്ഡമായിരിക്കുന്നതു്" എന്നാണു ജൎമ്മനിയിലെ സുപ്രസിദ്ധ ചിന്തകനായ ഐൻസ്റ്റീൻ അഭിപ്രായപ്പെടുന്നതു്. "ഭഗവാനെ ആയിരം ജന്മം സ്വീകരിക്കേണ്ടിവന്നാലും സാരമില്ല; എന്നും മനുഷ്യരുടെ നന്മക്കുവേണ്ടി പ്രവൃത്തിചെയ്യുവാൻ തക്ക സ്വാൎത്ഥരഹിതമായ ഹൃദയം തരേണമേ!" എന്നു് ഒരു ഭാരതീയയതിവൎയ്യൻ പ്രാൎത്ഥിക്കുന്നു. "നിങ്ങളുടെ മോക്ഷത്തിന്റെ കാൎയ്യം ദൂരെ കളയണം; ബഹുജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടി യത്നിക്കുക; അപ്രകാരം യത്നിച്ചു നിങ്ങൾ മരിക്കുന്നതായാലും എനിക്കു സന്തോഷമാണ്" എന്നാണ് വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളതു്. ഈപ്രകാരമുള്ള മഹത്തായ ത്യാഗശീലമാണ് സമുദായസേവനത്തിന്റെ അടിസ്ഥാനമായിരിക്കുന്നതു്. ഈ ത്യാഗശീലം വിദ്യാലയങ്ങളിൽനിന്നും ഉണ്ടാകേണ്ടതാണ്; അല്ലാത്തപക്ഷം അവയുടെ ചുമതലകൾ നിൎവ്വഹിക്കുന്നുണ്ടെന്നു് സമ്മതിച്ചുകൂട. ഒരുവനു ലഭിക്കുന്ന വിദ്യാഭ്യാസംകൊണ്ടു് അയാൾക്കും, കുടുംബത്തിനും, സമുദായത്തിനും, രാഷ്ട്രത്തിനും, ലോകത്തിനും ഗുണമുണ്ടാകണമെന്നാണ് ഇന്നത്തെ ആ

ദർശം. ഈ ആദർശം എത്രത്തോളം സാധിക്കുന്നുണ്ടെന്നോ സാധ്യമാണെന്നോ അറിഞ്ഞുകൂട. ലോകത്തിനുംകൂടി ഗുണം സിദ്ധിക്കണമെന്നു് ഈ ആദർശത്തിൽ അന്തർഭവിച്ചിട്ടുള്ളതുകൊണ്ടു് മിക്കവരും അതിനായിട്ടു യത്നിക്കുന്നുണ്ടെന്നാണു് നാട്യം. ലോകം നന്നായാൽ താനും സമുദായവും നന്നായിക്കൊള്ളുമെന്നാണു് അവർ പറയുന്നതു്. അവൎക്കു അവലംബമാകത്തക്കവണ്ണം 'ലോകമേ തറവാടു്' എന്നൊരു മഹാകവി പാടിയിട്ടുമുണ്ടു്. ഇവരുടെ സേവനമനുസരിച്ചു് ലോകം നന്നാകുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, സമുദായത്തിനു വേണ്ടിടത്തോളം അഭിവൃദ്ധിയുണ്ടാകുന്നില്ലെന്നാണു് കണ്ടുവരുന്നതു്. നമ്മുടെ രാജ്യത്തിനു് ഇന്നും സമുദായസേവനം അപരിത്യാജ്യമായിട്ടാണിരിക്കുന്നതു്. ഈ നാട്ടിൽ സമുദായസേവനം അതിന്റെ ശൈശവദശയിൽ തന്നെ എത്തിയിട്ടുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

സ്നേഹപരങ്ങളായ പ്രവൃത്തികൾ കൊണ്ടു് കാരുണ്യം കാണിക്കുകയെന്നുള്ളതാണു് സമുദായസേവനത്തിന്റെ സാരം. മനുഷ്യാനുകമ്പ, കാരുണ്യം, നീതി ഇവയിൽനിന്നാണു് സമുദായസേവനതരു മുളക്കേണ്ടതു്. സമുദായസേവനമെന്നുള്ളതു് മനുഷ്യവൎഗ്ഗത്തോളം തന്നെ പ്രാചീനതയുമുള്ളതാണു്. പൗരാണികഭാരതത്തിൽ ബുദ്ധദേവന്റെ കാലത്തുതന്നെ ഇതു കാണുന്നുണ്ടു്. അദ്ദേഹം സ്ഥാപിച്ച മഹത്തായ മതത്തിൽ അടങ്ങിയിരിക്കുന്നതു് മനുഷ്യവൎഗ്ഗസേവനവും, അപരിമിതമായ പ്രേമവും, നന്മയിലുള്ള സുദൃഢവിശ്വാസവും മനുഷ്യസ്വാതന്ത്ര്യവുമാണു്. അദ്ദേഹം ഐഹികജീവിതത്തെ ത്യജിച്ചപ്പോൾ, "എല്ലാം രാജാവിനു നൽകുക; തിരിച്ചുവരുന്നതുവരെ തന്നെ മറക്കുവാൻ സിദ്ധാൎത്ഥൻ പ്രാൎത്ഥിക്കുന്നു എന്നു് പറയുക" എന്ന സന്ദേശമാണു് തന്റെ ദൂതൻ വശം പിതാവിനയച്ചുകൊടുത്തതു്. രാജൎഷിയായിരുന്ന അശോകൻ ദുഃഖിതരുടെ സംരക്ഷണത്തിനു വേണ്ടി ഇൻഡ്യയുടെ വിവിധഭാഗങ്ങളിലും ഏൎപ്പെടുത്തിയ സ്ഥാപനങ്ങൾ എന്തിനെയാണു് സൂചിപ്പിക്കുന്നതു്.? സേവനത്തെയല്ലേ.? മനുഷ്യജീവിതം മാത്രമല്ല, ഇതരജീവികളുടെ ജീവിതവും ആ യശശ്ശരീരനായ വീരസാമ്രാട്ടിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിരുന്നു. പുരാതനരാജൎഷികളും ഇതരജീവികളോടു് പ്രേമവും കാരുണ്യവുമുള്ളവരായിരുന്നു. അന്നു് അഹിംസ എന്നുള്ളതു് മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല, ഇതരജീവികളുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളവും അനുഷ്ഠിച്ചിരുന്നു. ഇങ്ങനെ പുരാതനകാലം മുതല്ക്കുതന്നെ ഭാരതം സേവനവൃത്തിയിൽ അത്യുത്തമമായ ഒരു സ്ഥാനം വഹിച്ചിരുന്നു എന്നു് സ്പഷ്ടമായല്ലോ. എന്നാൽ ഇന്നു് നമ്മുടെ കഥ എത്രയും പരിതാപകരം തന്നെ. പുരാതനമഹൎഷികളുടെ സന്താനങ്ങളായ നമുക്കു് ഇതു അഭിലഷണീയമായിട്ടുള്ള ഒന്നല്ല.

സമുദായസേവനം ആവശ്യമാണ് എന്നു പറഞ്ഞാൽ സമുദായത്തിൽ ദോഷങ്ങൾ ഉണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അവയിൽ ചിലതു് എന്തെല്ലാമാണെന്നു നോക്കാം. ഇന്നു നമ്മുടെ സമുദായത്തിൽ കാണുന്ന ഒരു പ്രധാനദോഷം അജ്ഞതയാണ്. മററുദോഷങ്ങൾക്കുള്ള കാരണവും ഈ അജ്ഞത തന്നെയാണ്. അജ്ഞരായ ഗ്രാമീണർ വഞ്ചകന്മാരുടെ ഇരയായിത്തീരുന്നു. അവർ കഴുതയെപ്പോലെ മററുള്ളവർ പറയുന്നതു പ്രവൎത്തിക്കുന്നു. ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ, വൈദ്യന്മാർ, പുരോഹിതന്മാർ, കുസീദകന്മാർ മുതലായവർ അവരെ ഏതെല്ലാം തരത്തിലാണ് മൎദ്ദിക്കുന്നതു്.? ഈ അവസരത്തിൽ സമുദായസേവകൻ തന്റെ ജോലിക്കു് വിദ്യാഭ്യാസത്തെ പ്രധാനഉപകരണമായി സ്വീകരിക്കാവുന്നതാകുന്നു. സാധുക്കളായിട്ടുള്ളവൎക്ക് സ്കൂളുകളുടേയും കലാശാലകളുടേയും ഗോപുരപ്രവേശനം സാദ്ധ്യമല്ല. ഗ്രാമങ്ങളിലും മററും നിശാപാഠശാലകൾ മുതലായവ സ്ഥാപിക്കുക. ആദ്യം പരാജയം നേരിട്ടാലും നിരാശരാകരുതു്. അതു് ഒരു സമുദായസേവകനു പററിയതല്ല. പരാജയം അയാളെ കീഴടക്കരുതു്. കൂലിവേലക്കാരായിട്ടുള്ളവരെ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുക. പകൽമുഴുവനും വേലചെയ്യുന്നവൎക്ക് ചില വിനോദങ്ങൾ ഏർപ്പെടുത്തുക. ഗ്രന്ഥശാലകൾ ഏർപ്പെടുത്തി പുസ്തകം വിതരണം ചെയ്യുക. വൎത്തമാനപ്പത്രങ്ങൾ പ്രചരിപ്പിച്ച് ലോകകാൎയ്യങ്ങൾ മനസ്സിലാക്കുക പണ്ടു് രാമായണം, ഭാരതം മുതലായ പുരാണങ്ങൾ രാത്രിസമയത്തു വായിക്കുന്നതിന് സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതു സാന്മാൎഗ്ഗികവും ആദ്ധ്യാത്മികവുമായ അഭ്യസനം നല്കിവന്നു. ഈ സ്ഥാപനങ്ങൾ സ്വഭാവരൂപവൽക്കരണത്തിൽ വളരെ സഹായമായിത്തീൎന്നിരുന്നു

സമുദായത്തിൽ കാണുന്ന വേറൊരു ദോഷം ദാരിദ്ര്യമാണ്. ഭരണാധികാരികളുടെ പട്ടികകൾ കൊണ്ടു യഥാൎത്ഥസ്ഥിതി മനസ്സിലാക്കുവാൻ പ്രയാസമാണെങ്കിലും ദാരിദ്ര്യദേവത എല്ലായിടത്തും വിളയാടുന്നുണ്ടെന്നുള്ളതിന് സംശയമില്ല. അതു് ജനങ്ങളുടെ ജീവശ്ശക്തിയെ നശിപ്പിക്കയാണു ചെയ്യുന്നതു്. ദാരിദ്ര്യദുഃഖത്തെ മുഴുവനും ഒന്നായി മാററുവാൻ സാധിക്കയില്ലെങ്കിലും അതിന്റെ വൎദ്ധനയെ തടയാവുന്നതാണ്. ക്ഷാമകാലത്തുതന്നെ പ്രവൎത്തിക്കാമെന്നു കരുതുന്നതു് വിഢിത്തമാണ്. ക്ഷാമത്തെ തടയുന്നതിനു വേണ്ട മുൻകരുതലുകൾ ചെയ്യുകയാണു വേണ്ടതു്. ഇന്നു ഭിക്ഷുക്കൾക്കു മററും അരിയായിട്ടും ചോറായിട്ടും ഭിക്ഷ നല്കുന്ന ഒരു ഏർപ്പാടുണ്ടു്. അതു അവൎക്ക് രക്ഷയുമാണ്. എന്നാൽ വ്യക്തിക്കു് ഇത്രത്തോളമേ ഔദാൎയ്യം കാണിക്കാവു എന്നുണ്ടു്. അതുകൊണ്ടു സംഘടിതമായ ഒരു പ്രവൎത്തനപദ്ധതിയാണ് ഏർപ്പെടുത്തേണ്ടതു്. സമുദായസേവകൻ, യാചനയുടെ അധമത്വം ചൂണ്ടിക്കാണിച്ച് പ്രയത്നമാഹാ

ത്ത്യം മനസ്സിലാക്കിക്കൊടുക്കണം. ഇതും വിദ്യാഭ്യാസംകൊണ്ടേ സാധിക്കൂ. എഴുത്തും വായനയും പഠിപ്പിക്കുന്നതുകൂടാതെ ഓരോ തൊഴിൽകൂടി പരിശീലിപ്പിക്കുക. മിതവ്യയശീലവും ലഘുജീവിതവും അവരെ മനസ്സിലാക്കുക. മദ്യപാനത്തിൻെറ ദോഷങ്ങൾ മനസ്സിലാക്കി അതിൽനിന്നും പിൻതിരിക്കുക. ഇങ്ങനെയെല്ലാം ചെയ്താൽ അവരുടെ ദാരിദ്ര്യദുഃഖം ശമിപ്പിക്കുവാൻ കഴിയുന്നതാണ്.

സമുദായത്തെ ബാധിക്കുന്ന വേറൊരു ദോഷം രോഗമാണ്. ഇതു് ദാരിദ്ര്യം, മദ്യപാനം, ആരോഗ്യനിയമങ്ങൾ അനുസരിക്കാതിരിക്കുക മുതലായവയിൽനിന്നാണ് ഉണ്ടാകുന്നതു്. ശുദ്ധജലം, ശുദ്ധവായു, ശുദ്ധഭക്ഷണം ഇവയാണ് ആരോഗ്യനിയമങ്ങൾ. ഈ നിയമങ്ങൾ നിശാപാഠശാലകളിലും പ്രസംഗപീഠങ്ങളിലും വച്ച് സമുദായസേവകൻ കുട്ടികളെ പഠിപ്പിക്കണം. നിത്യജീവിതം തന്നെ ഈ നിയമങ്ങളെ അനുസരിച്ചു വേണമെന്ന് മതം അവരെ പഠിപ്പിക്കുന്നുണ്ട്. പക്ഷെ അതനുസരിച്ച് പ്രവത്തിക്കുന്നില്ലെന്നേയുള്ളൂ. രാജപദവി ലഭിച്ചാൽതന്നെ ആരോഗ്യമില്ലെങ്കിൽ ജീവിതംകൊണ്ട് എന്തു പ്രയോജനമാണുള്ളതു്.? മുൻപറഞ്ഞ ആരോഗ്യനിയമങ്ങൾക്കനുസരിച്ചു ജീവിക്കുന്നതിനെന്താണ് പ്രയാസം.? പൊതുസ്ഥലങ്ങളിലുള്ള കിണറുകൾ പലരും മലിനമാക്കുന്നതു നാം കാണാറുണ്ട്. ചിലർ അജ്ഞതകൊണ്ടും, മററു ചിലർ അറിവുണ്ടായിട്ട് മനഃപ്പൂർവ്വമായും മലിനപ്പെടുത്തുന്നു. അജ്ഞരായിട്ടുള്ളവരെ ഉപദേശിക്കുക. മനഃപ്പൂർവ്വമായി കിണറുകൾ മലിനമാക്കുന്നവർ അതിൽനിന്നും പിൻതിരിഞ്ഞില്ലെങ്കിൽ അധികാരസ്ഥാനങ്ങളിൽ അറിയിച്ചു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുക. ഇങ്ങനെ പൊതുസ്ഥലങ്ങളിലുള്ള കിണറുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതു് സമുദായസേവകൻെറ ചുമതലയാണ്. ഇപ്രകാരം ആരോഗ്യനിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ പഠിപ്പിക്കുകയാണെങ്കിൽ രോഗം തടയാവുന്നതാണ്. രോഗം ബാധിച്ചാൽ അവരെ ആശുപത്രികളിൽ കൊണ്ടുപോകുക, അവക്ക് മരുന്നു വാങ്ങി കൊടുക്കുക, ഗൃഹവും പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ ഉപദേശിക്കുക മുതലായവ ഒരു സമുദായസേവകൻെറ ചുമതലകളാണ്.

ഇനി നാം പരിഹരിക്കേണ്ടതായിട്ടുള്ള വേറൊരു ദോഷം ഒരു പൌരൻ എന്ന നിലയിലുള്ള അവകാശങ്ങൾ, ചുമതലകൾ, ഉത്തരവാദിത്വം മുതലായവയെപ്പററിയുള്ള ബോധരാഹിത്യത്തെയാണ്. നമ്മുടെ രാജ്യം ഭരണസംബന്ധമായ ഒരു പരിവത്തനദശയിൽകൂടി തരണംചെയ്യുകയാണ്. കൂടുതൽ രാഷ്ട്രീയാവകാശങ്ങൾ ലഭിച്ചുവരുന്നു. ഒരുപക്ഷെ അടുത്ത ഭാവിയിൽതന്നെ ഭരണം മുഴുവനും നാം വഹിക്കേണ്ടതായി വരും.

വോട്ടവകാശം തന്നെ കൂടുതൽപേർക്കു ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഈ സമ്മതിദായകന്മാർ അവരുടെ ഈ വിലയേറിയ അധികാരത്തെ ദുരുപയോഗപ്പെടുത്തിക്കളയുന്നു. അജ്ഞരായ പലർക്കും ഈ അവകാശത്തിന്റെ പ്രാധാന്യം അറിഞ്ഞുകൂടാ. എത്രപേരാണു പണത്തെയും ശുപാർശയെയും ജാതിമതാദികളെയും പരിഗണിച്ച് ഈ അധികാരത്തെ ദുർവിനിയോഗിക്കുന്നത്. ഇവിടെയും സമുദായസേവകന്റെ ചുമതല വിദ്യാഭ്യാസം നൽകുകയാകുന്നു. ഓരോ പൗരനും രാജ്യത്തിലുള്ള അവകാശങ്ങളും രാജ്യത്തോടുള്ള ചുമതലകളും അറിഞ്ഞിരിക്കേണ്ടതാണ്. അതിനുവേണ്ട അഭ്യസനം നൽകണം. ഓരോ സമ്മതിദായകന്റേയും ചുമതലകളെയും ഉത്തരവാദിത്വത്തേയും മനസ്സിലാക്കിക്കൊടുക്കുക.

അനാചാരധ്വംസനമാണ് സമുദായസേവകന്റെ ദൃഷ്ടിയിൽ പെടേണ്ട വേറൊരു വിഷയം. ഏതു സമുദായത്തിലും അനാചാരങ്ങൾ കാണുന്നതാണ്. ഒരു കാലത്ത് ഇവ സമുദായത്തിനു ഗുണം ചെയ്തിട്ടുണ്ടെങ്കിൽതന്നെ ഇപ്പോൾ ദോഷഹേതുകമാണെങ്കിൽ അവ ഉപേക്ഷിക്കതന്നെ വേണം. ഒരനാചാരം എത്ര പഴക്കമുള്ളതായാലും സദാചാരമാകയില്ല. അയിത്തം മുതലായി സമുദായശരീരത്തെ ബാധിച്ചിരിക്കുന്ന അനാചാരങ്ങൾ ധ്വംസിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. സമുദായത്തിലെ വ്യക്തികൾ ഇതിനു സന്നദ്ധരല്ലെങ്കിൽ അവർക്കുവേണ്ട അഭ്യസനം നൽകി, അതിന്റെ ആവശ്യം അവരെ മനസ്സിലാക്കണം.

സേവനം മനസ്സിനെ പരിശുദ്ധമാക്കുന്നു. സമുദായസേവനത്തിൽനിന്നും ലഭിക്കുന്ന ആദ്ധ്യാത്മികമായ സ്വാധീനശക്തി എത്രയും മഹത്തായ ഒന്നാകുന്നു. അതു നമ്മുടെ മനസ്സിനെ വിശാലമാക്കുന്നു. ജാതീയമൊ വർഗ്ഗീയമൊ ആയ വ്യത്യാസങ്ങളെ നശിപ്പിച്ച് സമത്വം സ്ഥാപിക്കുന്നു. വലിയവനെന്നൊ എളിയവനെന്നൊ ഉള്ള ഭേദത്തെ ഇല്ലാതാക്കുന്നു. നമ്മുടെ രാജ്യത്ത് ഇന്നു സേവനം അത്യാവശ്യമായിരിക്കുന്നു. അതിന് ഒരു സമുദായസേവനസമിതി രൂപവൽക്കരിക്കണം. വിദ്യാർത്ഥികളുടെ ഒരു സമുദായസേവനസമിതി അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിൽ ആരംഭിക്കാവുന്നതാണ്. ഇന്നത്തെ സ്കൗട്ട് പ്രസ്ഥാനത്തിന്റെ ഒരു പ്രധാനോദ്ദേശവും ഇതുതന്നെ. ത്യാഗം-സ്വാർത്ഥപരിത്യാഗമാണ് ഇൻഡ്യയുടെ ആദർശം. ത്യാഗമൂർത്തികളായ പുരാതനമഹർഷിമാരുടെ സന്താനങ്ങളാണ് നാം എന്നു ഓർമ്മിക്കേണ്ടതാണ്.

# സമുദായങ്ങളും സമത്വവും മത്സരവും

(ആർ. ഈശ്വരപിള്ള ബി.എ.)

ഈ ശതാബ്ദത്തിന്റെ ഒരു പ്രധാനലക്ഷണം, മനുഷ്യരുടെ ഇടയിലുള്ള സമത്വവാദമാണെന്നു് ഒരു സൂക്ഷ്മജ്ഞനായ നിരീക്ഷകനു കാണാവുന്നതാണു്. പൂർണ്ണസ്വാതന്ത്ര്യമാണു് ഇന്നു എല്ലാവരുടേയും പരമലക്ഷ്യം. സമത്വവാദം അതിന്റെ ഒരു വകഭേദമാണെന്നു മാത്രമെയുള്ളു. പരാധീനത എന്നുള്ളതു് ഇന്നു മനുഷ്യർക്കു് ഏററവും ദുസ്സഹവും അനാസ്വാദ്യവുമായ ഒരവസ്ഥയാണു്. ഇങ്ങനെയുള്ള ഒരു ചിത്തവൃത്തിയോടുകൂടിയാണു് ഇന്നു വ്യക്തികളും സമുദായങ്ങളും അന്യോന്യം സദാ വീക്ഷിക്കുന്നതും, ചിലപ്പോൾ മത്സരിക്കുന്നതും, ഇടയ്ക്കിടെ കലഹിക്കുന്നതും.

ഇന്നു ലോകത്തിൽ കാണുന്ന അവസ്ഥയ്ക്കു മിക്കവാറും ഉത്തരവാദിത്വം വഹിക്കുന്നതു് ഈ മനോഭാവംതന്നെയാണു്. സമുദായസമത്വം ഒരുത്തമമായ ആദർശവും ഒരു കാമ്യമായ ലക്ഷ്യവുമാണെങ്കിലും അതിന്റെ പ്രാപ്തിയെ തടയുന്നതായ പല പ്രായോഗികപ്രതിബന്ധങ്ങളും ഇല്ലാതില്ല. ലോകാരംഭം മുതൽക്കുതന്നെ ഭിന്നങ്ങളും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളുമായ മാർഗ്ഗങ്ങളേയും ആദർശങ്ങളേയും അവലംബിച്ചു് അന്യോന്യസങ്കരത്തെ അസൂയാപൂർവ്വം വർജ്ജിച്ചും പലവിധമായ അസമത്വങ്ങളോടുകൂടിയും വളർന്നുവന്ന വിവിധസമുദായങ്ങൾ സമത്വത്തെ പ്രാപിക്കുകയെന്നുള്ളതു് അത്ര സുസാദ്ധ്യമാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യർ പ്രത്യേകസമുദായങ്ങളായി വേർതിരിയുവാനുള്ള കാരണങ്ങൾതന്നെ ദൃഢമൂലങ്ങളാകയാൽ അവ അത്ര എളുപ്പത്തിൽ പരിഹരിക്കത്തക്കവയാണെന്നു തോന്നുന്നില്ല. അവ മിക്കവാറും മനുഷ്യരുടെ വികാരങ്ങളോടും ജീവിതരീതിയോടും വിശ്വാസത്തോടും സുദൃഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ഇവയെ അവയിൽനിന്നു വേർപെടുത്തുക എന്നുള്ളതു് അല്പം പ്രയാസമായിട്ടുള്ള കാര്യമാണു്.

വംശം, മതം, ആചാരം, ആദർശം, വർണ്ണം, പരിതസ്ഥിതി ഇവയുടെ വ്യത്യാസമാണു് മനുഷ്യരെ പ്രത്യേകസമുദായങ്ങളായി വേർതിരിക്കുന്നതിൽ പ്രവർത്തിച്ചിട്ടുള്ള പ്രധാനകാരണങ്ങൾ. ഇവ നിർമ്മിച്ചിട്ടുള്ള സമുദായസീമകളെ—അഥവാ, പ്രാകാരങ്ങളെ—തട്ടി നിരപ്പാക്കിത്തീർക്കുന്നതു് ഒട്ടും എളുപ്പമായിട്ടുള്ള ഒരു കാര്യമല്ല. വംശവ്യത്യാസം ആദ്യം കേവലം യാദൃച്ഛികമായ ഒരു വിഭജനകാരണമായിരുന്നുവെങ്കിലും അതു കാലക്രമേണ പ്രബലപ്പെട്ടു് മനുഷ്യർതമ്മിലുള്ള അകൽച്ചയ്ക്കും ഇന്നു കാണുന്ന വർഗ്ഗീ

യസ്പർദ്ധക്കും മററും പ്രധാനകാരണമായി ഭവിച്ചിട്ടുണ്ട്. പല പരിഷ്കൃത സമുദായങ്ങളും ഈ വാസ്തവത്തെ ഭാവംകൊണ്ടും വാക്കുകൊണ്ടും അല്പാല്പം ആച്ഛാദനം ചെയ്യുന്നതിന്നു ശ്രമിക്കാറുണ്ടെങ്കിലും ഗൗരവതരങ്ങളായ അവസരങ്ങൾ നേരിടുമ്പോൾ ഈ സംകുചിതമായ മനോവൃത്തി അതിന്റെ നഗ്നരൂപത്തിൽതന്നെ പ്രത്യക്ഷപ്പെടുന്നതു് ഒട്ടും അസാധാരണമല്ല. പല സീമാന്തരേഖകളും കാലപര്യയംകൊണ്ടു് തേഞ്ഞുമാഞ്ഞുപോകുന്നതായി കാണപ്പെടുന്നുണ്ട്. എന്നാൽ അന്യോന്യം പാർശ്വതഃവസിക്കുന്ന പല ഭിന്നസമുദായങ്ങളും അനേകവർഷശതങ്ങൾ അവയുടെ മീതെ കടന്നുപോയിക്കഴിഞ്ഞിട്ടും, അവ തമ്മിലുള്ള വിഭജനരേഖ മാഞ്ഞുപോയിട്ടില്ലെന്നുതന്നെയല്ല, അവ പൂർവ്വാധികം സ്ഥൂലങ്ങളായും തീർന്നിട്ടുണ്ട്.

സമുദായങ്ങൾതമ്മിൽ കൂടക്കൂടെ ഉണ്ടാകുന്ന മത്സരകലഹാദികൾക്കൊക്കെയും വർഗ്ഗീയദുരഭിമാനമാണ് പ്രായേണ ഉത്തരവാദിത്വം വഹിക്കുന്നതു്. സമുദായങ്ങൾ തമ്മിൽ സമത്വഭാവം ഉണ്ടാകണമെങ്കിൽ വർഗ്ഗീയചിന്തയെ കവിഞ്ഞുനില്ക്കുന്ന ഒരു വിശാലമനസ്ഥിതി മനുഷ്യരിൽ അവശ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. ലോകത്തിൽ ഉണ്ടായിട്ടുള്ള സമരങ്ങളുടേയും മററു ഘോരസംഭവങ്ങളുടേയും കാരണാന്വേഷണം ചെയ്യുന്നതായാൽ അതു് ഒരുവിധം അല്ലെങ്കിൽ മറെറാരുവിധം വർഗ്ഗീയസ്പർദ്ധയിൽ ചെന്നവസാനിക്കുന്നതായി കാണുമെന്നുള്ളതിന്നു് തർക്കമില്ല. പല സമുദായങ്ങളും ഇതരസമുദായങ്ങൾ തങ്ങളേക്കാൾ താണനിലയിൽ ഉള്ളവയാണെന്നു വിചാരിച്ചുവരുന്നുണ്ട്. ഈ വിചാരവും സമുദായസമീകരണത്തിനു് പ്രതികൂലമായിട്ടുള്ള ഒരു ശക്തിയാണ്. വംശവ്യത്യാസം സാമുദായികസമത്വവിഷയത്തിൽ ഇപ്രകാരമാണ് വ്യാപരിക്കുന്നതെങ്കിൽ, മതവ്യത്യാസം ഇതേക്കാൾ എത്രമാത്രം ശക്തിമത്തായ വിധത്തിൽ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഏറെക്കുറെ ഊഹിക്കാവുന്നതാണ്.

മതത്തേപ്പോലെ ലോകത്തിൽ മനുഷ്യവർഗ്ഗത്തെ അന്യോന്യം കലഹിപ്പിക്കവും, ഹിംസിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ ഇത്രത്തോളം ശക്തിമത്തായി പ്രവർത്തിക്കുന്ന മറെറാരു ശക്തിയും ഉണ്ടെന്നു തോന്നുന്നില്ല. ലോകചരിത്രം മുന്നോട്ടും പിന്നോട്ടും എത്ര തവണതന്നെ വായിച്ചുനോക്കിയാലും ഈ ഒരു പരമാർത്ഥംതന്നെ എവിടേയും സ്ഥൂലിച്ചു തെളിഞ്ഞുനില്ക്കുന്നതായി കാണാവുന്നതാണ്. മതത്തിന്റെ നാമത്തിൽ മനുഷ്യൻ അന്യോന്യം എന്തെല്ലാം ഘോരകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്നു സൂക്ഷ്മബുദ്ധിയുള്ള ഏതു ചരിത്രാദ്ധ്യേതാവിന്നും അറിയാവുന്നതാണ്. വംശാഭിമാനത്തേക്കാൾ എത്രയോ മടങ്ങു ശക്തിയോടുകൂടിയാണ് മതാഭിമാനം മനുഷ്യവികാരത്തെ ചലിപ്പിക്കുന്നതു്. മതസംബന്ധമായ തർക്കങ്ങൾ നേരിടുമ്പോൾ മനുഷ്യർ സാഹസികന്മാരായി അന്യോന്യം ഗളച്ഛേദം ചെയ്യുന്നതിന്നും മ

ടിക്കുന്നില്ല. ഇതിനു കാരണം എന്തായിരിക്കാം? മതവിശ്വാസം സാമാന്യജനതയെ സംബന്ധിച്ചു മിക്കവാറും യുക്തിയെകവിഞ്ഞു കേവലം വികാരപരമായ ഒരു മനോവൃത്തിയാണ്. എല്ലാ മതങ്ങളുടേയും മൂലതത്വത്തെ സൂക്ഷ്മബുദ്ധ്യാ ചിന്തിച്ചു ഗ്രഹിച്ചിട്ടുള്ളവർ ഇപ്രകാരമുള്ള പരമതാസഹിഷ്ണതയെ പ്രകാശിപ്പിക്കയില്ല. എന്നാൽ ഇത്തരക്കാർ വളരെ കുറച്ചേയുള്ളു.

മതസിദ്ധാന്തങ്ങളെ യഥാവൽഗ്രഹിക്കാതെയും, അവയുടെ ബാഹ്യാംശങ്ങളായ മൂലതത്വത്തോടുബന്ധമില്ലാത്തവയായ സംഗതികളെയും അന്ധവിശ്വാസങ്ങളെയും മററും മുറുകി പിടിച്ചുകൊണ്ടുമാണ് സാമാന്യജനങ്ങൾ ഇതരസമുദായങ്ങളോടു മല്ലിടാൻ പുറപ്പെടുന്നതു്. മനുഷ്യർക്കു് പൂർണ്ണസ്വാതന്ത്ര്യം വല്ലതിലും വേണ്ടതാണെങ്കിൽ അതു് ആത്മീയവിശ്വാസവിഷയത്തിലാണ്. എന്നാൽ പ്രായേണ മനുഷ്യർ ഈ വിഷയത്തിലാണ് പരാഭിപ്രായത്തിൽ ക്രമാതീതമായ അസഹിഷ്ണുതയെ പ്രദർശിപ്പിക്കുന്നതു്. ആചാരവിഷയത്തിലും സമുദായങ്ങൾതമ്മിൽ വലിയ അസമത്വം ഉണ്ടു്. ആചാരങ്ങൾ മിക്കവയും മതമാകുന്ന അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടവയാണ്. ജാതിവ്യത്യാസത്തിന്മേൽ സ്ഥാപിക്കപ്പെട്ടവയും ഒട്ടും കുറവല്ല. എന്നാൽ ഒരു മതത്തിൽതന്നെ പല സമുദായവിഭാഗങ്ങൾ ഉള്ളതുകൊണ്ടു് ആ വിഭാഗങ്ങളുടേയും ആചാരങ്ങൾ പ്രായേണ വ്യത്യസ്തപ്പെട്ടിരിക്കുന്നതാണ്. എന്നാൽ ആചാരവ്യത്യാസം സമുദായങ്ങളെ യോജിപ്പിക്കാതെ അകററിനിർത്തുന്നുവെന്നല്ലാതെ മതവ്യത്യാസത്തെപ്പോലെ പരസ്പരവൈരഹേതുകമായി ഭവിക്കുന്നില്ല.

ജാത്യഭിമാനവും സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനും, അകൽച്ചയുണ്ടാക്കുന്നതിനും ഇടയാക്കുന്ന ഒരു കാരണമാണ്. "ജാതിസ്പർദ്ധയും" വർഗ്ഗീയസ്പർദ്ധയെപ്പോലെ തന്നെ വിഷദൂഷിതമായ ഒരു ചിത്തവൃത്തിയാണ്. ഇവിടേയും മനുഷ്യർ യുക്തിയേയല്ല വികാരങ്ങളേയാണ്, പ്രധാനമായി അവലംബിക്കുന്നതു്. "താണജാതി"യെന്നും "ഉയർന്നജാതി"യെന്നും ഉള്ള ശബ്ദങ്ങൾ മനുഷ്യരിൽ എന്തെല്ലാം തിക്തങ്ങളും, അനാശാസ്യങ്ങളുമായ മനോവികാരങ്ങളെ ജനിപ്പിക്കുന്നു എന്നു പറവാൻ പ്രയാസമാണ്. ജാതിവിഭാഗം ആരംഭത്തിൽ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി സങ്കല്പിച്ചിട്ടുള്ള ഒരു വ്യത്യാസമായിരുന്നുവെങ്കിലും കാലാന്തരത്തിൽ അതു ദുഷിച്ചു്, സാമുദായികോൽക്കർഷാപകർഷങ്ങളുടെ ചിഹ്നമായി പരിണമിച്ചു്, ജനങ്ങളിൽ ഒട്ടധികം സ്വൈരക്കേടുകൾക്കിടയാക്കിത്തീർത്തിട്ടുണ്ടെന്ന് അനുഭവംകൊണ്ടു് നമുക്കറിയാമല്ലൊ. പല സമുദായങ്ങളും പരിതസ്ഥിതികളുടെ അപ്രതിഹതമായ ശക്തികൊണ്ടു വളരാനും ഉയരാനും നിവൃത്തിയില്ലാതെ മുരണ്ടും ദുഷിച്ചും പാരതന്ത്ര്യത്തിൽതന്നെ കഴിച്ചുകൂട്ടുന്നും ഉ

ണ്ട്. എന്നാൽ ഇക്കൂട്ടരും കാലശക്തിക്കധീനരായി, മുക്തഹസ്തന്മാരായി ഇതിന് ഹേതുഭൂതരായ ഇതരസമുദായങ്ങളെ പിഴച്ചുംകൊണ്ട് ഉൽക്കർഷ സോപാനത്തിൽ കാൽവച്ചിരിക്കുകയാണ്. സമുദായസമത്വമാണ് ഇവയുടേയും പരമലക്ഷ്യം. വിദ്യാഭ്യാസവും തന്മൂലമുണ്ടാകാവുന്ന സംസ്കാരവും അല്പംപോലും ആസ്വദിക്കാതെ പല സമുദായങ്ങളും പുരാതനസ്ഥിതികളിൽ തൃപ്തിപ്പെട്ട് വളരെക്കാലം വർത്തിച്ചിരുന്നു. ഈ കൂട്ടരും ഇപ്പോൾ ഉയർന്നവരെന്നു ഗണിക്കപ്പെട്ടിരുന്ന സമുദായങ്ങളോട് സമത്വം ലഭിക്കാൻ തീവ്രയത്നം ചെയ്തുവരികയാണ്. ഈ വക കാരണങ്ങൾകൊണ്ട് സമുദായങ്ങളും അന്യോന്യം മൈത്രീഭാവം സമ്പാദിക്കാൻ സാധിക്കാതെ മത്സരീഭാവത്തെ അവലംബിച്ച് വർത്തിക്കേണ്ടിയിരിക്കുന്നു.

ആദർശവ്യത്യാസവും സമുദായങ്ങളെ പലപ്പോഴും ഭിന്നിപ്പിക്കുന്നതിന് കാരണമായി ഭവിക്കുന്നുണ്ട്. ആദർശങ്ങൾ ഉത്തമങ്ങളും, മദ്ധ്യമങ്ങളും, അധമങ്ങളുമായി കാണപ്പെടുന്നു. ഇവയെ വരിക്കുന്ന സമുദായങ്ങളുടെ സ്ഥിതിയും ഇപ്രകാരം തന്നെയാണ്. ഇപ്രകാരം ഭിന്നാദർശങ്ങളുള്ള സമുദായങ്ങൾതമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതു് സാദ്ധ്യമല്ല. ഉൽകൃഷ്ടാദർശങ്ങളെ വരിച്ചിട്ടുള്ള സമുദായങ്ങളാണ് ഇന്നു ലോകത്തിൽ ഉയർന്നുനില്ക്കുന്നതായി കാണപ്പെടുന്നതു്. നേരെ മറിച്ച് അധമാദർശങ്ങൾ സ്വീകരിച്ചിട്ടുള്ളവ സമുദായശ്രേണിയുടെ താഴത്തെ പടിയിൽതന്നെ നില്ക്കുന്നതേയുള്ളു. ഇവ തമ്മിൽ സമത്വഭാവം അസ്ഥാനത്തിലാണെന്ന് പറയേണ്ടതില്ലല്ലോ.

പല സമുദായരൂപങ്ങളും അവയുടെ പരിതഃസ്ഥിതി നൽകിയ വിദ്യാഭ്യാസാദിസൗകര്യങ്ങളെ സ്വാധീനമാക്കി ഉന്നതസ്ഥാനം പ്രാപിച്ചു കാണുന്നു. മററുചിലവ അവയെ തീരെ ഉപേക്ഷിച്ചും, ഏറക്കുറെ അവഗണിച്ചും യാഥാസ്ഥിതികത്വം അവലംബിച്ചും ഉൽഗതിയില്ലാതെയും വർത്തിച്ചുവന്നു. ഇവർ പലരും സുഷുപ്തോത്ഥിതരായ് ഇപ്പോഴാണ് കണ്ണുതുറന്നു ചുററും നോക്കാൻ തുടങ്ങിയതു്. ഇങ്ങിനെയുള്ള അസമത്വങ്ങൾ ഉടനടി തീർക്കാവുന്നതല്ല. സ്ഥൈര്യത്തോടുകൂടിയുള്ള ചിരകാലപ്രയത്നം കൊണ്ടു മാത്രമെ ഇവിടെ സമത്വം സാധിക്കയുള്ളു. ഇവിടെ മത്സരത്തേക്കാൾ അന്യോന്യസഹകരണമാണ് അധികം ഫലപ്രദമായിട്ടുള്ളതു്. എല്ലാ വിഷയത്തിലും സമുദായങ്ങളെല്ലാം സമത്വനിലയിൽ എത്തുകയെന്നുള്ളതു്, വംശം, മതം, ആചാരം, ആദർശം, ജാതി, വിദ്യാഭ്യാസസ്ഥിതി, പരിഷ്കാരം ഇവ ഭിന്നങ്ങളായി വരുന്നിടത്തോളം കാലം കേവലം കൃഛ്റസാദ്ധ്യമൊ അഥവാ അസാദ്ധ്യമൊ ആയിത്തന്നെ ഇരിക്കാനെ തരമുള്ളു.

വിവിധസമുദായങ്ങളും ഭിന്നതകളെ വിട്ടു ഏകീകരിക്കപ്പെടുന്നതായ ലോകത്തിൻെറ ഒരു 'ശുക്രദശ' ആരംഭിക്കുന്നതിന് ഇനിയും ഒട്ടേറെ

താമസം ഉണ്ടെന്നാണ് തോന്നുന്നത്. മനുഷ്യവർഗ്ഗത്തിൻെറ ഇന്നത്തെ ബുദ്ധിയുടെ പ്രവണത നോക്കുമ്പോൾ അങ്ങിനെ ഒരു കാലം വരുമെന്നുതന്നെ വേണം ഊഹിക്കുവാൻ. എന്നാൽ പൗരാവകാശവിഷയത്തിലും ഉദ്യോഗസമ്പാദനത്തിലും മററും ഉൽകൃഷ്ടവിദ്യാഭ്യാസപരമായ പരിശ്രമം കൊണ്ട് ഒരുവിധം സമുദയസമത്വം സാധിക്കുവാൻ കഴിയുന്നതാണ്. ഇവയിലാണിന്നു മിക്ക സമുദായങ്ങളുടേയും ശ്രദ്ധ പതിഞ്ഞുകാണുന്നത്. ഉൽകൃഷ്ടവിദ്യാഭ്യാസം മൂലം സിദ്ധിക്കാവുന്ന വിശാലമനസ്കതയും, വിസ്തൃതമായ ലോകാവലോകനശീലവും മനുഷ്യർക്കുണ്ടായാൽ ഇന്നു പ്രത്യക്ഷമായി കാണുന്ന സമുദായസ്പർദ്ധയും മത്സരവും വളരെ കുറഞ്ഞു് ഒരുവിധം സൗഹാർദ്ദം വന്നുകൂടുവാനിടയുണ്ട്.

ഭാരതത്തിലെ ഭിന്നവർഗ്ഗങ്ങളും, വിവിധസമുദായങ്ങളും, ഭരണസ്വാതന്ത്ര്യലബ്ധിയെ ഉദ്ദേശിച്ച് അവയ്ക്കു അന്യോന്യം ഉണ്ടായിരുന്ന അവിശ്വാസങ്ങളേയും സംശയങ്ങളേയും ത്യജിച്ച് പരസ്പരം മൈത്രീഭാവത്തെ അവലംബിച്ചു വർത്തിച്ചുവരുന്നുവെന്നുള്ളതു് ഒരു ശുഭലക്ഷണമാണ്.

നാം വർഗ്ഗീയപദത്തിൽ നിന്നല്ല, മാനുഷപദത്തിൽനിന്നാണ് അന്യോന്യം വീക്ഷിക്കേണ്ടതു്. എന്നാൽ മാത്രമെ ലോകത്തിൽ ഏതെങ്കിലും മഹൽക്കാര്യങ്ങൾ സാധിക്കുവാൻ കഴിയൂ. ലോകം പ്രകൃത്യാ അസമത്വങ്ങൾകൊണ്ടു നിറഞ്ഞിരിക്കയാണ്. തന്മൂലം അതിൽ സമീകരണശക്തിയേക്കാൾ അസമീകരണശക്തിയ്ക്കാണ് കൂടുതൽ പ്രാബല്യം കാണുന്നതു്. ഇതിനും പുറമെ മനുഷ്യസൃഷ്ടിയായ മതം, ജാതി, ആചാരം, ആദർശം, വംശം, നിയമം, പരിതസ്ഥിതി മുതലായവ ഈ അസമത്വത്തെ വർദ്ധിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ ദിക്കിലും വിഷയത്തിലും സമത്വത്തെ പ്രതീക്ഷിക്കുന്ന മനുഷ്യൻ ഭഗ്നാശയനായിത്തീരാനെ തരമുള്ളു.

അസമത്വത്തിൽ സമത്വം കാണുകയും അതനുസരിച്ചു ഭാവിക്കയും ചെയ്യുന്ന മനുഷ്യൻതന്നെ ബുദ്ധിമാൻ. ഈ വാസ്തവം എല്ലാ സമുദായങ്ങളും ഓർമ്മിച്ചു പ്രവർത്തിച്ചാൽ സമുദായസമത്വം അചിരേണ സാധിക്കാവുന്നതാണ്.

"ആത്മവൽ സർവ്വഭൂതാനി
യഃ പശ്യതി സപശ്യതി"

# അദ്ധ്യക്ഷപ്രസംഗം

നായർസർവീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടന്ന വിദ്യാഭ്യാസസമ്മേളനത്തിൽ അദ്ധ്യക്ഷനായിന്ന ശ്രീമാൻ എ. കെ. പിള്ള ചെയ്ത ഒരു പ്രസംഗമാണ് താഴെ ചേക്കുന്നത്. ഈ പ്രസംഗത്തിൽ വിദ്യാഭ്യാസവിഷയം സംബന്ധിച്ച് നാം ചിന്തിക്കേണ്ട പല സാരമേറിയ സംഗതികളും അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് വായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ഈ പ്രസംഗം അർഹിക്കുന്നതാണ്.

(ഇ. പത്രാധിപർ)

പ്രിയസുഹൃത്തുക്കളെ!

വിദ്യാഭ്യാസവിഷയമായ പൊതുസംഗതികളെക്കുറിച്ചാലോചിക്കുവാനായി നാം ഇന്നിവിടെ കൂടിയിരിക്കുന്നു. സമുദായത്തിൻെറ ഗാഢമായ ശ്രദ്ധ സവിശേഷം പതിയേണ്ട ഒന്നുരണ്ടു മുഖ്യസംഗതികൾ ഞാൻ പ്രസ്താവിക്കാം. ഒന്നാമതു് പ്രാഥമികവിദ്യാഭ്യാസം സമാന്യമനുഷ്യന് അവൻെറ നിത്യജീവിതത്തിൽ പ്രയോജനമുള്ളതാക്കിത്തീക്കണം. എന്നിട്ടു വേണം സൗജന്യമാക്കുവാൻ. പ്രയോജനമില്ലാത്ത വിദ്യാഭ്യാസം സൗജന്യമാക്കിയതുകൊണ്ട് വിശേഷമില്ല. നിർബന്ധിതമാക്കിയാൽ അതു് ഒരുവക ക്രൂരതയുമാണ്. ഗോഖലയുടെ നിർബന്ധവിദ്യാഭ്യാസബിൽ പാസ്സാകാതെ പോയതിൽ അധികം ഖേദിപ്പാനില്ല. ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസത്തിൻെറ സാർവത്രികമായ പ്രചാരം രാജ്യത്തിന് ആപല്ക്കരമായിരിക്കും. ഇന്നു വിദ്യഭ്യാസം ലഭിച്ചവരുടെ ഇടയിൽ ഇതരന്മാരുടെ ഇടയിൽ ഉള്ളതിനേക്കാൾ തൊഴിലില്ലായ്മയും തൻനിമിത്തമുള്ള നിസ്സഹായസ്ഥിതിയും തുലോം അധികമായി കാണുമ്പോൾ അവക്കുണ്ടെന്നു പറയുന്ന വിദ്യാഭ്യാസത്തെപ്പററി എന്താണു വിചാരിക്കേണ്ടതു്. പള്ളിക്കൂടവും കുട്ടികളും വാദ്ധ്യാന്മാരും കൂടിച്ചേന്നാൽ വിദ്യാഭ്യാസമാകുമോ? കല്ലും കുമ്മായവും തടികളും ഒരു ഭാഗത്തുകൂട്ടിയാൽ അതു് ഗൃഹമാണെന്നാരും പറയുന്നില്ല. വാസയോഗ്യമായ ഒരു സ്ഥിതി വന്നാലെ ഗൃഹമെന്നു് പറയാവൂ. അതുപോലെ മനുഷ്യൻെറ, സവ്തോമുഖമായ വളച്ച് സഹായമായിരിക്കുന്നതേ വിദ്യാഭ്യാസമെന്ന പേരിനെ അർഹിക്കുന്നുള്ളു. ആ വളർച്ചക്ക് സഹായമല്ലാത്തതൊ പ്രതിബന്ധമായിരിക്കുന്നതോ ആയ വിദ്യാഭ്യാസം ഒരു കള്ളനാണയമാകുന്നു. വെടിപ്പായി നിത്യവൃത്തി കഴിക്കുവാൻ പോലും പാങ്ങില്ലാതെ കേവലം പരാധീനനാകേണ്ടിവരുന്ന അവസ്ഥയിങ്കൽ ഒരു മനുഷ്യൻെറ വളച്ച അസാദ്ധ്യമൊ അഥവാ അപൂണ്ണമൊ ആയിരിക്കുമെന്നു സ്പഷ്ടമല്ലെ? അതിനാൽ ജീവിതാദായധനത്തിൽ കായ്യക്ഷ

മമല്ലാത്ത വിദ്യാഭ്യാസം ശൂന്യവും നാമമാത്രവും ആകുന്നു. ഇതുകൊണ്ടാണ് സാഹിത്യപരമായ വിദ്യാഭ്യാസത്തിനു പകരം തൊഴിൽപരമായ വിദ്യാഭ്യാസം വേണമെന്ന് അറിവുള്ളവർ ആവശ്യപ്പെടുന്നതു്. ഇതു സർവ്വകലാശാലാവിദ്യാഭ്യാസത്തെ സംബന്ധിച്ചു പറയുന്നതല്ല.

തൊഴിൽപരമായ വിദ്യാഭ്യാസവും തൊഴിൽവിദ്യാഭ്യാസവും രണ്ടാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. തൊഴിൽപരമായ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഒരു പ്രത്യേക തൊഴിലിൽ സാമർത്ഥ്യം നൽകണമെന്നുള്ളതല്ല. പിന്നെയോ? പഠിപ്പിക്കാൻ തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ നിത്യജീവിതത്തോടു ബന്ധമുള്ളതായിരിക്കുക; ആ വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ ഒരു പ്രായോഗികഛായ്സ് നല്കുക; അങ്ങനെ ബാലികാബാലന്മാരിൽ അന്തർലീനമായി കിടക്കുന്ന വാസനാവൈഭവങ്ങളെ ഉദ്ദീപിപ്പിച്ചു പ്രകാശിപ്പിക്കുക,—എന്നീ വഴിക്കാണ് ഇപ്പോൾ പറഞ്ഞ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. കുട്ടികൾക്കു് നിത്യപരിചയമുള്ള വസ്തുക്കളേയും സാഹചര്യങ്ങളേയും ഉപകരണമാക്കി പാഠങ്ങൾ നല്കുന്നതുകൊണ്ട്, അവരുടെ വിദ്യാലയജീവിതം അവൎക്കനുഭവമുള്ള ഗൃഹജീവിതത്തിന് അന്യമായി വരുന്നില്ല. വിദ്യാഭ്യാസമൊ, ക്ലേശരഹിതവും ഉന്മേഷജനകവും ആയിത്തീരുന്നു. കുട്ടികളുടെ ബുദ്ധിവൈഭവവും കർമ്മകുശലതയും ഒരേസമയത്തു് പുഷ്ടിപ്പെടുകയും ചെയ്യുന്നു. കുട്ടികൾ പ്രകൃത്യാതന്നെ കരകൌശലപ്രിയരാണെന്നു് അവരുടെ പ്രവൃത്തികൾ സൂക്ഷിച്ചാൽ മനസ്സിലാകും. അതിനാൽ കരകൌശലപ്രധാനമായ ഒരു വിദ്യാഭ്യാസപദ്ധതിക്കു് സ്വാഭാവികത്വമേറുമെന്നുള്ള വിശേഷഗുണവും ഉണ്ടു്. ഇപ്പോഴത്തെ വിദ്യാഭ്യാസത്തോടു് സ്ഥായിയായി ചേർന്നുനില്ക്കുന്ന ക്ലിഷ്ടതയും കൃത്രിമഭാവവും ഒട്ടെങ്കിലും കുറയ്ക്കാൻവേണ്ടി 'കിൻഡർഗാർട്ടൻ' സമ്പ്രദായം ചില സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാം. ഈ പദത്തിൻെറ അർത്ഥം കുട്ടികളുടെ തോട്ടം എന്നാണ്. ആകർഷണീയമായ വസ്തുക്കൾവഴി ശിക്ഷണം നൽകുവാനായി ഈ സമ്പ്രദായം ഉദ്യമിക്കുന്നു. ഇതു് ശരിയായ തത്വമാണ്. എന്നാൽ വിദേശത്തുനിന്നും വിലയേറിയ കളിക്കോപ്പുകൾ വരുത്തി കൃത്രിമമായ ഒരു ബാലാരാമം നിർമ്മിക്കേണ്ട ആവശ്യമെന്തു്.? അതിനേക്കാൾ എത്ര മടങ്ങു ബുദ്ധിപൂർവ്വവും പ്രയോജനമുള്ളതുമാണ് പ്രകൃതിവിലാസമുള്ള ഒരു സാക്ഷാൽ തോട്ടം ഓരോ വിദ്യാലയത്തോടു് ചേർന്നുണ്ടായിരിക്കുന്നതു്. ജർമ്മനി, സ്വീഡൻ, അമേരിക്കാ എന്നീ രാജ്യങ്ങളിൽ എല്ലാ പ്രാഥമികവിദ്യാലയങ്ങളോടും ചേർന്നു് വൊർക്ക്ഷാപ്പൊ തോട്ടമൊ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. വിദ്യാലയംവക കൃഷിത്തോട്ടം ചുറ്റുമുള്ള കർഷകന്മാർക്കുകൂടി സാധനപാഠമായിരിക്കുമാറു് അത്ര കാര്യക്ഷമമായി നടത്തപ്പെട്ടുവരുന്നു. ഈ വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറിൻെറ എ

ല്ലാവിധ സഹകരണവും വിദ്യാലയങ്ങൾക്കു ലഭിക്കുന്നുണ്ട്. പുറമെ നിന്നും കൂലിക്കാരെ വയ്ക്കാതെ, സകല പണിയും കുട്ടികൾതന്നെ നോക്കുന്നു. അതിൽനിന്നുമുണ്ടാകുന്ന ആദായവും അവൎക്കുതന്നെ. ഇങ്ങനെ ചെറുതായ ഒരു സമ്പാദ്യംകൂടി ഉള്ളതുനിമിത്തം തങ്ങളുടെ ഉടുപ്പിനും പുസ്തകങ്ങൾക്കും വേണ്ട പണത്തിനു സാധുക്കളായ കുട്ടികൾക്കു വിഷമത നേരിടുന്നില്ല. പ്രാഥമികവിദ്യാഭ്യാസം അവസാനിക്കുമ്പോൾ, ഉന്നതവിദ്യാഭ്യാസത്തിനു നിൎവാഹമുള്ള കുട്ടികൾ, സെക്കൻഡറിസ്കൂളിലേയ്ക്കോ, വ്യവസായപാഠശാലകളിലൊന്നിലേക്കൊ പോകുന്നു. അതിനു നിവൃത്തിയില്ലാത്തവൎക്ക് ഉടനേതന്നെ സമീപത്തുള്ള കൃഷിത്തോട്ടത്തിലൊ വൊക്ക്ഷാപ്പിലൊ പണിയും ലഭിക്കുന്നു. അപ്പനൊ അമ്മാമനൊ കൎഷകനാണെങ്കിൽ അവരോടൊന്നിച്ചു വേലചെയ്യാം. അതല്ല അവർ കൊല്ലപ്പണിക്കന്മാരാണെങ്കിൽ, അവരുടെ ആലയിൽ ചെന്ന് അവിടത്തെ ജോലിയിൽ സഹായിക്കുന്നു. മറേറതെങ്കിലും കൈത്തൊഴിലാണെങ്കിലും അപ്രകാരംതന്നെ. വിദ്യാഭ്യാസം നിത്യജീവിതത്തോടു ബന്ധമുള്ളതാക്കിത്തീൎക്കുന്നതുകൊണ്ടുള്ള ഗുണം ഇതാണ്. കുട്ടികൾ വിദ്യാലയംവിട്ടു വീട്ടിൽ വരുമ്പോൾ അമ്മമാരുടേയും സഹോദരിമാരുടേയും ശുശ്രൂഷകളെ പ്രതീക്ഷിച്ചുകൊണ്ട് അവർ ദൂരത്തുമാറി കൊച്ചു് യജമാനന്മാരായി ഇരിക്കുന്നില്ല. പള്ളിക്കൂടത്തിൽതന്നെ പണിയെടുത്തു പഠിച്ചതുകൊണ്ട്, ജോലി ചെയ്യുന്നതു അഭിമാനകരമാണെന്നുള്ള ബോധത്തോടുകൂടി ഗൃഹത്തിലുള്ളവരെ അവർ എപ്പോഴും സഹായിക്കുന്നു.

നേരെമറിച്ചു വെറും സാഹിത്യപരമായ വിദ്യാഭ്യാസം നിത്യജീവിതത്തോട് അധികം ബന്ധമില്ലാത്തതാകയാൽ ഒരു കൃത്രിമപദ്ധതിക്കുള്ള ദൂഷ്യങ്ങൾ അതിനോട് ചേൎന്നു നില്ക്കുന്നു. ഒന്നാമതായി ഇതു മനുഷ്യനെ അവൻെറ പ്രകൃതിസിദ്ധമായ സാഹചൎയ്യങ്ങളിൽനിന്നും അകററിനിറുത്തുന്നു. അവൻെറ സ്വാശ്രയശക്തിയേയും കാൎയ്യക്ഷമതയേയും കുറയ്ക്കുന്നതിനാൽ ജീവിതവൃത്തി അവനു പരാധീനമായി ഭവിക്കുന്നു. ഏതാനുംപേർ മററുള്ളവരുടെ വിയൎപ്പുതുള്ളി കുടിച്ചു മൂട്ടകളെപ്പോലെ ജീവിക്കുന്നു. ഇവരുടെയെല്ലാം സ്വതേയുള്ള വൈഭവങ്ങൾ പൂൎണ്ണമായ വളൎച്ചയെ പ്രാപിക്കാതെ, മുരടിച്ചുപോകുന്നു. ഒരു സമുദായത്തിൽ കുറേപ്പേർ യജമാനന്മാരുടെ സുഖസൌകൎയ്യങ്ങൾക്കുവേണ്ടി ജീവിച്ചുകൊള്ളേണ്ടവരുമാണെന്ന് വരുന്നാപക്ഷം, ഈ യജമാനവൎഗ്ഗത്തിൻെറ വിദ്യാഭ്യാസപദ്ധതി കാൎയ്യക്ഷമമായിരിക്കുന്നോ എന്നുള്ള അന്വേഷണത്തിന് ആവശ്യം നേരിടുകയില്ല. അതു സാഹിത്യപരമോ, കേവലം ലളിതകലാപരമോ ആയാലും അതുകൊണ്ടു പ്രത്യക്ഷമായി പരാധീനത ഗോചരമല്ലാതിരിക്കും. എന്നാൽ, പ്രകൃതിവിരുദ്ധമായ ഒരു സമുദായസ്ഥിതി സാധ്യമാണെന്നു വിചാരിച്ചാൽതന്നെ, അങ്ങനെയുള്ള ഒരു യജമാനവൎഗ്ഗത്തിൻെറ വിദ്യാഭ്യാസാവശ്യത്തെക്കുറിച്ചു

ല്ലല്ലൊ നാമിവിടെ ആലോചിക്കുന്നതു്. ശുദ്ധവായുവും ശുദ്ധജലവുംപോലെ വിദ്യാഭ്യാസം സകലമാനപേക്കും അവകാശപ്പെട്ടതാണ്. അതിനാൽ എല്ലാവക്കും അതിൻെറ പ്രയോജനം അനുഭവിക്കുമാറ്, ന്യായമായ ഏപ്പാടുകൾ ചെയ്യേണ്ടതു സമുദായത്തിൻേറയും സമുദായത്തിൻെറ ഭാരവാഹിത്വമുള്ള ഗവമ്മെൻറിൻേറയും ചുമതലയാകുന്നു. ഈയിടെ കറാച്ചിയിൽവച്ചു നടന്ന കാൺഗ്രസ്സ് മഹാസമ്മേളനത്തിലെ ഒരു പ്രധാന നിശ്ചയം ഈ തത്വത്തെ പ്രഖ്യാപനംചെയ്യുന്നുണ്ട്. സ്വതന്ത്രഭാരതത്തിൽ പ്രാഥമികവിദ്യാഭ്യാസത്തിൻെറ സൗജന്യലാഭം എല്ലാവക്കുമൊന്നുപോലുള്ള ഒരു പൗരാവകാശമായിരിക്കുമെന്നാണ് ഈ പ്രഖ്യാപനം. മുതലാളിമേധാവിത്വം മുതിന്നു നിൽക്കുന്ന രാജ്യങ്ങളിൽക്കൂടി ഈ തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അമേരിക്കാ, ജമ്മനി എന്നീ രാജ്യങ്ങളിൽ എത്ര സാധുക്കളായകുട്ടികൾക്കുപോലും സാമാന്യം പൂണ്ണമായ ഒരു വിദ്യാഭ്യാസം ലഭിക്കാൻ പ്രയാസമില്ലാത്തവണ്ണം സൗകയ്യങ്ങൾ ചെയ്തിട്ടുണ്ട്.

ഇപ്പോൾ ചെലവിട്ടുവരുന്ന പണംകൊണ്ടുതന്നെ ഇവിടെ കൂടുതൽ സൗകയ്യങ്ങൾ ഉണ്ടാക്കുവാൻ കഴിയും. യൂറോപ്പിലെ ശൈത്യാവസ്ഥയ്ക്കു അവിടെ വേണ്ടിവന്നിട്ടുള്ള തോതിൽ നമുക്കിവിടെ കെട്ടിടങ്ങൾ നിമ്മിക്കേണ്ട ആവശ്യമില്ല. കൂടുതൽ ചെലവു ന്യായമായും പ്രയോജനകരമായും ചെയ്യാവുന്ന ഒരിനത്തിൽ വലിയ ലോഭം കാണിച്ചുവരുന്നു. അദ്ധ്യാപകന്മാക്കു ഉത്തമമായ പരിശീലനം നൽകുന്നതിലും അവക്കു മാനമായി കഴിയത്തക്കവണ്ണം ശമ്പളം വദ്ധിപ്പിക്കുന്നതിലും ഇപ്പോഴത്തേക്കാൾ അധികം പണം നീക്കിവയ്ക്കേണ്ടതാണ്. അവക്കിപ്പോൾ ലഭിക്കുന്ന പരിശീലനം തീരെ മതിയാകുന്നില്ല. ശിക്ഷണസമ്പ്രദായത്തിൽ ഉത്തരോത്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ യുക്തംപോലെ നമ്മുടെ ഇടയിലും നടപ്പിൽവരുത്തണമെങ്കിൽ, ആ വിഷയത്തിൽ അദ്ധ്യാപകന്മാക്കുള്ള അറിവു തീരെ പൗരാണികമായിരുന്നാൽപോര. അദ്ധ്യാപകവൃത്തിയിൽ പ്രവേശിക്കുമ്പോൾത്തന്നെ ഉണ്ടായിരിക്കണമെന്നു് വച്ചിരിക്കുന്ന ട്രെയിനിംഗ് എത്രയും വിപുലമാക്കുന്നതുകൂടാതെ, ഓരോ അദ്ധ്യാപകനും ആറുവഷത്തിലൊരിക്കൽ ആറുമാസത്തെ അവധി നൽകി അക്കാലത്തു തൻെറ ട്രെയിനിംഗിനെ ഒന്നു നവീകരിക്കുവാൻ വേണ്ട ഏർപ്പാടുണ്ടായിരിക്കണം. ആ ആവശ്യത്തിലേക്കു പ്രത്യേകം രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു അഡ്വാൻഷ്ട്രെയിനിംഗ് കോഴ്സ് ഏർപ്പെടുത്തുവാൻ വിഷമതയുള്ളതല്ല.

പ്രാഥമികവിദ്യാഭ്യാസം വിപുലവും കായ്യക്ഷമവും ആക്കി നടത്തുന്നതിൽ ഗവമ്മെൻറിൻെറ ശ്രദ്ധ പൂണ്ണമായും പതിക്കുന്നപക്ഷം, വിദ്യാഭ്യാസവിഷയമായി ഗവമ്മെൻറിനു ജനങ്ങളോടുള്ള ചുമതല അധികഭാഗവും

നിർവ്വഹിക്കപ്പെട്ടുകഴിയുമെന്നാണ് എന്റെ അഭിപ്രായം. സെക്കൻററി വിദ്യാഭ്യാസവും സർവ്വകലാശാലാവിദ്യാഭ്യാസവും ജനങ്ങളിൽ ചെറുതായ ഒരു വിഭാഗത്തിനു മാത്രമെ ഉപകരിക്കുന്നുള്ളു. സെക്കൻററി വിദ്യാഭ്യാസം പ്രാദേശികബോർഡുകൾക്കൊ പ്രൈവറേറജൻസികൾക്കൊ വിട്ടുകൊടുക്കുകയും അതിലും ഉപരിയായ വിദ്യാഭ്യാസത്തിന്റെ സകല ചുമതലയും സർവ്വകലാശാലയെ ഏൽപ്പിക്കുകയും ചെയ്യുന്നതാണുത്തമം.

പ്രാഥമികവിദ്യാഭ്യാസം കാര്യക്ഷമമല്ലാതിരിക്കുന്നിടത്തോളം, അതിനിപ്പോൾ വച്ചിട്ടുള്ള കാലത്തിന്റെ ഹ്രസ്വതയെപ്പററി ആക്ഷേപം ആവലാതിവേണ്ട. നാലേ നാലുവർഷം ഏതൊരു വിദ്യാഭ്യാസത്തിനും തീരെ മതിയാകാത്ത ഒരു കാലമാകുന്നു. സാമാന്യേന ഒരു ബാലൻ അഞ്ചുവയസ്സു പ്രായത്തിൽ സ്കൂളിൽ ചേരുന്നുണ്ടെന്നുവച്ചാൽ ഇപ്പോഴത്തെ സ്ഥിതിക്ക് അവന്റെ ഒൻപതാംവയസ്സിൽ പ്രാഥമികവിദ്യാഭ്യാസം അവസാനിക്കുന്നു. സാധുക്കളുടെ കുട്ടികൾക്ക്, ആഗ്രഹമിരുന്നാലും മേലോട്ടു പഠിക്കാൻ നിവൃത്തിയില്ല. ഈ അല്പകാലത്തിനിടക്ക്—അതും ബാലബുദ്ധി കേവലം അപക്വമായിരുന്നപ്പോൾ—വല്ലതും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, അതെല്ലാം വിദ്യാലയംവിട്ടു് അധികം കഴിയുന്നതിനു മുൻപുതന്നെ, ആരുടേയും ശ്രദ്ധപതിയാനില്ലായ്കനിമിത്തം തീരെ മറന്നുപോകുന്നു. ഇതാണ് നമ്മുടെ ഇടയിലെ ഭൂരിപക്ഷം ബാലന്മാരുടേയും ബാലികമാരുടേയും സ്ഥിതി. നാട്ടിൽ വിദ്യാഭ്യാസം ലഭിച്ചവരുടെ സംഖ്യ നൂറു ശതമാനമാണെന്നു പറയുന്നതു ഇവരെക്കൂട്ടിച്ചേർത്താണെന്നുള്ള കാര്യം വിസ്മരിക്കരുതു്. ബുദ്ധിക്ക് അല്പമൊരു ദൃഢതവന്നു വല്ലതും മനസ്സിലാക്കാൻ കഴിയുമെന്നുള്ള പ്രായമാകുമ്പോഴേയ്ക്കും കുട്ടികൾ വിദ്യാലയം വിടുകയാണ് ചെയ്യുന്നതു്. ഇതെത്രയോ ആക്ഷേപാർഹമായ ഒരു ദുരവസ്ഥയാണ്. പത്തുവയസ്സിനും പതിനഞ്ചുവയസ്സിനും മദ്ധ്യേയുള്ള പ്രായം കുട്ടികളുടെ സർവ്വവിധവളർച്ചയെസംബന്ധിച്ചും ഒരു പ്രധാന ഘട്ടമാകുന്നു. ആ ഗൗരവഘട്ടത്തിൽ—പ്രകൃത്യാ വിശേഷമായ ഒരു സംസ്കാരകാലത്തിൽ—അവർക്കു മതിയായ ശിക്ഷണം ലഭിക്കാൻ സൗകര്യമില്ലാതെ വരുന്നിടത്തോളം കഷ്ടം മററൊന്നുമില്ല. ആ പ്രായത്തിൽ ലഭിക്കുന്ന ശ്രദ്ധയുടേയും ശിക്ഷണത്തിന്റേയും ഗുണദോഷവും ഗുരുലഘുത്വവും അനുസരിച്ചാണ് അവരുടെ ഭാവി രൂപവൽക്കരിക്കപ്പെടുന്നതു്. കുട്ടികളുടെ മനസ്സംസ്കരണവും വാസനാഗതിയും സ്വഭാവരൂപവൽക്കരണവും വേണ്ടവിധത്തിലാക്കാനുള്ള അവസരത്തിൽ ന്യായമായ ശ്രദ്ധ പതിക്കുന്നതായാൽ മേലിൽ ഖേദിക്കേണ്ടിവരുന്നതല്ല. ആയതു മാതാപിതാക്കന്മാരുടെ കടമയാണെന്നു പറഞ്ഞു കൈകഴുകുന്നതു് ഭയങ്കരമായ തെററാണ്. കുട്ടികൾ രാജ്യത്തെ പൊതുസ്വത്താകയാൽ അവരുടെ ഭാവി സുരക്ഷിതമാക്കേണ്ടതു സർവ്വോപരി സമുദായത്തേയും ഗവ

മ്മെൻറിനേയും സംബന്ധിക്കുന്ന ഒരു കടമയാകുന്നു. ശിക്ഷണലോഭത്താൽ കുട്ടികൾ കാട്ടുകയറാൻ ഇടവരുന്നതായാൽ അതുകൊണ്ടുള്ള അന്ത്യനഷ്ടം സമുദായത്തിന്നുതന്നെയാണ്. പ്രത്യേകമായി മാതാപിതാക്കന്മാൎക്കുള്ള നഷ്ടവും സമുദായത്തിലാണല്ലോ താങ്ങുന്നതു്. കുട്ടികളുടെ ഭാവി മാതാപിതാക്കന്മാർ നോക്കിക്കൊള്ളുമെന്നോ നോക്കിക്കൊള്ളട്ടെ എന്നോ വയ്ക്കുന്നതു് എന്തു വന്നാലും വേണ്ടില്ല എന്നു കരുതുന്നതിന്നു തുല്യമാകുന്നു. ധനപ്രാപ്തിയും സൗകൎയ്യങ്ങളും വേണ്ടിടത്തോളമുള്ള മാതാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വിടുന്നതുനിമിത്തം ദോഷമില്ലെന്നു വിചാരിക്കാം. എന്നാൽ അങ്ങനെയുള്ള മാതാപിതാക്കന്മാർ എണ്ണത്തിൽ എത്രയുണ്ടാകും? ഭൂരിപക്ഷമാളുകളും ദരിദ്രന്മാരും, ദരിദ്രന്മാരല്ലെങ്കിൽ തന്നെ ബാലശിക്ഷണത്തെക്കുറിച്ചു വേണ്ട ഗുണദോഷജ്ഞാനമില്ലാത്തവരും ആണു്. അങ്ങനെയുള്ള മാതാപിതാക്കന്മാരുടെ സന്താനങ്ങളായി ജനിച്ചതു മുജ്ജന്മത്തിലെ പാപഫലമായിട്ടാണെന്നും, അങ്ങനെ വന്നുചേൎന്ന ദോഷങ്ങൾ തന്നത്താൻ അനുഭവിക്കതന്നെ വേണമെന്നും വിശ്വസിക്കുന്നവർ ഇപ്പോഴും കണ്ടേയ്ക്കാം. കേവലം പ്രാകൃതമായ ആ വിചാരം മനുഷ്യചിത്തത്തിന്റെ പിൻഭാഗത്തെങ്ങാനും ഉള്ളതുകൊണ്ടാണ് ഈ വിഷയത്തിൽ സമുദായത്തിന്റെ ഹൃദയം ക്ഷോഭിച്ചു വശാകാതിരിക്കുന്നതു്. അല്ലാത്തപക്ഷം കുഞ്ഞുങ്ങളുടെ ആരോഗ്യവിഷയത്തിലും ഭാവിസംരക്ഷണത്തിലും ഇന്നു കാണുന്ന അക്ഷന്തവ്യമായ അനാസ്ഥ സമുദായത്തിൽ കുടികൊള്ളുകയില്ലായിരുന്നു. പതിന്നാലു വൎഷത്തിനു മുൻപുവരെ റഷ്യാസാമ്രാജ്യത്തിൽ ജനിച്ച കുട്ടികളിൽ പ്രഭുക്കന്മാരുടെ സന്താനങ്ങളൊഴിച്ചു ശേഷമുള്ളവരെല്ലാം മുജ്ജന്മപാപത്തിന്റെ അനന്തരഫലം അനുഭവിക്കുന്നവരായി കാണപ്പെട്ടു. എന്നാൽ 1917 ഒക്ടോബർ മാസത്തിനിപ്പുറം മുജ്ജന്മപാപികളാരും റഷ്യയിലെ സന്താനങ്ങളായി ജനിക്കുന്നില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അവിടെ ഇന്നു യാതൊരു ശിശുവും അരാജകത്താൽ നരകിക്കുന്നില്ല.

നിസ്സഹായരായ കുഞ്ഞുങ്ങളുടെ നാമധേയത്തിൽ എനിക്കു ഒരു ചോദ്യം ചോദിക്കുവാനുണ്ടു്. ശത്രുക്കളിൽനിന്നും രാജ്യത്തെ രക്ഷിക്കേണ്ടിവരുമ്പോൾ, അടിമത്വത്തിൽനിന്നും മാതൃഭൂമിയെ മോചിപ്പിക്കേണ്ടിയിരിക്കുമ്പോൾ, അഥവാ, ഒരാപൽദശയിൽ സമുദായത്തെ ത്രാണനം ചെയ്യേണ്ടതായിട്ടുള്ളപ്പോൾ, ആരുടെ യുവരക്തമാണ് ബലികൊടുക്കേണ്ടിവരുന്നതു്? സമരകാലത്തു സ്വാതന്ത്ര്യക്കൊടിയുമേന്തി നിർഭയം മുന്നണിയിൽനിന്നു് പ്രഹരമേൽക്കുന്ന "വാനരസേന"യ്ക്കു് സമുദായത്തിന്റെ സമ്പൽക്കാലത്തു പരിപൂൎണ്ണമായ വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനും അവകാശമില്ലാതെ വരുമോ? കുട്ടികളുടെ ശിക്ഷണത്തിനുവേണ്ടി ചെയ്യുന്ന

ചെലവ് ഒരു വ്യയമല്ല. അതിന് ശാശ്വതമായ ഒരു നിക്ഷേപത്തിന്റെ ഗുണവും ഫലവുമുണ്ട്. ആരോഗ്യസംരക്ഷണം ചെയ്യേണ്ടിടത്ത് ആരോഗ്യസംരക്ഷണംചെയ്യാതെയും സ്വഭാവസംരക്ഷണത്തിൽ ശ്രദ്ധവയ്ക്കേണ്ടും കാലത്ത് അതിൽ ഗൗനിക്കാതെയും ഇരിക്കുന്നതിന്റെ ഭവിഷ്യൽഫലമായി ആശുപത്രികളും ജയിലുകളും വർദ്ധിപ്പിക്കേണ്ടിവരുന്നു. വാസ്തവമായ ദുർവ്യയം അവിടെയാണ്. അരോഗദൃഢഗാത്രരും സദ്വൃത്തരും വ്യവസായപ്രിയരുമായ ഒരു ജനസമുദായത്തെ ഉത്തമമായ വിദ്യാഭ്യാസംകൊണ്ട് സൃഷ്ടിക്കാൻ കഴിയും. ആ രാജ്യത്താണ് ഐശ്വര്യം വാഴുന്നത്.

ഇതുവരെ ഞാൻ പ്രസ്താവിച്ചതെല്ലാം പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ച കാര്യങ്ങളായിരുന്നു. ഇക്കാര്യങ്ങൾക്കുള്ള മുഖ്യമായ ചുമതല ഗവർമ്മെന്റിനുള്ളതാണെന്നും ചൂണ്ടിക്കാണിച്ചു. മുകളിൽ വിവരിച്ചിട്ടുള്ള തത്വങ്ങൾ നിങ്ങളും സ്വീകരിക്കുന്നപക്ഷം, അവയെ ആസ്പദമാക്കി ഒരു പ്രാഥമികവിദ്യാഭ്യാസനിയമം കാലവിളംബംകൂടാതെ ഉണ്ടാകേണ്ടതിലേക്കു യത്നിക്കണം. ഈ സമ്മേളനത്തിൽനിന്നും ചെയ്യാവുന്നതെല്ലാം ഇവിടെവച്ചു ചെയ്കയുംവേണം. അടുത്തതായി ഞാൻ പ്രസ്താവിക്കാൻ പോകുന്ന കാര്യങ്ങൾ ഗവർമ്മെന്റിന്റെ സഹായം കൂടാതെതന്നെ അനുദ്യോഗസ്ഥശ്രമത്താൽ നിർവ്വഹിക്കാവുന്നവയാണ്.

പ്രായമായവരും ഇതിനകം വിദ്യാഭ്യാസസൗകര്യം ലഭിക്കാത്തവരുമായ ജനങ്ങൾക്ക് എഴുതാനും വായിക്കാനും കണക്കുവയ്ക്കാനും ഉള്ള പരിചയമെങ്കിലും ഉണ്ടാക്കിക്കൊടുക്കുന്നതിലേക്ക് മാർഗ്ഗം എന്തെന്നാണ് നാമിവിടെ ആലോചിക്കേണ്ടത്. സൂക്ഷ്മത്തിൽ ഇത് ഒരടിയന്തിരവിഷയമാകുന്നു. എഴുതാനും വായിക്കാനും അറിയാത്ത ഒരാൾപോലും നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുവാൻ പാടില്ല എന്നു നിശ്ചയിച്ച് ഈ സമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്നവരും അവരുടെ സ്നേഹിതന്മാരുംകൂടി മനഃപൂർവ്വം ശ്രമിക്കുന്നതായാൽ രണ്ടോ മൂന്നോ വർഷംകൊണ്ടുതന്നെ വിസ്മയനീയമാംവണ്ണം ഫലപ്രാപ്തിയുണ്ടാകുന്നതാണ്. അതിലേക്ക് ഒരു നിർവ്വഹണപദ്ധതി നിർമ്മിക്കുന്നതിൽ നിങ്ങൾ ഉടനേതന്നെ ബദ്ധശ്രദ്ധരായിരിക്കുമെന്നു പ്രത്യാശിച്ചുകൊള്ളട്ടെ. ആ വിഷയത്തിൽ എനിക്കു തോന്നുന്ന ചില പ്രവൃത്തിമാർഗ്ഗങ്ങൾ ഇവിടെ നിർദ്ദേശിക്കാം. ഈ സംസ്ഥാനങ്ങളിൽ, ഇപ്പോൾ മിക്കവാറും എല്ലാ കരകളിലും ഒരു കരയോഗമോ പരസ്പരസഹായസംഘമോ കാണാതെ വരികയില്ല. ഇവയുടെ ആഭിമുഖ്യത്തിൽ എല്ലാ സ്ഥലത്തും 'വിദ്യാപ്രചാരസംഘ'ങ്ങൾ ഉടനെ സ്ഥാപിക്കണം. സ്ഥിരമായി ഉത്സാഹിക്കുവാൻ നാലുപേരെങ്കിലും ഉണ്ടെങ്കിൽ അവിടെ ഒരു സംഘം സ്ഥാപിക്കാം. അതാതു സംഘത്തിന്റെ അതൃത്തിയിൽ എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്തവരായി എത്രപേരുണ്ടെന്ന് ഒരു കണക്കെടു

ണ്ടു് അതിലേക്ക് ഒരു രജിസ്റ്റർ വക്കണം. വലിയ രോഗികളേയും വൃദ്ധന്മാരേയും ഈ കണക്കിൽ തൽക്കാലം ഉൾപ്പെടുത്തേണ്ട. ക്ലാസ്സുകൾ നടത്തേണ്ടതു് അതാതു സ്ഥലത്തെ അവസ്ഥാഭേദമനുസരിച്ച് അധികം യോജിച്ചവിധമേതോ ആ വിധത്തിലായിരിക്കണം. അവിടത്തെ ദായകയുടെയും ആളുകളുടെയും പഠിക്കാനും ആളുള്ളതനുസരിച്ചും രാവിലേയും വൈകുന്നേരവും രാത്രിയിലും ക്ലാസ്സുകൾ വയ്ക്കാം. ഒരു ക്ലാസ്സിൻെറ സമയം ഏകദേശം രണ്ടുമണിക്കൂറായാൽ മതിയാകും. പഠിപ്പിക്കുന്നതിനു വ്യവസ്ഥിതമായ ഒരു ക്രമം ഉണ്ടായിരിക്കണം. എളുപ്പം ഫലം കാണുന്നതക്ക രീതി സ്വീകരിക്കണം. പള്ളിക്കൂടത്തിലെ ഇഴഞ്ഞ മാമൂൽരീതി പ്രായമായവർക്കു പററിയതല്ല. ഹിന്തിഭാഷ ആറുമാസംകൊണ്ടു പഠിച്ച് പരീക്ഷയിൽ ജയിക്കുന്നതു നാം കാണുന്നുണ്ടല്ലൊ. പ്രായമായവരുടെ പഠിപ്പിനു പററിയ ഒരു പാഠാവലി അതിലേക്കു വൈഭവമുള്ളവരാരെങ്കിലും ചമയ്ക്കുന്നതു പ്രയോജനകരമായിരിക്കും. എല്ലാ കരകളിലും സ്ഥിരതാമസക്കാരായി ഏതാനും അദ്ധ്യാപകന്മാർ കാണാതെ വരികയില്ല. അവരുടെ സഹകരണം ഈ പ്രസ്ഥാനത്തിനു നിശ്ചയമായും ലഭിക്കുന്നതാണ്. യുവാക്കന്മാരുടെ വിശേഷിച്ചും വിദ്യാൎത്ഥികളുടെ സ്വദേശാഭിമാനത്തിനും രാജ്യസേവനതൃഷ്ണയ്ക്കും പ്രകാശിക്കുവാൻ ഇതുത്തോളം ഫലഭൂയിഷ്ഠമായ വഴി വേറെ ഇല്ല. പഠിപ്പിക്കുന്ന രീതി അക്ലിഷ്ടവും രസാവഹവും ആയിരുന്നാൽ അതുതന്നെ ക്ലാസിൻെറ നടത്തിപ്പിന് ഏറെ സഹായമായിരിക്കും. പഠിക്കാൻ വരുന്നവർ പല തരക്കാരും പ്രായക്കാരുമാകയാൽ, അവരെ പഠിപ്പിക്കുന്ന ആൾക്ക് ചില പ്രത്യേക വശങ്ങളും ചാതുൎയ്യവും ഉണ്ടായിരുന്നാലേ വിജയം ലഭിക്കു. പലതരക്കാർ കൂടിയിരിക്കുന്ന ഒരു പൊതുയോഗത്തിൽ എല്ലാവൎക്കും മനസ്സിലാകത്തക്കവണ്ണവും സകലരുടേയും ശ്രദ്ധയെ ആകൎഷിക്കത്തക്കവിധത്തിലും ഒരു ശാസ്ത്രീയവിഷയത്തെക്കുറിച്ച് പ്രസംഗം ചെയ്തു് ഫലിപ്പിക്കുന്നതിനുള്ള കെൽപുതന്നെയാണ് ഏകദേശം ഈ വിഷയത്തിലും വേണ്ടതു്. ആ കെൽപു പരിചയംകൊണ്ടു വരുന്നതാണ്. ഈ ജോലിയിൽ പ്രവേശിച്ചു വിജയം നേടുന്നവൎക്ക് ന്യായമായുണ്ടാകുന്ന ഒരു വലിയ ചാരിതാൎത്ഥ്യത്തിനു പുറമേ, ഇതിലും പ്രയാസമുള്ള ചുമതലകൾ വിജയപൂൎവം നിൎവഹിക്കാനുള്ള കൎമ്മകുശലതയും വന്നുചേരുന്നു. എഴുതാനും വായിക്കാനും അറിയാത്തവരെ അവരുടെ വീട്ടിൽപോയി കണ്ടു് വിവരം പറഞ്ഞു മനസ്സിലാക്കി അവൎക്കു ഈ പ്രസ്ഥാനത്തിൽ ഉന്മേഷം ജനിപ്പിക്കണം. ഇതു് അവരോടു ചെയ്യുന്ന ഒരു സൗജന്യമായിട്ടു് അവൎക്ക് തോന്നാൻ വഴികൊടുക്കരുതു്. അവരും നാമും എല്ലാവരുംകൂടി നമ്മുടെ രാജ്യത്തുനിന്നും നിരക്ഷരകുക്ഷിയായ ദുൎദ്ദേവതയെ എന്നേക്കുമായി യാത്രയാക്കുവാനുള്ള ഒരു ദേശീയസംരംഭം തുടങ്ങിയിരിക്കയാണെന്നു് അവരെ മനസ്സി

ലാക്കുന്നതായാൽ അവരുടെഭാഗം നിവ്വഹിക്കുവാൻ പ്രവൎത്തകന്മാരെല്ലാംതന്നെ അവരും ഉത്സാഹമുള്ളവരായിരിക്കും. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനു മുഖ്യമായി വേണ്ടതു് ആളാണു്. പണത്തിന്റെ ആവശ്യം വളരെ കുറയും. കെട്ടിടം വാടകക്കൂടാതെ എടുക്കാം. അതാതുസ്ഥലത്തുള്ള സ്കൂൾതന്നെ അപേക്ഷിച്ചാൽ കിട്ടുന്നതാണു്. ഹിന്തിപ്രചാരകന്മാർ ചെയ്യുന്നതുപോലെ വീടുകളിൽവച്ചു ക്ലാസ്സ് നടത്താം. എഴുതാനുള്ള ബോർഡ് അത്യാവശ്യമാണു്. അതുപോലെതന്നെ, രാത്രിയിലെ ക്ലാസ്സുകൾക്കു വേണ്ട വിളക്കുകളും. ഉത്സാഹമുണ്ടെങ്കിൽ ഇവയൊക്കെ നിഷ്പ്രയാസം സമ്പാദിക്കാവുന്നതാണു്. എന്നാൽ ഈ പ്രസ്ഥാനത്തിൽതന്നെ മുഴുവൻ സമയവും ഏർപ്പെടുന്നവരായ പ്രചാരകന്മാൎക്കു് ന്യായമായ ശമ്പളം കൊടുക്കുന്നതു് ഉത്തമമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. പ്രസ്ഥാനത്തിന്റെ ഗുണം മനസ്സിലായി വരുമ്പോൾ അതാതു സ്ഥലത്തെ ആവശ്യത്തിനുള്ള മുതൽ അതതു സ്ഥലത്തുതന്നെ ഉണ്ടായിക്കൊള്ളും. നിശാപാഠശാലകൾ നടത്തുന്നവൎക്കു ഗ്രാന്റു കൊടുക്കുവാൻ ആണ്ടുതോറും ഒരു നല്ലതുക ഗവൎമ്മെന്റു നീക്കിവയ്ക്കുന്നുണ്ടു്. അതിലധികഭാഗവും ഇപ്പോൾ ലാപ്സ് ചെയ്തുപോകുന്നതായിട്ടാണു് കാണുന്നതു്. മേലിൽ ആ തുക നാംസ്ഥാപിക്കാനാലോചിക്കുന്ന വിദ്യാപ്രചാരസംഘങ്ങൾക്കു് അവകാശപ്പെടാൻ സാധിക്കുന്നതാണു്. ഈ സംഘങ്ങൾ എത്രയും കാൎയ്യക്ഷമമായി നടത്തുവാൻ വ്യവസ്ഥ ചെയ്യുന്നപക്ഷം ഇവ ഭാവിയിലുണ്ടാകാൻ പോകുന്ന ഗ്രാമീണസ്വയംഭരണത്തിലെ വിദ്യാഭ്യാസബോർഡുകളായിത്തീരുമെന്നു ദീർഘദർശനംചെയ്യാം. സമ്മതിദാനാവകാശം സൎവജനീനമായിരിക്കണമെന്നുള്ള തത്വം എല്ലാഭാഗത്തും സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ വിഷയത്തിൽ ഒരു വ്യവസ്ഥിതപദ്ധതി ഉണ്ടാക്കി പ്രവൃത്തി ആരംഭിക്കുവാൻ ഇനി ലേശവും വൈകിക്കൂടാ. അടുത്ത വൎഷം ഈ സമയത്തു നാം സമ്മേളിക്കുമ്പോൾ, ആയതു മേൽപ്രസ്താവിച്ച വിദ്യാപ്രചാരകസംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആയിരിക്കാനും, അന്നത്തേക്കു ആ സംഘങ്ങളുടെ പ്രചാരവേലയുടെ ഫലം പ്രത്യക്ഷമായിത്തീൎന്നു് അതിൽ നമുക്കനുമോദിപ്പാനും സംഗതിയാവട്ടെ.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപായി, ഒരു സംഗതികൂടി നിങ്ങളുടെ ചിന്തക്കു വിഷയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അതു പൌരജീവിതത്തിൽ സാമാന്യപരിചയമെങ്കിലും ഉണ്ടായിരിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ചു ചെയ്യേണ്ട വിജ്ഞാനവിതരണകാൎയ്യമാകുന്നു. ഇന്നു് ആ പ്രവൃത്തി ഒട്ടെങ്കിലും ചെയ്യുന്നതു വൃത്താന്തപത്രങ്ങളും വായനശാലകളുമാണു്. വൃത്താന്തപത്രങ്ങൾ എന്നു പറഞ്ഞതിൽ മാസികകളെക്കൂടി ഉൾപ്പെടുത്തീട്ടുണ്ടു്. വായനശാലകളുടെ സംഖ്യയും പ്രവൎത്തനവും

വളരെയധികം വിപുലമാക്കേണ്ടിയിരിക്കുന്നു സർക്കുലേറ്റിംഗ് ലൈബ്രറി എന്നു പറയുന്ന ഗ്രന്ഥവിതരണസമ്പ്രദായം നമ്മുടെ ഇടയിൽ ഇനിയും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. മുൻപു പറഞ്ഞ വിദ്യാപ്രചാരസംഘങ്ങളുടെ പ്രവർത്തനം പുഷ്ടിപ്പെടുന്നതോടുകൂടി ഇവയുടെ ആവശ്യം പ്രത്യക്ഷത്തിൽ വർദ്ധിക്കുന്നതാണ്. വിദ്യാലയം വിട്ടശേഷം പുസ്തകം തൊടാത്തവരത്രെ അധികംപേരും. പാഠശാലയിൽ കഴിച്ച പഠിത്തമെല്ലാംകൂടി യഥാർത്ഥത്തിൽ ഒരുവന്റെ വിദ്യാരംഭംമാത്രമെ ആകുന്നുള്ളു. അറിവുവേണമെന്നിച്ഛയുള്ളവർ എന്നും വിദ്യാർത്ഥികളായിരിക്കണം. മുന്നോട്ടുപോകാത്തവൻ പിന്നോക്കം പോകുമെന്നു പറയുന്നതു് വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകിച്ചും വാസ്തവമാണ്. മനുഷ്യനു സഹജമായുള്ള ജിജ്ഞാസ ഒരു വലിയ ആത്മീയശക്തിയാകുന്നു. അതിനെ ശ്രദ്ധാപൂർവം പോഷിപ്പിക്കണം. സ്വന്തരാജ്യത്തും അയൽരാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് എപ്പോഴും അന്വേഷണമിരിക്കണം. ഇതരദേശങ്ങളിൽ സമുദായാഭിവൃദ്ധിയെ ലക്ഷ്യമാക്കി ഏർപ്പെടുത്തുന്ന നവീനസമ്പ്രദായങ്ങൾ എന്തൊക്കെയെന്നറിഞ്ഞുകൊണ്ടിരുന്നാൽ മാത്രമേ സ്വസമുദായത്തിന്റെ അഭിവൃദ്ധിയിൽ ബുദ്ധിപൂർവം സഹായിപ്പാൻ വേണ്ട വിവരവും പ്രാപ്തിയും ഉണ്ടാകയുള്ളു. നാം അധിവസിക്കുന്ന ഭൂമിയെക്കുറിച്ച് സാമാന്യവിവരമെങ്കിലും ഉണ്ടായിരിക്കണം. അതുപോലെതന്നെ സ്വന്തംരാജ്യത്തിന്റെ ഭൂപ്രകൃതം, ചരിത്രം രാജ്യഭരണക്രമം ഇവിടത്തെ വ്യവസായസൗകര്യങ്ങൾ ജനങ്ങളുടെ സാമ്പത്തികസ്ഥിതി, എന്നിവയെ സംബന്ധിച്ച് കഴിയുന്നതും പൂർണ്ണമായ ഒരറിവ് എല്ലാ പൗരന്മാർക്കും ഉണ്ടായിരിക്കണം. എന്നാൽ മാത്രമേ അവരുടെ ചുമതലകളും അവകാശങ്ങളും സഫലമാക്കുവാൻ അവർ പ്രാപ്തിയുള്ളവരാകയുള്ളു. വൃത്താന്തപത്രങ്ങളും വാനനശാലകളും ഈ വിഷയത്തിൽ ധാരാളം പ്രയോജനകരമായിരിക്കുന്നുണ്ടെന്നു വരികിലും, അവകൊണ്ടുമാത്രം ആവശ്യത്തിനു മതിതാകുന്നില്ല. ജനസാമാന്യം അവശ്യം അറിയേണ്ട എല്ലാ പ്രധാനവിഷയങ്ങളിലും ന്യായമായ അറിവ് അവരവരുടെ വാസസ്ഥലങ്ങളിൽവച്ചുതന്നെ ലഭിക്കാൻ എന്തെങ്കിലും തക്കതായ ഏർപ്പാടുണ്ടായാലേ ജനങ്ങൾക്കു് ഉപയോഗപ്പെടുകയുള്ളു, ജനങ്ങൾതന്നെ അവക്കാവശ്യമുള്ള വിഷയങ്ങൾ മാസികകളിലും ഗ്രന്ഥങ്ങളിലുംനിന്നു വായിച്ചറിഞ്ഞുകൊള്ളുമെന്നുവച്ചാൽ, അധികംപേരെ സംബന്ധിച്ചും അതു നടക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ഒരു വിഷയത്തിൽ സാമാന്യജ്ഞാനമെങ്കിലും ഉള്ളവക്കേ അതിൽ കൂടുതൽ അറിവു സമ്പാദിക്കാനുള്ള ശ്രദ്ധയും, ശ്രമവും ഉണ്ടാകയുള്ളു. അതിനാൽ സാമാന്യജനങ്ങൾക്കു് എളുപ്പത്തിൽ കാര്യം ഗ്രഹിക്കാൻ സൗകര്യമുണ്ടായിരിക്കത്തക്കവണ്ണം വ്യവസ്ഥിതമായ ഒരു വിജ്ഞാനവിതരണമാർഗ്ഗം പുത്തനായി തുറക്കേണ്ടിയിരിക്കുന്നു.

ഇതിലേക്കു കൊള്ളാമെന്ന് എനിക്കു തോന്നുന്ന ഒരു സ്കീം ചുരുക്കമായി വിവരിക്കാം; ഒരു സഞ്ചാര മഹാപാഠശാലവേണം. എന്നുവച്ചാൽ ഒരു പണ്ഡിതസംഘം ദിക്കുതോറും സഞ്ചരിച്ച് വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളെടുത്തു സാമാന്യക്കാൎക്കു മനസ്സിലാകത്തക്കവണ്ണവും എന്നാൽ ശാസ്ത്രീയമായും പ്രസംഗങ്ങൾ നൽകണം. ഇതിലേക്ക് ഉന്നതവിദ്യാഭ്യാസം ലഭിച്ച ഏഴെട്ടുപേർ ഉണ്ടെങ്കിൽ മതിയാകും. അധികംപേരെ കിട്ടുമെങ്കിൽ കൂടുതൽ പാഠശാലകൾ ഒരേസമയത്തു പലദിക്കിലായി നടത്താം. ഈ പണ്ഡിതസംഘം സന്ദൎശിക്കുന്ന ഓരോ സ്ഥലത്തും അവർ ഏതാനും ആഴ്ച താമസിച്ചു തുടർച്ചയായി പ്രസംഗിക്കുന്നു. അതാതുവിഷയത്തിൽ സമൎത്ഥന്മാരായിട്ടുള്ളവരെയാണ് ആ വിഷയം പ്രസംഗിക്കുവാൻ നിശ്ചയിക്കുന്നതു്. കൃഷിശാസ്ത്രം, സഹകരണനീതി, ആരോഗ്യരക്ഷ, ശുചീകരണരീതികൾ, എന്നിങ്ങനെ നിത്യജീവിതത്തെ സ്ഥായിയായി സ്പർശിക്കുന്ന വിഷയങ്ങളും പൌരധൎമ്മം രാജ്യഭരണസമ്പ്രദായം, നവീനനിൎമ്മിതികൾ, പ്രകൃതിശാസ്ത്രതത്വങ്ങൾ, വ്യവസായാഭിവൃദ്ധിക്കുള്ള നൂതനമാൎഗ്ഗങ്ങൾ എന്നിങ്ങനെ കുറേക്കൂടി ഗൌരവതരങ്ങളായ വിഷയങ്ങളും മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നതാണ്. പ്രസംഗവിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിലെന്നപോലെ പ്രസംഗം ചമക്കുന്നതിലും ജനസാമാന്യത്തിന്റെ അന്നന്നത്തെ ആവശ്യവും ഗ്രഹണശക്തിയും പ്രത്യേകം ദീക്ഷിക്കുന്നതായിരിക്കും. പ്രസംഗത്തോടുകൂടി സന്ദർഭത്തിന്റെ യുക്തംപോലെ മായാദീപപ്രദർശനത്തിനും ഏൎപ്പാടുചെയ്യും. ഒരു ദിക്കിൽ ഒരു കോൺഫ്രൻസ് നടന്നുകഴിയുമ്പോഴേക്കും ആ പ്രദേശത്തെ ജനങ്ങൾക്ക് എത്രമാത്രം വിശേഷജ്ഞാനം ഉണ്ടാകുന്നു എന്ന് നമുക്കു അനുഭവമുള്ളതാണ്. അതിലുമധികം സ്ഥായിയായ വിജ്ഞാനം മേൽ സൂചിപ്പിച്ച ശാസ്ത്രീയമായ പ്രസംഗപദ്ധതിയിൽനിന്നും ലഭിക്കുന്നതാണ്. രാജ്യഭരണത്തിൽ സാമാന്യപൌരന്റെ അധികാരാവകാശങ്ങളും ചുമതലകളും വൎദ്ധിച്ചുകാണണമെന്ന് നാം ആഗ്രഹിക്കുമ്പോൾ, പൌരാവലിയുടെ കാൎയ്യബോധത്തെ പുഷ്ടിപ്പെടുത്തുവാൻ എല്ലാവഴിക്കും ശ്രമിക്കേണ്ടതു ദേശാഭിമാനികളുടെ കൎത്തവ്യമാകുന്നു. ഭരണത്തിന്റെ കാൎയ്യക്ഷമത പൌരാവലിയുടെ കാൎയ്യബോധത്തെ ആശ്രയിച്ചിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ സന്ദർഭത്തിൽ മറെറാരു നിൎദ്ദേശംകൂടി എനിക്ക് നൽകുവാനുണ്ട്. അന്നന്നു പൌരശ്രദ്ധയെ ആകൎഷിച്ചുകൊണ്ടിരിക്കുന്ന പൊതുവിഷയങ്ങളെക്കുറിച്ചും അതാതു സ്ഥലത്തെ പ്രാദേശികാവശ്യങ്ങളെ സംബന്ധിച്ചും വാദപ്രതിവാദം നടത്തുന്നതിലേക്ക് ഓരോ സ്ഥലത്തും ചെറിയ പാർലമെന്റുകൾ സ്ഥാപിക്കണം. ഇവയിലെ വാദപ്രതിവാദങ്ങൾ മുറപ്രകാരം നടത്തുന്നതായാൽ, ഈ സംഘങ്ങൾക്കു കാലക്രമത്തിൽ വന്നുചേരുന്ന ഗൌരവവും പ്രയോജനവും എത്രമാ

ത്രമാണെന്നു നമുക്കിപ്പോൾ ഊഹിക്കുവാൻപോലും നിവൃത്തിയില്ല. ഒരുകാര്യം പ്രത്യക്ഷമാണ്. ചുററുമുള്ള ജനങ്ങൾക്കു പൊതുക്കാര്യങ്ങളിൽ അറിവും ഔൽസുക്യവും വർദ്ധിക്കുന്നതിന് ഈ വാദപ്രതിവാദങ്ങൾ വളരെ സഹായിക്കുമെന്നു മാത്രമല്ല, ഇവിടെനിന്നും ലഭിക്കുന്ന അഭ്യസനം പ്രാദേശികസ്വയംഭരണത്തിന്റെ ആഗമനത്തിങ്കൽ അവക്കു സുതരാം പ്രയോജനമുള്ളതായി ഭവിക്കുകയും ചെയ്യും.

പ്രിയ സുഹൃത്തുക്കളേ! വിദ്യാഭ്യാസവിഷയമായി എത്രയെത്ര ഗംഭീരസംഗതികൾ പൊതുജനശ്രദ്ധയെ അടിയന്തരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത ഏതാനും ഉദാഹരണങ്ങൾകൊണ്ട് ഇവിടെ വെളിപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അവയെക്കുറിച്ച് എനിക്കു നൽകുവാൻ കഴിഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കേവലം അപൂർണ്ണരൂപത്തിലെ ഇരിക്കുന്നുള്ളു എന്നു നല്ലവണ്ണമറിയാം. എന്നാൽ അവയ്ക്കു സംപൂർണ്ണത വരുത്തുവാൻ നിങ്ങൾക്കു വിഷമമുണ്ടാകയില്ല. മേൽപ്രസ്താവിച്ചിട്ടുള്ള സംഗതികൾ നിങ്ങളുടെ ഗാഢമായ പരിചിന്തനത്തിനു വിഷമമാകുമെങ്കിൽ ഞാൻ കൃതാൎത്ഥനായി. ഭാരതഖണ്ഡം അതിന്റെ സുദീർഘമായ ചരിത്രത്തിൽ, സൎവ്വപ്രധാനമായ ഒരു ഘട്ടത്തെ ഇതാ സമീപിച്ചിരിക്കുന്നു. ഈ അവസരത്തിൽ ഓരോ ഭാരതീയന്റേയും ഉൽക്കണ്ഠാപൂൎവ്വമായ പ്രാൎത്ഥനയും മാതൃഭൂമിയുടെ ഉൽക്കൎഷത്തെ ലക്ഷ്യമാക്കി ആയിരിക്കട്ടെ. ഭാരതം ജീവിച്ചാൽ ആർ മരിക്കുന്നു! ഭാരതം മരിച്ചാൽ ആർ ജീവിക്കുന്നു!

# വിഹായസവിഹാരം.

(ഒമ്പതാം അദ്ധ്യായം.)

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ)

മുന്നദ്ധ്യായങ്ങളിൽ തറയ്ക്കുടുത്തുള്ള സമീരണന്റെ വിക്രിയകളെയാണ് നാം കണ്ടറിയുന്നതു്. അതുപോലെയല്ല മേലാകാശത്തിൽ അതിന്റെ ഗതികൾ. അവിടെ വണിഗ്വാതത്തിനു വിപരീതമായിട്ടാണ് വായു സഞ്ചരിക്കുന്നതു്. ഈ പ്രതിർവാതം (Anti-trade) വടക്കെ ഗോളാർദ്ധത്തിൽ തെക്കുപടിഞ്ഞാറുനിന്നും, തെക്കേ ഗോളാർദ്ധത്തിൽ വടക്കുപടി

ഞ്ഞാറുനിന്നും വീശുന്നു. ഭൂമദ്ധ്യരേഖാപ്രദേശത്തു് ഈ എതിർവാതങ്ങൾ പതിനായിരം അടി ഉയരത്തിലും ധ്രുവങ്ങളോട്ട് അടുക്കുമ്പോഴും താണുതാണും സഞ്ചരിക്കുന്നു. ഹിമവൽപർവ്വതോപരി വർഷകാലത്തു് രണ്ടുമൂവ്വായിരം അടി പൊക്കത്തിലാണ് ഈ എതിർവാതത്തിൻെറ ഗതി. ഉന്നതങ്ങളായ അഗ്നിപർവ്വതങ്ങളിൽ നിന്നുൽഗമിക്കുന്ന പുകപോകുന്ന വാക്കുകൊണ്ട് ഊർദ്ധ്വാകാശവാതത്തിൻെറ ഗതിയറിയാം. ധ്രുവങ്ങൾക്കടുത്തു് (അതായതു നാല്പതു മേൽ ൪൦ ഡിഗ്രിയിലുള്ള പ്രദേശങ്ങളിൽ) ഈ എതിർവാതം തറയോടു് ചേന്നടിക്കുന്നു. അവിടങ്ങളിൽ അതു ചക്രവാതങ്ങ (Cyelones)ളായും തീരാറുണ്ട്. ഏകദേശം ൨൦,൦൦൦ അടിക്കു മേൽ സഞ്ചരിക്കുന്ന മേഘങ്ങൾ കീഴിലുള്ള വയുക്ക് എതിർവാക്കായി സഞ്ചരിക്കുന്നതു കാണാം. എതിർവാതത്തിൻെറ തള്ളൽകൊണ്ടു വരുന്നതാണിതു്.

വായുസഞ്ചാരങ്ങളെപ്പറ്റി ഇത്രയേറെ നിഷ്കർഷിച്ച് മനസ്സിലാക്കാനുള്ള ഹേതു മററൊന്നുമല്ല; അതുകൊണ്ടാണ് നമുക്കു മഴയും വെറിയുമുണ്ടാകുന്നതു്. പൊക്കമേറിയ സ്ഥലങ്ങളിൽ ദേശഭേദമനുസരിച്ച് മാറി പെയ്യുന്നതു വാതൃാവേശം നിമിത്തമാണ്. മദ്ധ്യരേഖാപ്രദേശങ്ങളിലും വണിഗ്വാതമുള്ള ദിക്കുകളിലും മഴയുണ്ടാകുന്നതു് നിർവാതമേഖല (Doldrum Zone)യുടെ മാററം നിമിത്തമാകുന്നു.

കർക്കിവൃത്തത്തിലും മകരവൃത്തത്തിലും (Tropies of Cancer & Capri Corn) നിർവാതമേഖലയുണ്ടെന്ന് കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. കാററടഞ്ഞ ഈ പ്രദേശങ്ങളിൽ എന്നും കാറും മഴയുമുണ്ട്. അതിനു കാരണമെന്തെന്നാൽ, ഉള്ളണയുന്ന വണിഗ്വാതങ്ങളിൽനിന്നു ലഭിക്കുന്ന നീരാവി ചേരുമ്പോൾ വായു ലഘുവായി ഉയരുകയും, ഉയരുമ്പോൾ നീരാവി മുഴക്കെ താങ്ങത്തക്ക ഉഷ്ണമില്ലാത്ത പതനത്തിൽ എത്തി ആവിഘനീഭവിക്കുന്നതുമാകുന്നു. സിങ്കപ്പൂരിൽ മഴ എന്നുമുണ്ട് എന്നതു് ഇതിനുദാഹരണമാകുന്നു.

നിർവാതമേഖലയുടെ ചാഞ്ചാട്ടം (Oscillation) തെക്കോട്ടും വടക്കോട്ടുമായിട്ടാണ്. തന്നിമിത്തം മഴക്കാലവും വേനൽക്കാലവും ഭിന്നിച്ചുവരുന്നു. നിർവാതമേഖലക്ക് അടുത്തു തൊട്ടുകിടക്കുന്ന ദിക്കുകളിൽ ആറുമാസം മഴയും ആറു മാസം വേനലുമുണ്ടായിരിക്കും. പെനാമാ (Panama)യിൽ അപ്രകാരമാണ്. മേമാസംതൊട്ടു നവംബർവരെ അവിടെ മഴയാണ്; ശേഷമാറുമാസം വെറിയും. ബങ്കാളത്തും നീലനദീതടങ്ങളിലും വടക്കൻ ആസ്ത്രേലിയയിലും മിക്കവാറും അതുപോലെയാണ്. നിർവാതമേഖലയുടെ ബഹിർഭാഗങ്ങളിൽ മഴക്കാലം കുറവും വേനൽ കൂടുതലുമായിരിക്കും. ആ മേഖലക്ക് അത്ര അകലെയല്ലാത്ത പഞ്ചാബ്, ബർമ്മ, വടക്കെ മെക്സിക്കൊ മുതലായ ദിക്കുകളിൽ മഴ മൂന്നു മാസത്തേക്കു മാത്രമെയുള്ളു. ചിലപ്പോൾ

അനാവൃഷ്ടിയും ക്ഷാമവുമുണ്ടാകാറുണ്ട്. നിവാതമേഖലക്ക് വളരെ അകന്ന പ്രദേശങ്ങൾ മഴയില്ലാതെ മരുഭൂമികളായിരിക്കുന്നു. സഹാറാ, നൂബിയ, അറേബിയ, പാർസിയ, കാലിഫോണ്ണിയ, ആരിഗസാണ്ണാ, കോളറാഡോ മുതലായ സ്ഥലങ്ങൾ നോക്കുക. ഈ പ്രദേശങ്ങളിൽ ചിലപ്പോൾ ധ്രുവവാതങ്ങൾ മധ്യരേഖാപ്രദേശങ്ങളിലേക്കു വീശുമ്പോൾ അല്പം മഴ ചാറിയെന്നു വരാം.

നിവാതമേഖലകൾ മധ്യരേഖയുടെ ഇരുപുറത്തുമുണ്ടല്ലോ. അവയുടെ നടുവിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ വേനലും വർഷവും ഇടവിട്ട് ഈരണ്ടു വീതമുണ്ടായിരിക്കും. തെന്നിൻഡ്യ, സിലോൺ, കൊളമ്പിയ, തെന്നമേരിക്ക, ജാവാ, എന്നീ ദിക്കുകളിൽ തുലാവർഷവും കാലവർഷവും എന്നിങ്ങനെ രണ്ടു വർഷകാലങ്ങളും, കന്നിവെറി കുംഭവെറി എന്നു് രണ്ടു വേനൽകാലങ്ങളുമുണ്ട്.

മുപ്പത്തിഅഞ്ചുഡിഗ്രി അക്ഷാംശത്തിനുമേൽ ധ്രുവങ്ങൾ വരെയുള്ള ദേശങ്ങളിൽ വേനലും വർഷവും ധ്രുവവായുവിന്റെ സാമാന്യസഞ്ചാരം കൊണ്ടു മാത്രമാണ് നിർണ്ണീതമാകുന്നതു്. അവിടെ സൂര്യന്റെ അയനഭേദംകൊണ്ട് മദ്ധ്യസ്ഥങ്ങളായ ചില പ്രദേശങ്ങളിൽ ഇരുവേനലും ഇരുവർഷവുമുണ്ടാകുന്നുണ്ട്. യൂറോപ്പിന്റെ തെക്കൻഭാഗത്തു് മഴ മിക്കവാറും വർഷത്തുവിൽതന്നെ പെയ്യുന്നു; മദ്ധ്യഭാഗത്തിലാകട്ടെ ശരത്തിലും വസന്തത്തിലുമാണ് മഴ; വടക്കൻയൂറോപ്പിൽ ഗ്രീഷ്മത്തിലാണ് മാറി ചൊരിയുന്നതു്. ധ്രുവവാതം അവിടവിടെ എത്തുന്ന ഭേദം നിമിത്തമാണ് മഴക്കാലം ഇങ്ങനെ മാറിവരുന്നതു്.

വ്യോമയാനങ്ങളുടെ സഞ്ചാരം വർദ്ധിച്ചതോടുകൂടി മേലാകാശത്തും കീഴിലുമുള്ള വായുവിന്റെ വീശുന്ന വാക്കും (Direction) ഊക്കവും (Velocity) അറിയേണ്ടതു് അത്യാവശ്യമായിത്തീന്നിരിക്കുന്നു. കപ്പലോട്ടത്തിനു് സമുദ്രത്തിന്റെ ആഴവും അടിയൊഴുക്കുകളും ഗണിച്ചു തിട്ടപ്പെടുത്തുന്ന അണ്ണവവിജ്ഞാനി (Hydro-grapher)യെപ്പോലെ, വായുവിന്റെ സമ്മർദ്ദം ചലനം മുതലായവ ഗണിച്ചു് നിർണ്ണയിക്കുന്ന അന്തരിക്ഷവിജ്ഞാനി (Atmographer)യും ഇന്നു പ്രാമാണ്യം വഹിക്കുന്നു. അവർ രണ്ടിനും പല പടങ്ങളും തയാറാക്കീട്ടുണ്ട്. ഊക്കൻപുഴകളിലെ ചുഴലികളിൽ കറങ്ങുന്ന വഞ്ചികൾക്കു പറവുന്ന ആപത്തുപോലെയാണ് ആകാശത്തുള്ള ചക്രവാതച്ചുഴലികളിൽ (Air pockets) അകപ്പെടുന്ന വ്യോമയാനങ്ങൾക്കു പറവുന്ന അപകടം. പല വിമാനങ്ങളും കുത്തികുത്തി (Noe sdive) തകന്നും എരിഞ്ഞും പോകുന്നതായി വത്തമാനപ്പത്രങ്ങളിൽ നാം വയിക്കാറുണ്ടല്ലോ. വായുചലനങ്ങളുടെ സൂക്ഷ്മജ്ഞാനമില്ലായ്കകൊണ്ട് വരുന്ന ദോഷമാണ് പലതും.

ഫെ്റൽധ്വരയുടെ നിരീക്ഷണപ്രകാരം ഭൂമിയോടു തൊട്ടുള്ള വായുവിന്ന് കൂടുതലായ ഊക്കം (Velocity) ഏകദേശം ൪൦ ഡിഗ്രി അക്ഷാംശപ്രദേശത്താണെന്നും, അവിടെനിന്നു ധ്രുവങ്ങളിലേക്കും മദ്ധ്യരേഖാപ്രദേശങ്ങളിലേക്കും അടുക്കുംതോറും കാററിന്ന് ഊക്കം കുറഞ്ഞുവരുന്നു എന്നും കണ്ടിരിക്കുന്നു. ഞായവും അപ്രകാരം വരാനാണ്. സമുദ്രസാമീപ്യം, ഋതുഭേദം, ദിനവേള, ദേശസ്വഭാവം (അതായതു് ജലമൊ, മലയൊ, തുറന്ന പരപ്പൊ, ഇടുങ്ങിയ ഇടമൊ എന്നുള്ള ഭേദങ്ങൾ) എന്നുള്ളവ സമീപവർത്തിയായ വായുവിൻെറ ചലനവേഗത്തിന്നു കാര്യകാരികളാകുന്നു. സാമാന്യേന, ആണ്ടൊട്ടുക്കുള്ള ശരാശരിക്കണക്കു നോക്കിയതിൽ,

| | | | |
|---|---|---|---|
| തെന്നേഷ്യയിൽ മണിക്കൂറിൽ | | 6.5 | മൈലും |
| യൂറോപ്പിൽ | ,, | 10.3 | ,, |
| അമേരിക്കയിൽ | ,, | 9.5 | ,, |
| പശ്ചിമെൻഡീസ് ദ്വീപങ്ങളിൽ | ,, | 6.2 | ,, |

കാററിന്നു വേഗമുണ്ടെന്ന് ഗണിച്ചറിഞ്ഞിരിക്കുന്നു. യൂറോപ്പിൽ സാമാന്യമായി പത്തു മൈൽ വേഗത്തിൽ വീശുന്ന കാററ് അതലാന്തികാണ്ണവത്തിൻെറ വടക്കുഭാഗത്തു് 29 മൈൽ വേഗമുള്ളതായിരിക്കുന്നു. ഇൻഡ്യയിലും ഇങ്ങനെ ഭേദഗതി കാണുന്നുണ്ടു:—

| | | | | |
|---|---|---|---|---|
| ബാംബയിൽ പ്രതിദിനം | | 408 | മൈൽ | വേഗത്തിലടിക്കുന്ന കാററു് |
| കല്കത്താവിൽ | ,, | 123 | , | വേഗത്തിലും |
| അലഹബാദിൽ | ,, | 91 | , | ,, |
| രൂക്കിയിൽ | ,, | 65 | , | ,, |

കുറഞ്ഞു കാണുന്നു. കല്കത്താ, സമുദ്രത്തിൽനിന്ന് നൂറും, അലഹബാദ്, അഞ്ഞൂറും, രൂക്കി എണ്ണൂറും മൈൽ വീതം അകലെയാണെന്ന് ഓർമ്മിക്കണം.

ആകാശത്തിലേക്ക് ഉയരുന്ന ക്രമത്തിന്നും കാററിന്നുള്ള വേഗം കൂടുതലാകുന്നു. ഉരസലിൻെറ (Friction) കുറവും, ഉഷ്ണമേഖലയിൽ നിന്നുയരുന്ന ചൂടുകാററ് ധ്രുവങ്ങളിലേക്കു പായുന്ന ചായ്വിൻെറ (Slope) കൂടുതലുമാണ് ഇതിന്നു കാരണം. തറയിൽനിന്ന് നൂറടിവരെ പൊക്കത്തിൽ വൃക്ഷങ്ങൾ മുതലായവയുടെ പ്രതിബന്ധംകൊണ്ടു വായുവിൻെറ ഗതിവേഗത്തിന്നു വ്യത്യാസം വരാം. അതിന്നമേൽ വായുകണങ്ങൾ (Molecules) തമ്മിൽ ഉരസുന്നതിൻെറ കുറവുകൊണ്ടു് വേഗത്തിന്നു കൂടുതലുണ്ടാകുന്നു. വാതകങ്ങൾക്കു (Gas) സ്നിഗ്ദ്ധത Viscosty) എന്നൊരു ഗുണമുണ്ടു്. പതിയൻശക്കരയിൽ ഒരു തവി കുത്തിയിറക്കുക. അതിന്നു തടവുണ്ടാകുന്നതെങ്ങിനെയാണ്.? തവിക്കു് അഭിമുഖമായുള്ള കട്ടികൊണ്ടു മാത്രമല്ല, ചുററു നിന്നു് ഒലിച്ചിറങ്ങുന്ന ശക്കരയുടെ തള്ളൽകൊണ്ടുമാണ്. അതുപോലെ

യാണ് വായുവിലും സംഭവിക്കുന്നത്. കീഴിലുള്ള വായു മേലോട്ട് ഉന്തിക്കയറുമ്പോൾ ഒരു പ്രതിബന്ധമുണ്ട്. മേലോട്ടു പോകുന്തോറും ഈ തള്ളൽ കുറഞ്ഞുവരും. അപ്പോൾ ഗതിവേഗം കൂടും.

വായുകണങ്ങളുടെ (Mole Cules) തങ്ങളിൽ തിരക്കിന് ഒരു ഉദാഹരണം പറയാം. ഉത്സവം കാണാൻ ആളുകൾ കൂട്ടമായി നടക്കുന്നതു നോക്കുക. എല്ലാവരും മുന്നോട്ട് ഒരു ദിക്കിലേയ്ക്കുതന്നെയാണ് നടക്കുന്നത്. ചിലർ വേഗത്തിലും ചിലർ പതുക്കേയും നടക്കകൊണ്ടും, ഇടയ്ക്ക് ചിലർ കുറുക്കെ ചാടുകയും തിക്കിക്കയറുകയും ചുററുമുള്ള കാഴ്ചകൾ നോക്കി ചിലർ നില്ക്കുകയും ചെയ്യുന്നതുകൊണ്ടും പുരുഷാരത്തിൻെറ ആകമാനമുള്ള ഗതിക്ക് മാന്ദ്യം ഭവിക്കുന്നു. അതുപോലെ എറുമ്പുകൾ വരിവച്ചിഴയുമ്പോഴും അവയുടെ ഗതിവേഗത്തിനുള്ള തടസ്ഥം കാണാം. വായുകണങ്ങളുടെ ഗതി ഇപ്രകരമാണ്. കീഴിലും മേലുമുള്ള വായു തമ്മിൽ കൂടിക്കലരുമ്പോൾ ഇരുഭാഗത്തുമുള്ള കണങ്ങൾ അങ്ങോട്ടുമിങ്ങോട്ടുമായി സഞ്ചരിച്ച് വായുവിൻെറ ആകപ്പാടെയുള്ള ഗതിവേഗത്തെ കുറയ്ക്കുന്നു. ഇങ്ങിനെ തടഞ്ഞിരുന്നില്ലെങ്കിൽ മേലാകാശത്തുള്ള വായുവിൻെറ ഗതി സാമാന്യത്തിലധികം ശീഘ്രതയോടു കൂടിയതാകുമായിരുന്നു.

മേലോട്ടുപോകുന്തോറും കാററിൻെറ ഗതിവേഗം എത്രയുണ്ടെന്നും മററും യന്ത്രങ്ങളെക്കൊണ്ടു നിർണ്ണയിച്ചിട്ടുണ്ട്. സാമാന്യമായി പറയുന്നതായാൽ ആയിരം അടി പൊക്കത്തിന് മണിക്കൂറൊന്നിന് രണ്ടു മൈൽ വീതം കാററിൻെറ ഗതിവേഗം കൂടുമെന്നു പറയാം. അമേരിക്കയിൽ നാല്പതും അൻപതും നിലകൾ പൊക്കി കെട്ടീട്ടുള്ള ആകാശമേടകൾ (Sky-scrappers) പോലും അന്തരിക്ഷത്തിൻെറ പൊക്കത്തിൽ ഒരു അണുമാത്രമെ ആകുന്നുള്ളു. അത്യുന്നതത്തിൽ പറക്കുന്ന വിമാനങ്ങൾ അന്തരിക്ഷത്തിൻെറ പൊക്കത്തിൽ ഇരുപതിലൊന്നു പൊങ്ങുന്നില്ല. പിന്നെ അത്യുന്നതപ്രദേശത്തുള്ള അന്തരിക്ഷ ചലനത്തെ എങ്ങനെ ഗണിക്കാമെന്ന് നിങ്ങൾ ശങ്കിക്കുന്നുവോ.? മേഘങ്ങളുടെ സഞ്ചാരംകൊണ്ടു മുപ്പതിനായിരം അടിയുയരംവരെയുള്ളയുതു ഗണിക്കാം. അവിടെ മണിക്കൂറിൽ ഏകദേശം നൂറു മൈൽ വീതം വേഗത്തിൽ മേഘങ്ങൾ സഞ്ചരിക്കുന്നു. സാക്ഷാൽ എക്സ്പ്രസ്സ് ട്രെയിനുപോലും ഇത്ര വേഗമില്ല. അതിനു മേലാകാശത്തിൽ വേഗം കൂടിയിരിക്കുമെന്നൂഹിക്കാം.

UNIVERS... MADRAS 7 JUNE 1931

# * വീരപത്നിയുടെ സമരഗാനം

[നതോന്നത]

(പണ്ഡിതർ, ആർ. സി. ശർമ്മ.)

പോയിരിപ്പൂ പ്രാണനാഥൻ പോർക്കളത്തിൽ പരന്മാർതൻ
പോർവിളിക്കു പ്രതിവാക്കു പകരമേകാൻ,
അജേയരാമഹിതരെയടരിൽ തോല്പിച്ചു വീര-
വിജയശ്രീയേയും കൊണ്ടുമടങ്ങിപ്പോരാൻ,
മാനനീയമാകുമഭിമാനത്തിൻ പാദത്തിൽ തന്റെ
പ്രാണനെ പ്രീതിയോടൊത്തു ബലികഴിപ്പാൻ,
മരണസിന്ധുവെ മഥിച്ചമരനാകുവാൻ—രണ-
ധരണിയിൽ ധാവനിന്നു പോയിരിക്കുന്നു.

സധവയോ വിധവയോ—വിധിപോലാകട്ടെ; യേതു
വിധവും നിൻ ശിരസ്സേററമുയർന്നുമിന്നും.
എഴുന്നേല്ക്കു കെഴുന്നേല്ക്കു, കഴകിൽ കെട്ടുക കുന്തൽ;
മിഴിനീർതുടയ്ക്കൂ വീരനാരിമാർമൌലേ!

പരിചകൾ പരസ്പരം പരിചയപ്പെട്ടുംലിക്കിൽ-
ത്വരിതം ഖഡ്ഗങ്ങൾ തമ്മിൽ പുണരുംദിക്കിൽ-
കുടിലഭ്രൂഭംഗിമുഖത്തിടകലു നടമാടുമ്പോ-
ളുടനുടനട്ടഹാസം പൊങ്ങുമിടത്തിൽ-
ധമനികൾ തോറും രക്തം തിളച്ചുകേറുമിടത്തിൽ-
യമപുരഭയങ്കരരണരംഗത്തിൽ
ശത്രുവിൻ നിമന്ത്രണത്തെസ്സത്വരം കൈക്കൊണ്ടു വീര-
പത്നി! നിന്റെ ഭർത്താവിന്നു പോയിരിക്കുന്നു.

സധവയോ വിധവയോ—വിധിപോലാകട്ടെ; യേതു
വിധവും നിൻ ശിരസ്സേററമുയർന്നുമിന്നും
എഴുന്നേല്ക്കു കെഴുന്നേല്ക്കു, കഴകിൽ കെട്ടുക കുന്തൽ;
മിഴിനീർതുടയ്ക്കൂ വീരനാരിമാർമൌലേ!.

സാന്ത്വനമോതുകില്ലാരും, സ്വാന്തധൈര്യമററുതോററു
പിന്തിരിഞ്ഞോടുകില്ലാരു, മസ്ഥലത്തിങ്കൽ

*തജ്ജമചെയ്തുവരുന്ന ഒരു ബങ്കാളിനാടകത്തിൽനിന്ന്.

ആയതു, രക്തത്തിൽമുങ്ങിക്കുളിത്തുടിക്കുംകൃഷ്ണകായ-
നായമൃത്യുവിന്റെ സാക്ഷാൽനടനരംഗം.
ഘോരമാമാർത്തനാദത്തെത്തകർത്തുവിജയപട-
ഹാരവങ്ങൾമുഴങ്ങുമപ്പോർമന്നിലല്ലോ,
ശൂരതകൾകാണിക്കുവാൻ ധീരതയോടൊത്തുനിന്റെ
വീരനാംവല്ലഭനിന്നുപോയിരിക്കുന്നു.

സധവയോ വിധവയോ— വിധിപോലാകട്ടെ; യെത്തു-
വിധവുംനിൻശിരസ്സേററമുയർന്നുമിന്നും
എഴുന്നേല്ക്കുകെഴുന്നേല്ക്കു,കഴകിൽകെട്ടുകക്കൂട്ടന്തൽ;
മിഴിനീർതുടക്ക വീരനാരിമാർമൌലേ!

ആഹവവഹ്നിയിൽസ്വജയമൈഹികക്ലേശങ്ങളെല്ലാ-
മാഹുതിചെയ്യാനദ്ദേഹം പോയിരിക്കുന്നു.
സമരത്തിൽജയംനേടിസ്സമയേവന്നിങ്ങുപൂകും;
അമരി,ലഥവാ, മരിച്ചമരനാകും.
അഞ്ചിതമാമാമഹിമ നെഞ്ചകത്തിലേററിക്കൊണ്ടു
പുഞ്ചിരിതൂകിനിനക്കും പഞ്ചത്വംപൂകാം.

സധവയോവിധവയോ—.വിധിപോലാകട്ടെ; യെത്തു
വിധവുംനിൻശിരസ്സേററമുയർന്നുമിന്നും.
എഴുന്നേല്ക്കുകെഴുന്നേല്ക്കു, കഴകിൽകെട്ടുകക്കൂന്തൽ;
മിഴിനീർതുടയ്ക്കു വീരനാരിമാർമൌലേ.!

# നമ്മുടെ സ്ക്കൂളുകളിലെ ചരിത്രപഠനം.

(ആണേലിൽ കരുണാകരമേനോൻ ബി. എ.)

നമ്മുടെ സ്ക്കൂളുകളിലുള്ള ഇന്നത്തെ ചരിത്രപഠനസമ്പ്രദായം തീരെ തൃപ്തികരമല്ലെന്നു ചരിത്രം പഠിപ്പിക്കുന്ന അധ്യാപകന്മാർ മാത്രമല്ല, സാമാന്യം എല്ലാപേരും സമ്മതിക്കുന്നതാകുന്നു. എന്നാൽ ഈ സമ്മതം കൊണ്ടു മാത്രം കാൎയ്യമായില്ല. അതിന്റെ ന്യൂനത എവിടെ ആണെന്ന് അറിഞ്ഞു അതിനെ പരിഹരിക്കാൻ നാം ശ്രമിക്കുന്നില്ല. ബുദ്ധിശൂന്യമായിട്ടുള്ള വയായാലും വേണ്ടില്ല, മാമൂലുകളെ ലംഘിക്കുന്നതിൽ നമുക്കുള്ള

വൈമനസ്യമാണ് ഈ അലസതയ്ക്കുള്ള പ്രധാനകാരണം. പണ്ടൊരാൾ ഒരു സമ്പ്രദായം തുടങ്ങി എന്നുവെച്ച് നാമും അതിനെ കണ്ണടച്ചു തുടൎന്നുകൊണ്ടുപോകണമെന്നില്ല. ഇതു ബുദ്ധിശൂന്യതയുടേയൊ സ്വരാജ്യസ്നേഹക്കുറവിന്റെയൊ ലക്ഷണമല്ലെന്ന് എങ്ങിനെ സമാധാനിക്കാം. യഥാൎത്ഥമായ ചരിത്രം എന്നാൽ എന്തെന്നൊ, അതു പഠിക്കുന്നതിന്റെയൊ പഠിപ്പിക്കുന്നതിന്റേയൊ പരമമായ ഉദ്ദേശം എന്തെന്നൊ അറിയുന്നതിനുള്ള ക്ഷമയൊ അഥവാ ധൈൎയ്യമൊ നമുക്കില്ല. ചരിത്രം പഠിക്കുന്നതും പഠിപ്പിക്കുന്നതുംതന്നെ വേറെ തൊഴിലൊന്നും ഇല്ലാഞ്ഞിട്ടാണ് എന്ന അഭിപ്രായക്കാരും നമ്മുടെ ഇടയിലുണ്ട്. ചരിത്രത്തിന്റെ ഭാഗം വക്കാലത്തു പിടിച്ച് വാദിക്കുന്നതിനുള്ള അവസരമില്ലാത്തതുകൊണ്ട് അതിനിപ്പോൾ തുനിയുന്നില്ല. ഒന്നുപറയാതെ നിവൃത്തിയില്ല. ചരിത്രത്തെപ്പറ്റി ജനങ്ങൾക്കുള്ള മതിപ്പിന് ഒരിടിവു തട്ടിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദി ചരിത്രമല്ല. ഇന്നത്തെ ചരിത്രപഠനസമ്പ്രദായമാണ്.

നമ്മുടെ സ്കൂളുകളിൽ ഇന്നു പ്രധാനമായി പഠിപ്പിക്കുന്നതു് ഭാരതീയചരിത്രവും ആംഗ്ലേയചരിത്രവും ആണല്ലോ. ആദ്യമായി ഭാരതീയ ചരിത്രപഠനസമ്പ്രദായം എന്തെന്ന് നമുക്കൊന്നുപരിശോധിച്ചുനോക്കാം. ചരിത്രം എന്നുവെച്ചാൽ പഴംകഥയെന്നല്ല അൎത്ഥം. ചരിത്രം പഠിപ്പിക്കുക എന്നുവെച്ചാൽ ഇന്നത്തെ ജീവിതത്തോടു യാതൊരു ബന്ധവുമില്ലാത്ത ചില പഴംകഥകൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുകയുമല്ല. അതിലും എത്രയൊ മഹത്തും പാവനവും ആയ ഒന്നാണ് ചരിത്രപഠനം. അതിന്റെ ആദൎശങ്ങൾ എത്ര മഹനീയങ്ങളാണ്. മററുള്ള വിഷയങ്ങളെപ്പോലെ തന്നെ ചരിത്രത്തിനും ശരിയായ വളൎച്ചയുണ്ടെന്നുള്ള സംഗതി നാം തീരെ വിസ്മരിക്കുന്നു. ചരിത്രത്തെ സംബന്ധിച്ചും നവംനവങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും ദിവസവും പുറത്തു വന്നുകൊണ്ടിരിക്കുന്നതു് മനസ്സിലാക്കുന്നതിൽ നാം ശ്രദ്ധിക്കുന്നില്ല. ചരിത്രാന്വേഷണം എന്നതു് നമുക്കാലോചിക്കക്കൂടി വയ്യ. മാൎസഡന്റേയൊ മററതെങ്കിലും ആളുടേയൊ ചില ഒന്നിനും കൊള്ളാത്ത പുസ്തകങ്ങൾ കുട്ടികളെക്കൊണ്ടു വാങ്ങിപ്പിച്ചു വിഷയത്തിൽ ഒരു അഭിരുചിയും ഇല്ലാതെ, കൂടാതെ നിവൃത്തിയില്ലല്ലൊ എന്ന മട്ടിൽ, കുട്ടികളെ പഠിപ്പിക്കുന്നതുകൊണ്ടു മാത്രം നാം തൃപ്തിപ്പെടുന്നു. ഇതു് ഏററവും പരിതാപകരമായ ഒരു അവസ്ഥയാണ്.

ചരിത്രപഠനത്തിനു പലേ ഉദ്ദേശങ്ങൾ ഉള്ളതിൽ പ്രധാനമായതു് ഒരുവൻ ജനിച്ചുവളൎന്നനാടിനോട് അതിയായ ഭക്തിസ്നേഹബഹുമാനാദികൾ അവനിൽ ഉണ്ടാക്കുക എന്നുള്ളതാകുന്നു. അതായതു് തന്റെ നാ

ടിന്റെ നന്മയ്ക്കുവേണ്ടി, വേണ്ടിവന്നാൽ പ്രാണനെക്കൂടി ത്യജിക്കുവാൻ ഉള്ള ഒരു സന്നദ്ധത ഉണ്ടാക്കുക എന്നുള്ളതാകുന്നു. ഇന്നത്തെ സമ്പ്രദായം ഈ ഉദ്ദേശത്തെ തീരെ സാധിക്കുന്നില്ലെന്നു മാത്രമല്ല വിപരീതഫലവും കൂടി ഉണ്ടാക്കുന്നു. ഞങ്ങളെന്താണ് ചെയ്യുക, ശരിയായ പാഠ്യപുസ്തകം ഇല്ലല്ലൊ, എന്നുള്ള അദ്ധ്യാപകന്മാരുടെ സമാധാനം എത്രകണ്ടു സാധുവായിട്ടുള്ളതാണ് എന്നുള്ളതു് അവർതന്നെ ആലോചിക്കേണ്ടതാണ്. ഒരാൾക്ക് അദ്ധ്യാപകനായിരിക്കുവാനുള്ള യോഗ്യത വേണമെങ്കിൽ അയാൾ ഒരു വിദ്യാർത്ഥിയായിരിക്കണം. വിദ്യാർത്ഥി എന്നുള്ള നില എന്ന് അവസാനിക്കുന്നുവോ അന്ന് അദ്ധ്യാപകനാകുന്നതിനുള്ള അയാളുടെ യോഗ്യതയും അവസാനിക്കുന്നു.

ഭാരതീയചരിത്രം പഠിപ്പിക്കുന്നതിന് മുഖവുരയായി നാം ഇന്നു കുട്ടികളെ പഠിപ്പിക്കുന്നതു്, ഇന്ത്യാക്കാർക്കു ശരിയായ ചരിത്രമില്ല; ചരിത്രമെഴുതുക എന്ന സമ്പ്രദായവും അവർക്കുണ്ടായിരുന്നില്ല. പിന്നെ പൂർവ്വന്ത്യാസംഘക്കാർ വന്നതിനുശേഷമാണ് ഏതാണ്ടു പുറത്തു കാണിക്കാൻ കൊള്ളാവുന്ന ഒരു ചരിത്രം ഇന്ത്യക്കുണ്ടായിട്ടുള്ളതു്; അതിനുമുമ്പു വെറും ശൂന്യത മാത്രമാണ് എന്നാകുന്നു. ഈ മുഖവുര-സാമാന്യം നല്ല മുഖവുര-കഴിഞ്ഞാൽ പിന്നെ ക്രമേണ ചരിത്രത്തിലേക്കു് പ്രവേശിക്കുകയായി. ഇന്ത്യയിലെ ആദിമനിവാസികൾ ഒരു പരിഷ്കാരവുമില്ലാത്ത കാടന്മാർ ആയിരുന്നു. ഓരോരുത്തരായി വിദേശീയർ വന്നു ഇന്ത്യയെ കീഴടക്കി. അവസാനം ഇംഗ്ലീഷുകാർ വന്നു. സുപ്രസിദ്ധമായ ക്ലൈവിന്റെ ആർക്കാട്ടുനിരോധത്തിൽ നാട്ടുകാർ കഞ്ഞിവെള്ളം മാത്രം കുടിച്ചും ചോറൊക്കെ ഇംഗ്ലീഷുപട്ടാളക്കാർക്കു കൊടുത്തും അവരെ സഹായിച്ചു. 1757-ൽ പ്ലാസിയിലെ യുദ്ധമുണ്ടായി. അന്നുമുതല്ക്കാണ് ഇന്ത്യക്കു ശരിയായി ചരിത്രം തുടങ്ങുന്നതു്. അന്നുമുതല്ക്കാണ് ഇന്ത്യാചരിത്രത്തിന്റെ സുവർണ്ണകാലം. ഈ തരത്തിൽ പഠിച്ചും പഠിപ്പിച്ചും കുട്ടികൾക്കു്, നമ്മുടെ നാട്ട് മഹാമോശം—നമ്മുടെ പൂർവികന്മാർ മണ്ടന്മാർ-വിദേശീയരാണു നമ്മുടെ നാടിനെ ഇങ്ങനെ ആക്കിത്തീർത്തതു്—അവരാണ് നമ്മുടെ ശരിയായ രക്ഷകന്മാർ—അവരോടു നമുക്കുള്ള കടമ ചില്ലറയല്ല, കണ്ടില്ലെ തീവണ്ടി-കമ്പി, കമ്പിയില്ലാക്കമ്പി-എന്തെല്ലാം സൌകര്യങ്ങളാണ്-കിഴങ്ങുതിന്നു് കണ്ണുമടച്ചു് വല്ല ഗുഹകൾക്കകത്തിരുന്നിരുന്ന ആ ചങ്കന്മാർ, നമ്മുടെ പൂർവികന്മാർ, ഇതൊക്കെ സ്വപ്നത്തിൽക്കൂടി കണ്ടിട്ടുണ്ടായിരിക്കയില്ല—നഗ്നത കൂടി മറയ്ക്കുന്നതിനുള്ള വിദ്യാഭ്യാസം അവർക്കുണ്ടായിരുന്നില്ല—ആ കാടന്മാരാണ് നമ്മുടെ പൂർവികന്മാർ എന്നു പറയുവാൻകൂടി ലജ്ജയാകുന്നു. ഇപ്പോൾനോക്കു, നല്ല നേവിബ്ലൂകോട്ട്, ടൈ, കോളർ എന്തൊരു പരിഷ്കാ

ൻം. ഇത്തരത്തിലുള്ള ഒരു ബോധമുണ്ടായിവരുന്നു.

ഇതിന് ഒരു അറുതിവരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മാർസഡന്റേയൊ സ്മിത്തിന്റേയൊ ചില പുസ്തകങ്ങൾ മാത്രം പഠിച്ചു കൊണ്ട് അദ്ധ്യാപകൻ ക്ലാസിൽചെന്നാൽ മുകളിൽ പറഞ്ഞതിൽ കൂടുതൽ ഫലമൊന്നുമുണ്ടാവുകയില്ല. ഇത്തരത്തിലുള്ള പുസ്തകങ്ങളെ ആശ്രയിക്കുന്നതേ അബദ്ധമാണ്. ഭാരതീയചരിത്രം നാം പഠിക്കുമ്പോഴും അതിന്റെ മഹത്തായ ആദർശങ്ങൾ നമ്മുടെ ഉള്ളിൽ ഉണ്ടായിരിക്കേണ്ടതാണ്.

ആദ്യമായി വേണ്ടതു് വളരെക്കാലമായി കുട്ടികൾ പഠിച്ചുകൊണ്ടു വരുന്ന അബദ്ധങ്ങൾ എല്ലാം അവരോടു മറക്കുവാൻ പറയുകയാണ്. പിന്നീട് ഇന്ത്യക്കു ചരിത്രമില്ല എന്ന മുഖവുര മാററി അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും എഴുന്നീററുനിന്ന് കണ്ണടച്ചു കൈകൾകൂപ്പി,

ജനനീജന്മഭൂമിശ്ച
സ്വർഗ്ഗാദപിഗരീയസി

എന്ന മഹദ്വാക്യം ആവുന്നതും പ്രാവശ്യം ഉരുവിടുകയാണ വേണ്ടതു്. ഇതു് എത്ര പ്രാവശ്യം ആവർത്തിച്ചാലും ആ സമയം വ്യഥാവിലാകയില്ല. പിന്നീട് അദ്ധ്യാപകൻചെയ്യേണ്ടതു് ആ വാക്യത്തിന്റെ തത്വം കുട്ടികളെ നല്ലപോലെ മനസ്സിലാക്കികൊടുക്കുകയാണ്; താനും മനസ്സിലാക്കണം. ഇതു് ഇത്ര മണിക്കൂറിനുള്ളിൽ കഴിക്കണം എന്നു ക്ലിപ്തപ്പെടുത്തുവാൻ പ്രയാസമാണ്. ഇതു നല്ലവണ്ണം കുട്ടികളുടെ ഉള്ളിൽ വേരുറച്ചുകഴിഞ്ഞാൽ അവരുടെ ഉള്ളിൽ മുളച്ചുനില്ക്കുന്ന സ്വരാജ്യസ്നേഹച്ചെടിയെ വളർത്തിക്കൊണ്ടു വരികയായിരിക്കണം നമ്മുടെ പിന്നത്തെ ശ്രമം. അതിന് രണ്ടാമതു കുട്ടികളെ പഠിപ്പിക്കേണ്ടതു് ഇതരരാജ്യങ്ങളെ അപേക്ഷിച്ചു ഭാരതഭൂമിക്കുള്ള പ്രത്യേകയോഗ്യത എന്തെന്നുള്ളതാകുന്നു. ഇതു് അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാകുന്നു. ആദികാലംമുതൽക്കുതന്നെ ലോകത്തിൽ അനവധി വമ്പിച്ച സാമ്രാജ്യങ്ങൾ ഉണ്ടാവുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, പറയുവാൻ വയ്യാത്തവിധത്തിലുള്ള അരിഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭാരതഭൂമി മാത്രം ഇന്നും ശാശ്വതമായ കീർത്തിധാവല്യത്തോടെ ലോകരംഗത്തിൽ ഒരു കിടാവിളക്കായി പരിലസിക്കുന്നതിന്റെ രഹസ്യമെന്താണ്.? ഇതു കുട്ടികൾക്കു് മനസ്സിലായാൽ ഇന്ത്യക്കു ചരിത്രമുണ്ടോ, ഇന്ത്യയിലെ ആദിമനിവാസികൾ കാടന്മാരായിരുന്നോ, അവൎക്കു് പരിഷ്കാരം ഉണ്ടായിരുന്നോ എന്നുള്ള കാൎയ്യമൊക്കെ അവൎക്കു് എളുപ്പത്തിൽ മനസ്സിലാവും. ഭാരതഭൂമി നശിക്കാതെ ഒരു കിടാവിളക്കായി പരിലസിക്കുന്നതിന്റെ കാരണം അതിന്റെ ശക്തി ഭൌതികമല്ല, ആത്മീയമാണ് എന്നുള്ളതാണ്. ആത്മീയകാൎയ്യങ്ങളെക്കുറി

ച്ച് പ്രതിപാദിക്കുന്ന വിശിഷ്ടങ്ങളായ വേദാന്തഗ്രന്ഥങ്ങൾ പുരാതനഇന്ത്യയിൽ മഹർഷിപുംഗവന്മാർ ഗുഹകൾക്കകത്ത് കണ്ണുമടച്ചു ഫലമൂലാദികൾ ഭക്ഷിച്ച് സേഫ്ടിറേസറിന്റെയും നേവിബ്ലൂവിന്റെയും സഹായം കൂടാതെ തന്നെ നിർമ്മിച്ച് അവരുടെ അനന്തരപരമ്പരകൾക്ക് പ്രദാനം ചെയ്തിട്ടുള്ളവയാകുന്നു. ആത്മീയം വേദാന്തം മുതലായ വാക്കുകൾക്ക് സ്കൂളിനുള്ളിൽ പ്രവേശനം അനുവദിക്കുന്നതുതന്നെ കുട്ടികളെ ചീത്തയാക്കാനാണെന്നുള്ള അഭിപ്രായക്കാരും നമ്മുടെയിടയിൽ ധാരാളമുണ്ടെന്ന് എനിക്കറിയാം. പക്ഷെ അവരുടെ അഭിപ്രായത്തെ ഞാൻ തീരെ വിലവെയ്ക്കുന്നില്ല. മഹർഷിമാരെ പററിയും വേദാന്തതത്വങ്ങളെ പററിയും കുട്ടികളെ പഠിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. അതുപോലെതന്നെ പുരാണങ്ങളിലും കുട്ടികൾക്ക് അഭിരുചിയുണ്ടാക്കി കൊടുക്കണം. അവയിൽ പ്രതിപാദിച്ചിട്ടുള്ള ശ്രീകൃഷ്ണൻ, ശ്രീരാമൻ, ധർമ്മപുത്രർ, ഹരിശ്ചന്ദ്രൻ മുതലായവർ ചരിത്രപുരുഷന്മാരായിരുന്നു എന്ന മഹാതത്വം കുട്ടികൾക്കു മനസ്സിലായാൽ അവരുടെ കാരണവന്മാർ കാടന്മാരല്ല, മണ്ടന്മാരല്ല എന്ന് അവർക്കു എളുപ്പത്തിൽ മനസ്സിലാകും. ഇവർ ചരിത്രപുരുഷന്മാരായിരുന്നോ എന്ന് സംശയിക്കുന്ന പല മാന്യന്മാരും നമ്മുടെയിടയിലുള്ള സ്ഥിതിക്കു ഇതു പ്രത്യേകം എടുത്തു പറഞ്ഞതാണ്. ഈ മഹാന്മാരുടെ ചരിത്രവും അശോകൻ, ചന്ദ്രഗുപ്തൻ, അക്ബർ മുതലായ ചക്രവർത്തിമാരുടെ യഥാർത്ഥ ചരിത്രവും കുട്ടികളെ പഠിപ്പിച്ചാൽ തീർച്ചയായും അവർ നമ്മുടെ നാടിനെ സ്നേഹിക്കുകയും പൂജിക്കുകയും ചെയ്യും. അവർ ഉത്തമന്മാരായ ദേശാഭിമാനികളായിത്തീരും. പ്ലാസിയിലെ യുദ്ധം ഇന്ത്യാചരിത്രത്തിന്റെ തുടക്കമല്ല അവസാനമാണെന്ന് അവർക്കുതന്നെ മനസ്സിലാകും. 1757-ൽ സ്വതന്ത്രഭാരതത്തിന്റെ ചരിത്രം അവസാനിച്ചു. പിന്നീടുള്ളതു് അടിമഭാരതത്തിന്റെ ചരിത്രം മാത്രമാണ്. ഇങ്ങിനെ പഠിപ്പിച്ചുകൊണ്ടു വരുന്നതിനിടക്ക് നമ്മുടെ പൂർവ്വികന്മാർക്കുണ്ടായിരുന്ന ദൂഷ്യങ്ങളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതും നമ്മുടെ ചുമതലയാണ്. അതു് ഭാവിസ്വതന്ത്രഭാരതത്തിലെ ഉത്തമപൗരന്മാരായിത്തീരേണ്ട ഇന്നത്തെ വിദ്യാർത്ഥികൾക്കു വളരെ ഉപകാരപ്രദമായിരിക്കും. സംശയമില്ല.

ഈ രീതിയിൽ ഭാരതീയചരിത്രം പഠിപ്പിക്കുന്നതായാൽ ചരിത്രാദ്ധ്യാപകന്മാർ എന്നഭിമാനിക്കുന്ന നാം നമ്മുടെ ചുമതല ഏതാണ്ടു നിറവേററുന്നു എന്ന് സമാധാനിക്കാം.

# എന്നു വിവാഹം ചെയ്യണം?

(പി. ആർ. നീലകണ്ഠൻനായർ)

## അതിനുള്ള സാധുപ്രമാണം എന്തു്.?

വിവാഹം ചെയ്യുന്നതിനുള്ള ഉചിതകാലം ഏതെന്നുള്ള ചോദ്യം അനാവശ്യമാണു്. ഏതു വ്യക്തിയെ ഉദ്ദേശിച്ചു് ഈ പൂർവ്വപക്ഷം ഉണ്ടാകുന്നുവോ അയാളുടെ സ്വഭാവം മററു പരിതസ്ഥിതികൾ ഇവയെ ആശ്രച്ചു കാലത്തിനു് അവ്യവസ്ഥ വന്നുപോകുന്നു. യൗവനത്തിനു ശേഷം മൈഥുനാവയവങ്ങൾ സന്തത്യുല്പാദനത്തിനു ശക്തങ്ങളെങ്കിലും അവയെ അക്കാലത്തു് ഉപയോഗിക്കണമെന്നു അർത്ഥമാകുന്നില്ല. അവയുടെ പ്രാരംഭപ്രകടനങ്ങൾ ശരീരമനസ്സുകളുടെ വളൎച്ചക്കും പക്വതക്കും ഉതകണമെന്നല്ലാതെ സന്താനോല്പാദനം കർത്തവ്യമായിരിക്കുന്നില്ല. ശൈശവവിവാഹം അതിനാൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. വികാരാവേശംകൊണ്ടു് വ്യയംചെയ്യുന്ന സിരാശക്തി ശരീരമനസ്സുകളുടെ വളൎച്ചക്കു് സ്ത്രീകൾക്കും പുരുഷന്മാൎക്കും ഒരുപോലെ ആവശ്യമുള്ളതത്രെ. പുരുഷന്മാർ യൗവനദശയെ പ്രാപിക്കുന്ന ആദ്യകാലങ്ങളിലെ ബീജത്തിനു് പൂർണ്ണയൗവനത്തിലേതിന്റെ ശക്തിയെ അപേക്ഷിച്ചു് തുലോം നിസ്സാരമായിരിക്കും. അതിനാൽ അരോഗദൃഢഗാത്രരായ ശിശുക്കളെ ഉല്പാദിപ്പിക്കുവാൻ പ്രാരംഭദശയിൽ സാധിക്കുന്നതല്ല. അതുപോലെതന്നെ ഗർഭധാരണത്തിനു് ഉചിതമായ ബലം ഗർഭാശയത്തിനു പെൺകുട്ടികൾക്കും ഇക്കാലത്തുണ്ടായിരിക്കയില്ല. യൗവനത്തിന്റെ പക്വദശയിൽ സന്തത്യുല്പാദനത്തിനും മാനസികശക്തികളെ ബലിഷ്ഠമാക്കുന്നതിനും ശരീരപുഷ്ടിയും സൗഷ്ഠവവും ഉണ്ടാക്കുന്നതിനുമായി പ്രാരംഭവിജൃംഭണം നിയന്ത്രിതമായിരിക്കേണ്ടതാണു്.

വിഷയാഭിലാഷത്തിനുള്ള ശക്തിയെ കവിഞ്ഞു് ശരീരദാർഢ്യം ഇല്ലാതെ ഒരുവൻ യൗവനാരംഭത്തിൽ തന്നെ അമിതഭോഗലോലുപനായി കഴിഞ്ഞുകൂടിയാൽ ലോകം ദുഃഖഭൂയിഷ്ഠമായും നിരാശാകലുഷമായും തോന്നപ്പെടുന്നതാണു്. മിതമായും വിഹിതമായും ജീവിതസംയമം ചെയ്യുന്ന ഒരുവൻ സുഖജീവിതത്തിൽ പ്രയാണമാരംഭിക്കുമ്പോൾ സമവയസ്കനായ ഒരു വിഷയലോലുപൻ വൃദ്ധനും, ശക്തിവിഹീനനും, ലോകസൗന്ദൎയ്യത്തെ വെറുക്കുന്നവനുമായി കഴിഞ്ഞുകൂടേണ്ടിവരും. ആരോഗ്യം പൂർണ്ണമായി വളരുന്ന ഒരുവനു് വൈവാഹികകാലം ഇരുപത്തിഒന്നിനും ഇരുപത്തിഅഞ്ചിനും മദ്ധ്യേയുള്ള ഒരു വയസ്സായിരിക്കുന്നതു് ദോഷഹേതുവല്ല. പെൺ

കുട്ടിയുടെ വയസ്സ് പതിനെട്ടിനും ഇരുപത്തിഒന്നിനും മദ്ധ്യമാകുന്നതും വിഹിതമാണ്. ഇക്കാലത്തിന് മുൻപുള്ള വിവാഹം പ്രായേണ ആരോഗ്യത്തിന് ആപല്ക്കരവും ഹാനികരവുമാകുന്നു. ശ്ലേഷ്മപ്രകൃതികളും വിഷയാസക്തി കുറഞ്ഞവരും ആയ ചിലർ സ്വയമേവ ആത്മനിയന്ത്രണമുള്ളവരായിരിക്കും. അങ്ങിനെ അല്ലാത്തവർ ബാല്യവിവാഹം സ്വീകരിച്ചാൽ കഷണ്ടി, കാഴ്ചക്കുറവ്, അവയവസാദം, നര എന്നിവ അകാലബാധിതരായി കാണപ്പെടുന്നു. പെൺകുട്ടികളെ സംബന്ധിച്ചു പറയുമ്പോൾ കഷ്ടിച്ച് ഇരുപത്തിയഞ്ചു വയസ്സിനുമുമ്പ് കവിളൊട്ടി, കണ്ണുകുഴിഞ്ഞ് വാർദ്ധക്യത്തിൽ കാലുവെച്ചതായി കാണപ്പെടുന്നു. ഈ കാരണംകൊണ്ടുതന്നെ മാനസികശക്തിക്കും ഈ പരിമാണത്തിൽ ക്ഷയം വരുമെന്ന് ശരീരവിജ്ഞാനികൾ സമ്മതിക്കുന്നുമുണ്ട്. ബ്രഹ്മചര്യാചരണകാലം ക്രമത്തിലധികം നീട്ടുന്നതും അനുകരണീയമല്ല. ഒരു മദ്ധ്യനില സ്വീകരിക്കുന്നതാണ് ഉത്തമം. അവിവാഹിതനിലയിൽ ദീർഘകാലം കഴിച്ചുകൂട്ടുന്നതു് ബാല്യവിവാഹംകൊണ്ടുണ്ടാകുന്ന സൗന്ദര്യഹാനിയോടൊപ്പം ആപല്ക്കരംതന്നെയാണ്. അതിനാൽ മുപ്പതുവയസ്സു തികഞ്ഞ ഒരു കന്യകയുടെ സാമഞ്ജസ്യം വളരെ കുറഞ്ഞുപോകുന്നു. സദാചാരവ്യതിയാനം വന്നിട്ടില്ലാത്ത ഒരു പരിണീത—കൂടിയതു പത്തുകൊല്ലത്തെ വൈവാഹികജീവിതം കഴിച്ചുകൂട്ടിയവൾ—ആകാരമോടിയിൽ ആകർഷണീയമായ അംഗസൗന്ദര്യമുള്ളവളായിരിക്കും. യൗവനദശയുടെ തികവുവന്ന ബ്രഹ്മചാരികൾ ഗൃഹസ്ഥാശ്രമജീവികളായവരേക്കാൾ ക്ഷണം വാർദ്ധക്യം അനുഭവിക്കുന്നതായി കാണാം.

ധനവാന്മാർ ദരിദ്രന്മാരേക്കാൾ മുമ്പ് വിവാഹംചെയ്യേണ്ടവരത്രെ. അവരുടെ ശരീരപോഷണത്തിൽ ഉള്ള വ്യത്യാസമാണ് ഇതിനു നിദാനം. വൃഷ്യാഹാരം, ഉദ്ദീപനങ്ങളായ പാനീയം എന്നിവ ജനനേന്ദ്രിയങ്ങളുടെ വളർച്ചക്കു സഹായിക്കുന്നവയാണ്. അതേസമയത്തു കൃഷീവലന്മാരുടെ സർവ്വസാമാന്യമായ ആഹാരം, ശാലി, സസ്യങ്ങൾ എന്നിവയത്രെ. ഇവ ഇന്ദ്രിയവളർച്ചയെ മന്ദഗതിയിലാക്കുന്നതുമാണ്. ആഹാരത്തിലും നടത്തയിലും ഉള്ള ഈ വ്യത്യാസംകൊണ്ട് ധനവാന്റെ മകൻ ഭാര്യാപദത്തിന് അർഹയാകുമ്പോൾ മററവൾ കേവലം വിവാഹാർഹയല്ല. കേൾക്കുമ്പോൾ അത്ഭുതമായി തോന്നുന്ന ചില പരമാർത്ഥവും കൂടിയുണ്ട്. പ്രേമകഥകൾ, ശൃംഗാരവിഷയമായ സംഭാഷണം, ആഡംബരത്തോടെ ഉത്സവാഘോഷങ്ങളെ സന്ധിക്കുക, സ്ത്രീപുരുഷന്മാർ ഇടകലന്ന് അടുത്തു പെരുമാറുക, കാമോദ്ദീപങ്ങളായ ചിത്രദർശനം എന്നീയോരോന്നും കാമത്തെ വർദ്ധിപ്പിക്കുന്നവയും യൗവനലക്ഷണങ്ങളെ ക്ഷണം വരിക്കുന്നവയും ആണ്. ഇവയോരോന്നും ബാല്യവിവാഹത്തെ അനുകൂലിക്കും. കൃത്രിമമായി യൗവനത്തെ വരിക്കുന്ന ഈ കൂട്ടർ അനന്തരജീവിതത്തിൽ ക്ലേശം

അനുഭവിക്കേണ്ടി വരുന്നതാണ്.

ഒരു സ്ത്രീ അവളുടെ അവയവങ്ങളുടെ വളർച്ചയും, ദൃർഢ്യവും വരുന്നതിനുമുമ്പ് വിവാഹബന്ധത്തിൽപെട്ടാൽ അവയുടെ വളർച്ചയെ രോധിക്കയും വിളർച്ച, കൃശത്വം എന്നിവ അവളിൽ ഉണ്ടാവുകയും ചെയ്യും വിവാഹാനന്തരം ഉടനടി ഗർഭധാരണം ചെയ്യുന്നതായാൽ മേൽപറഞ്ഞവ നിശ്ചയമായി സംഭവിക്കുന്നതാണ്. ഈവക സംഭവങ്ങൾക്കിടവരുത്തുന്ന യുവതികൾ ഗർഭസ്രാവം കൃച്ഛ്രപ്രസവം എന്നിങ്ങനെ പല അഹിതങ്ങളും അനുഭവിക്കേണ്ടിവരും. അനുപേക്ഷണീയങ്ങളായ വല്ല സംഗതികളാലുമല്ലാതെ യൗവനം (മാതൃത്വപിതൃത്വദശ) വന്നിട്ട് മൂന്നുനാലു കൊല്ലമെങ്കിലും ക്ഷമിച്ചിരിക്കുന്നതു് ശ്രേയസ്കരമായിരിക്കും. ഈ പ്രമാണത്തെ ലംഘിക്കുന്നതുകൊണ്ടുള്ള അത്യാഹിതങ്ങൾക്ക് ഉദാഹരണം സുലഭമത്രെ.

യുവാക്കന്മാരോടു് എനിക്കുപദേശിക്കുവാനുള്ളതു് അവർ ഇരുപത്തൊന്നുവയസ്സു വരെയെങ്കിലും കാമവികാരത്തെ, നിയന്ത്രിക്കേണ്ടതും പെണ്കുട്ടികൾ പതിനെട്ടുവയസ്സുവരെ വിവാഹബന്ധത്തിൽ പെടാതിരിക്കേണ്ടതുമാണെന്നു മാത്രമാണ്. ഈ കാലശേഷം വൈവാഹികഘട്ടമാണ്. പക്ഷെ ഈ കർമ്മം ഒരുവൻെറ ജീവിതത്തെ രൂപീകരിക്കുന്നു. ലോകരംഗത്തിൽ നടനത്തിനൊരുങ്ങുന്ന നമ്മുടെ ശ്രമം ചിലപ്പോൾ വിജയമായും പലപ്പോഴും പരാജയമായും വന്നേക്കാം.

മാനസികനിലയ്ക്കുന്നല്ല ശരീരഘടനക്കുകൂടി വൈപരീത്യമുള്ള ദമ്പതിമാൎക്കാണ് സൗന്ദൎയ്യവും ആരോഗ്യവുമുള്ള സന്തതികൾ ഉണ്ടാകുന്നതു്. സംഭാഷണവിമുഖനായ ഒരു പുരുഷന് അധികം സംസാരിക്കുന്ന ഒരു സ്ത്രീയും തദ്വിപരീതമായും ചേർന്നിരിക്കണം. അങ്ങിനെയല്ലെങ്കിൽ അവരുടെ സ്വഭാവസാദൃശ്യം മുഷിവിന്നു കാരണമായേക്കാം. ഉദ്വേഗവും ക്ഷമാപരതയും, ദുരാഗ്രഹവും സംതൃപ്തിയും ഒന്നിച്ചു ചേരേണ്ടതാണ്. അവരുടെ സ്വഭാവവൈപരീത്യം ആശാസ്യമായ മനോവികാരമുണ്ടാക്കുമെന്നു തന്നെയല്ല പരസ്പരം സ്വഭാവനിയന്ത്രണം ചെയ്യാനും ഇവൎക്ക് സാധ്യമായി വരുന്നു. ആകാരത്തിലും അളവിലും ദമ്പതിമാൎക്കുണ്ടാകാവുന്ന ഈ വ്യത്യാസം ശ്രേയോഭിവൃദ്ധിക്കു കാരണമത്രെ. ദീർഘകായനായ ഒരു പുരുഷന് അതേമാതിരിയിൽ സ്ത്രീമാതൃകയായിരിക്കുന്നില്ല. ആ വിധമുള്ള വിവാഹബന്ധത്തിൽപെട്ടു അധികം കഴിയുംമുമ്പെ അവരുടെ സൗന്ദൎയ്യമാതൃക പൊക്കക്കുറവായിത്തീരുന്നതാണ്. ദമ്പതിമാരിൽ കാണുന്ന ഈ ആകാരസാദൃശ്യം കൊണ്ടുണ്ടാകാവുന്ന ദോഷപരിഹാരം പ്രകൃതി ക്രമീകൃതനിയമംകൊണ്ടു് സാധിച്ചിരിക്കുന്നു.

# മഹദ്വാക്യങ്ങൾ.

## ആത്മദമനം.

1. ഞാൻ എന്റെ യജമാനനാണ്.
2. തനിക്കു താൻ നിയമമായാൽ നിയമനിർമ്മാണത്തിന്റെ ആവശ്യമെന്തു്?
3. ആത്മദമനം ധൈര്യത്തിന്റെ മറെറാരു രൂപമത്രെ.
4. ഒരു നഗരം ഭരിക്കുന്നവനേക്കാൾ സ്വഭരണം ചെയ്യുന്നവൻ ശ്രേഷ്ഠനാണ്.
5. തന്നെത്താൻ നിയന്ത്രിക്കുന്നവൻ മററുള്ളവരെ നിയന്ത്രിക്കും
6. സ്വശക്തിയിൽ സ്വയരക്ഷചെയ്യുന്നവൻ ബലവാന്മാരിൽ ബലിഷ്ഠനാണ്.
7. ഹൃദയത്തിൽതന്നെ വികാരങ്ങളെ നിയന്ത്രിക്കുന്ന അഭ്യാസമത്രെ യമികളുടെ അചഞ്ചലത്വനിദാനം.
8. ഏററവും നല്ല ഗവണ്മെൻറു ഏതു്.? നമ്മെതന്നെ ഭരിക്കുവാൻ പഠിപ്പിക്കുന്ന വ്യവസ്ഥകളത്രെ.
9. തന്റെ കോപത്തെ ജയിക്കുന്നവൻ ബലവാനായ ഒരു ശത്രുവിനെ ജയിക്കുന്നു.
10. സത്യമായ സദ്യശസ്സ് മൗനമായ ആത്മജയമത്രെ.
11. നാം നമ്മെ ജയിക്കുന്നതിനുള്ള സമരത്തോളം അത്ര കർക്കശമായ സംരംഭം മറെറാന്നില്ല.
12. സ്വാർത്ഥത്തെ തോല്പിച്ചവനോളം വലിയ ജയിതാവു് ആരുമില്ല.
13. അന്തരംഗസാമ്രാജ്യത്തിൽ പട്ടംകെട്ടി, വികാരം, കാമം, ഭീതി ഇവയെ ഭരിക്കുന്നവൻ രാജാവിനേക്കാൾ ഉത്തമനാണ്.
14. മാതൃകാമനുഷ്യന്റെ പരിപക്വനിലകളിൽ ഒന്ന് ആത്മദമനപ്രാവീണ്യമാണ്.
15. സ്വവികാരങ്ങളെ ആജ്ഞാവശംവദമാക്കാത്തവൻ സ്വതന്ത്രനല്ല തന്നെ.
16. കോപിക്കാൻ കഴിയാത്തവൻ മണ്ടനാണ്, പക്ഷെ കോപമില്ലാത്തവൻ ജ്ഞാനിയുമാണ്.

# ആദർശബാലമന്ദിരം.

(തുടച്ച്)

(മഹാത്മാഗാന്ധി)

കുട്ടി തന്റെ അധീനത്തിൽ വരാതിരിക്കുന്നതുവരെ മാതാവിനു സുഖം തോന്നുകയില്ല. കുട്ടി ആജ്ഞാനുസാരിയായിക്കഴിഞ്ഞാൽ അവനെ രാമനാമം പഠിപ്പിക്കും. ഈ രാമനെ ചിലർ "രാമൻ" എന്നും മററുചിലർ "റഹിമാൻ" എന്നും പറയുന്നു. എന്നാൽ രണ്ടു ശബ്ദത്തിന്റെയും താല്പര്യം ഒന്നുതന്നെ ആയിരിക്കും. ധർമ്മത്തിനു ശേഷമാണല്ലോ അർത്ഥം ഉണ്ടാകുന്നതു്. അതിനാൽ മാതാവു കുഞ്ഞിനെ സങ്കലനവ്യവകലനങ്ങളും ഗുണിതവും പഠിപ്പിക്കും. കുട്ടികൾക്കു് അവരുടെ താമസസ്ഥലത്തേയും പരിസരപ്രദേശങ്ങളേയും പററി അറിവുണ്ടായിരിക്കണം. അതിനാൽ അമ്മ അവൾക്കു് സമീപത്തുള്ള നദി, തോട്ട്, മല, പർവ്വതം, വീട്ട് മുതലായവയെ സംബന്ധിച്ച് പറഞ്ഞുകൊടുക്കുന്നു. കൂടത്തന്നെ ദിക്കുകളുടെ ജ്ഞാനവും ഉണ്ടാകുന്നു. കുട്ടികൾക്കുവേണ്ടി അവൾ തന്റെ അറിവിനേയും വർദ്ധിപ്പിക്കുന്നു. പഠിപ്പിക്കേണ്ട വിഷയങ്ങൾ ആദ്യമെതന്നെ തയ്യാർചെയ്യുന്നു. ഈ കല്പനയിൽ ചരിത്രവും ഭൂമിശാസ്ത്രവും പ്രത്യേകവിഷയമായിരിക്കരുതു്. ഇവ രണ്ടും കഥകൾമൂലം മനസ്സിലാക്കണം. മാതാവ് ഇത്രയുംകൊണ്ടു് സന്തുഷ്ടയാകരുതു്. കുട്ടികളെ ബാല്യത്തിലെതന്നെ സംസ്കൃതശബ്ദങ്ങൾ ഉച്ചരിക്കുവാൻ പഠിപ്പിക്കണം. ഈശപരസ്തോത്രങ്ങൾ മനഃപ്പാഠമാക്കുവാൻ പഠിപ്പിക്കണം. ഇങ്ങിനെ ചെയ്യുന്നതിനാൽ ശൈശവം മുതൽതന്നെ അവർ ശബ്ദം സ്പഷ്ടമായി ഉച്ചരിക്കുവാൻ തുടങ്ങുന്നു. ദേശഭക്തയായ മാതാവു തന്റെ കുഞ്ഞിനെ രാഷ്ട്രീയഭാഷയായ "ഹിന്ദി" പഠിപ്പിക്കുകതന്നെ ചെയ്യും. ഹിന്ദി പഠിപ്പിക്കുന്നതിന് കുട്ടിയോടു ഹിന്ദിയിൽ സംഭാഷണം നടത്തുകയും ഹിന്ദിപുസ്തകങ്ങളിൽ ചിലതു് വായിച്ചു കേൾപ്പിക്കുകയും അങ്ങിനെ കുട്ടിയെ ദ്വിഭാഷി ആക്കിത്തീർക്കുകയും വേണം. ഈ പ്രായത്തിൽ കുട്ടിയെ അക്ഷരാഭ്യാസം ചെയ്യിക്കരുതു്. എന്നാൽ അവന്റെ കയ്യിൽ ഭൂപടം വരക്കുവാനുള്ള സാമഗ്രികൾ കൊടുത്തിട്ടു് നേരേയും വൃത്താകൃതിയിലും വളഞ്ഞുപിരിഞ്ഞും ഉള്ള രേഖകൾ പഠിപ്പിക്കണം. പുഷ്പങ്ങൾ നിർമ്മിക്കുവാനും ത്രികോണം വരക്കുവാനും അറിഞ്ഞുകൂടാത്ത കുട്ടിയെ മാതാവു ചിത്രകലയിൽ അസമർത്ഥനായി തന്നെ വിചാരിക്കണം. കുട്ടിയെ സംഗീതകലയിൽനിന്നു് ഒരിക്കലും ഒഴിവാക്കരുതു്. ബാലനു കർണ്ണാനന്ദകരമായ വിധത്തിൽ രാഷ്ട്രീയഗീതങ്ങളും ഈശപരസ്തോത്രങ്ങളും

പാടുവാൻ കഴിയുന്നില്ല, എങ്കിൽ അതു് അമ്മയെ സംബന്ധിച്ച് അക്ഷന്തവ്യമായ അപരാധമായിത്തന്നെ ഇരിക്കണം. ബാലൻെറ ശരീരം ബലിഷ്ഠമാക്കിത്തീക്കുന്നതിന് അവനെ കസത്തുചെയ്യുവാനും ഓടുവാനും ചാടുവാനും മററും പ്രേരിപ്പിക്കണം. ഇതോടുകൂടെത്തന്നെ സേവനവും അഭ്യസിപ്പിക്കണം. ഇതിനുവേണ്ടി അവരെക്കൊണ്ടു് പഞ്ഞിക്കായ പെറുക്കിക്കുക, പഞ്ഞി കടയിക്കുക, പഞ്ഞിയിൽനിന്നും കുരു വേർതിരിപ്പിക്കുക മുതലായ ജോലികൾ ചെയ്യിക്കുകയും പ്രതിദിനം കുറഞ്ഞപക്ഷം അരമണിക്കൂർ സമയം വിനോദങ്ങളോടുകൂടെത്തന്നെ നൂൽനൂല്പിക്കുകയും വേണം.

ഈ വിദ്യാഭ്യാസക്രമത്തിന് ഇപ്പോഴത്തെ പാഠപുസ്തകങ്ങൾ നിരുപയോഗങ്ങളാകുന്നു. ഓരോ മാതാവിൻെറയും പരിശ്രമം കുട്ടികൾക്കു് പുതിയപുതിയ പുസ്തകങ്ങൾ ഉണ്ടാക്കിക്കൊടുക്കും. എങ്ങിനെ എന്നാൽ ഓരോ ദേശത്തിൻെറയും ചരിത്രവും ഭൂമിശാസ്ത്രവും നവീനവും ഭിന്നവുമായിരിക്കും. ഗണിതസംബന്ധമായ വിഷയങ്ങളും പുതിയതായിരിക്കും. ആലോചനാശക്തിയുള്ള മാതാവു് ദിവസവും പാഠങ്ങൾ തയ്യാറാക്കി കുട്ടികളെ പഠിപ്പിക്കുകയും തൻെറ നോട്ടുബുക്കിൽ നവംനവങ്ങളായ സംഗതികളും നവീനദൃഷ്ടാന്തങ്ങളും എഴുതി അവരെ മനസ്സിലാക്കുകയും ചെയ്യട്ടെ.

ഈ പാഠ്യക്രമത്തെ അധികം വിസ്തരിക്കേണ്ട ആവശ്യം ഇല്ല. ഒരു പാഠപദ്ധതിയിൽ മൂന്നുമാസത്തേക്കുള്ള പാഠമെ തയ്യാറാക്കുവാൻ നിവൃത്തിയുള്ളു. എന്തുകൊണ്ടെന്നാൽ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള പാഠം തയ്യാറാക്കുവാൻ സാദ്ധ്യമല്ല. ഓരോ അവസരങ്ങളിലായി വന്നുചേരുന്ന കുട്ടികൾക്കു് അവരുടെ സ്വഭാവം അറിഞ്ഞിട്ടു് പാഠം രൂപീകരിക്കണം. മിക്കവാറും കുട്ടികൾ തെററായതും അസഭ്യവും ആയ സംഗതികൾ ആയിരിക്കും പഠിച്ചുകൊണ്ടു വരുന്നതു്. അപ്പോൾ അവരെ അതിൽനിന്നും നേർവഴിക്കു് കൊണ്ടുവരേണ്ടതായി വരുന്നു. ആറേഴുവയസ്സുള്ള ഒരു ബാലൻ ഏതെങ്കിലും പ്രകാരത്തിൽ കുറെ അക്ഷരങ്ങൾ പഠിച്ചിട്ടു് എഴുതിയിരിക്കുന്നതു തെററായി വായിക്കുവാൻ അഭ്യസിച്ചിട്ടുണ്ടെങ്കിൽ അവനെ ആ ഉദ്യമത്തിൽനിന്നും ഒഴിവാക്കണം. പുസ്തകം വായിക്കുന്നതുകൊണ്ടു താൻ വിദ്വാനായിത്തീരുകയുള്ളു എന്നുള്ള ഭ്രമം കുട്ടിയിൽനിന്നും നീങ്ങുന്നതുവരെ അവനെ മുന്നോട്ടു നയിക്കരുതു്. ജീവിതത്തിൽ "അ" "ആ" എന്നുള്ള അക്ഷരങ്ങൾപോലും പഠിക്കാത്തവർക്കും വിദ്വാന്മാരാകുവാൻ കഴിയും എന്നുള്ള സംഗതി സഹജവും കല്പനാതീതമായ ആശ്ചര്യവും ആകുന്നു.

ഈ ലേഖനത്തിൽ ഒരിടത്തും ഞാൻ "അധ്യാപിക" ശബ്ദത്തെ പ്രയോഗിച്ചിട്ടില്ല. മാതാവുതന്നെയാണു് അധ്യാപിക. മാതൃപദം സ്വീകരിക്കുവാൻ ഇഷ്ടമില്ലാത്തവർ അധ്യാപികയാകരുതു്. കുട്ടിക്കു താൻ വിദ്യ

അഭ്യസിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ള ബോധം ഉണ്ടാകുവാൻ ഇടയാകരുത്. ഏതു സമയവും മാതാവിൻെറ ദൃഷ്ടിയിൽ പെട്ടിരിക്കുന്ന കുട്ടി അഹോരാത്രം വിദ്യ അഭ്യസിച്ചുകൊണ്ടു തന്നെയാണിരിക്കുന്നതു്. വിദ്യാലയത്തിൽ ആറു മണിക്കൂർ സമയം കഴിച്ചുകൂട്ടിയിട്ടു മടങ്ങുന്ന കുട്ടി യാതൊന്നും തന്നെ അഭ്യസിക്കുന്നില്ല. ഇന്നത്തെ ജീവിതത്തിൽ പക്ഷെ അധ്യാപികമാർ ഉണ്ടായില്ല എന്നു വരാം. അങ്ങിനെ സംഭവിച്ചാൽ ബാലശിക്ഷണം പുരുഷന്മാർതന്നെ നടത്തണം. എന്നാൽ ഇങ്ങനെയുള്ള ഘട്ടങ്ങളിൽ പുരുഷന്മാക്കു് ആ ഉൽകൃഷ്ടമായ മാതൃപദത്തെ പ്രാപിക്കേണ്ടതായും അദ്ധ്യാപികമാരെ തയ്യാറാക്കേണ്ടതായും വരുന്നു. എന്നാൽ എൻെറ ഈ കല്പന അനുചിതമല്ലെങ്കിൽ ഓരോ മാതാവിനും—യാതൊരുത്തിയുടെ ഹൃദയത്തിൽ പ്രേമം നിറഞ്ഞിട്ടുണ്ടോ—അല്പം ചില സഹായങ്ങളോടുകൂടി തന്നെ ഈ ജോലിക്കു് തയ്യാറാകുവാൻ കഴിയും. അങ്ങിനെ സ്വയം തയ്യാറായിട്ടു് കുട്ടികളേയും തയ്യാറാക്കുവാൻ കഴിയുന്നു.

# പുസ്തകനിരൂപണം.

## വിജയത്തിലേക്കു്.

ഗ്രന്ഥകത്താ:— പി ജി. നാരായണപ്പണിക്കർ സാഹിത്യരസികൻ കരമന.

വില 7 ചക്രം.

കാവ്യനിമ്മാണകലയും കാവ്യാസ്വാദനഹൃദയവും സവ്സാധാരണമായി എല്ലാവക്കും സ്വാധീനമായിരിക്കുന്നതല്ല. എന്നാൽ കാവ്യനിമ്മാതാവെന്നും, വിമശ്കൻ എന്നും അഭിമാനിക്കുന്നവരുടെ എണ്ണം അപൂവ്വവുമല്ല. നിരങ്കുശമായി പ്രസരിക്കുന്ന ചേതോവികാരത്തെ ഏതാനും ചില നിയമങ്ങൾക്കു് അടിമപ്പെടുത്തി കാവ്യകലാനിവ്ഹണം തുടങ്ങിയപ്പോൾ അതു് ജീവശ്ശൂന്യമായതുപോലെ തന്നെ വിമശ്നവീഥിയും ദോഷപരിണാമിയായിത്തീന്നിട്ടുണ്ടു്. ഉത്തമരീതിയിൽ ഒരു വിമശ്നപദ്ധതിയുടെ അഭാവം നിമിത്തം ഉഛൃംഖലന്മാരായി പക്ഷപാതികളായി കാവ്യസാമ്രാജ്യ

ത്തിൽ നടനം ചെയ്യാൻ ഇരുകൂട്ടരും സന്നദ്ധരുമായി. അനുമോദനപരമായും സംസ്കൃതിപരമായും വിമർശനം ചെയ്തു ദുഷ്കാവ്യപാലനവും, അവഹേളനപരവും, സാഹാരപരവും ആയ വിമർശനം കൊണ്ടു സല്ക്കാവ്യദൂഷണവും അപൂർവമല്ലാതായിത്തീർന്നിരിക്കുന്നു.

വിഷയം, ഭാഷ, പ്രതിപാദനം, രസം എന്നിവയുടെ അവിഭക്തകുടുംബമായ കാവ്യം അംഗവിഹീനമെങ്കിലും മാന്യന്മാരുടെ 'ഏകലോചനം' ആടികഴിയുമ്പോൾ കവിയുടെ ചിന്തയ്ക്ക് അതിരില്ലാതാകുന്നതു സാധാരണമാണ്. കാവ്യത്തിനൊ കവിക്കൊ രംഗപ്രവേശനത്തിനുള്ള ആത്മവിശ്വാസക്കുറവിനെ പരിഹരിക്കാൻ അവതാരകന്മാർ ചിലപ്പോൾ ആവശ്യമുണ്ടെങ്കിലും അവയുടേയൊ, അവരുടേയൊ ദോഷങ്ങൾക്ക് ഒരു തിരസ്കരിണിയായി അവതാരികയോ വിമർശനമൊ പര്യവസാനിച്ചാൽ അതു് കാവ്യലോകത്തിൽ അന്ധകാരനിർമ്മിതിക്കുള്ള ഒരു ആവരണം മാത്രമെ ആകുന്നുള്ളു.

നിസ്സങ്ഗമധുരമായി പ്രവഹിക്കുന്ന ഒരു കാവ്യനിർത്ധരി ഉത്തമമായ ഒരു ഉറവയിൽ സമാരംഭിച്ച് ഉൽകൃഷ്ടതലങ്ങളെ സേചനവും ചെയ്തു് പ്രശാന്തഗംഭീരമായ സുഖനിർവൃതിയിൽ ലയിക്കുമ്പോൾ മാത്രമെ അതു് "വിജയത്തിലേക്ക്" ആകുന്നുള്ളു നൈരാശ്യമൊ, മററു ഹൃദയോദ്വേഗങ്ങളൊ കാവ്യത്തിനു വിഷയമാകുമ്പോൾ—വിശേഷിച്ച് ഖണ്ഡകൃതികൾക്കു വിഷയമാകുമ്പോൾ—അവ ഒന്നുംതന്നെ ബുദ്ധിയേയൊ ചിന്തയേയൊ സ്പർശിക്കരുതു്. 'പ്രാഥമ്യമായ ഹൃദയോദ്വേഗപ്രകടനകല കാവ്യം' എന്ന നിർവ്വചനം ഈ പക്ഷത്തെ അനുകൂലിക്കുന്നുമുണ്ടല്ലൊ.

സ്വാനുഭവത്തേയൊ, മററുള്ളവരുടെ ഉദ്വേഗങ്ങളിൽ ഭാഗഭാക്കായി അവരോടു് സാത്മ്യംവരുത്തി ആ വികാരങ്ങളെത്തന്നെയൊ പ്രതിപാദിക്കുന്ന അവസരങ്ങളിൽ കവികൾ ഇടക്കിടെ നിന്നു പോകാറുണ്ട്. പിന്നീട് ഏച്ചുകെട്ടി കുത്തിപ്പൊക്കി കാവ്യശരീരത്തെ ചിലർ വിലക്ഷണമാക്കി തീക്കാറുമുണ്ട്. ഉപഗുപ്തപ്രേമത്തിൽ ഉത്തേജനം വന്ന ആ രാജഹംസി 'കരപററി'യാണ് കിടന്നിരുന്നതെങ്കിലും മറെറാരു നിമിത്തം അവളെ 'കണങ്ങി' 'കുളത്തിലേക്കു'തന്നെ അയക്കുന്നു. ആ രണ്ടു വരികൊണ്ടു് കവി വാസവദത്തയുടെ ഭാവി മുഴുവനും നിർദ്ദേശിച്ചു എങ്കിലും അവളുടെ അന്തരാഹിതങ്ങളെ വർണ്ണിച്ചു വായനക്കാരുടെ വികാരത്തിനു മാന്ദ്യം വരുത്തിയിരിക്കുന്നു. ഹീരയുടെ ത്യാഗം കണ്ടു മതിമറന്നു് അവളുടെ സൽഗുണങ്ങളിൽ ലയിച്ചുനില്ക്കുന്ന വായനക്കാരെ, സ്മാരകം പണിയിച്ചു ആ കവിയുടെ സംരംഭങ്ങളിൽ വിരസരാക്കുന്നുണ്ടു. കഥാമർമ്മമായ 'ഒടുവിലത്തെ കുറിപ്പു്' കാണുന്നതിനു മുമ്പുതന്നെ കവി 'തപ്തബാഷ്പ'ത്തിന്റെ കാക്കൽവീണു് ഇരക്കുന്നതുകൊണ്ടു് അനന്തരഫലം ഉദ്ദേശസാദ്ധ്യംവരുത്തുന്നതായി പരിണ

മിക്കുന്നില്ല. ഇങ്ങിനെ പലതും വികാരധാരയുടെ ഇടമുറിവുകൊണ്ട് കാവ്യശരീരത്തിനു സൌന്ദര്യഭംഗം വന്നുപോകുന്നുണ്ട്. വിസ്തരഭയം എന്നെ തല്ക്കാലം ഈ വ്യതിയാനത്തിൽനിന്നു വിരമിപ്പിച്ച് പ്രകൃതത്തിലേക്ക് ആകർഷിക്കുന്നു.

മി: പി. ജി. നാരായണപ്പണിക്കരുടെ "വിജയത്തിലേക്ക്" എന്ന കൃതി സശ്രദ്ധം വായിച്ചു. നിരാശകൊണ്ട് കലുഷരായ ജനങ്ങളെ പല വീക്ഷണകോണങ്ങളിൽ നിന്നു കണ്ട് അവരുടെയെല്ലാം ക്ഷേമം ആശകൊണ്ടു സാധിക്കാമെന്ന് ഉപന്യസിക്കയത്രെ ഈ ചെറുകാവ്യംകൊണ്ടു സാധിച്ചിരിക്കുന്നത്. നാലു വരികൊണ്ട് ഒരു മുഖവുര തീർത്തു വിഷയത്തിൽ കടക്കുന്ന കവി ഗ്രന്ഥാവസാനംവരെ കഥാപുരുഷനെക്കൊണ്ടു രണ്ടു വാക്കു പറയിക്കുന്നുള്ളു. നിരാശ, ആശ. ലോകത്തിൽ സുന്ദരങ്ങളായ പലതിനേയും നൈരാശ്യകാലുഷ്യത്താൽ തിരസ്കരിക്കുന്നു. 'ഭാഗ്യഭാനുമാൻ' കളിയാടിക്കൊണ്ടിരുന്ന ഒരു കാലം കഴിഞ്ഞു കുറെയേറെനാൾ കാത്തിരുന്നിട്ടും അനന്തരാവിർഭാവംകാണായ്കയാണ് നിരാശക്കു കാരണം. പുഴുതിന്നു നശിച്ചുപോകാറായ ചെടി പിഴുതുകളയുന്ന 'കർഷകൻെറ' ക്രൗര്യത്തെ ഓർത്തു തപിക്കുമ്പോൾ തന്നെ ഇത്തിക്കണ്ണിയും, കളയും, പുഴക്കേടുള്ള ചെടിയും കൃഷിക്കു ദോഷമെന്നറിഞ്ഞു് അതിനെ അകററാത്തതിൽ ദുഃഖിക്കുന്നുമുണ്ട്. ജീവിതത്തെ നിസ്സാരവും, നിന്ദ്യവുമായി എണ്ണുന്നു. ജീവിതത്തെ ഗംഗാപ്രവാഹമായും, അപ്പോൾതന്നെ അവിടെ ചില വരട്ടാറും, ആവർത്തങ്ങളും, സമുദ്രപ്രഹരങ്ങളും, കൊടുങ്കാററും കൊണ്ട് അതു കലുഷമായും കല്പിക്കുന്നു

ഉടനെ കവിയുടെ കൽപന ജീവിതത്തെ ദൃശ്യകാവ്യമായിട്ടാണ്. അതിനുള്ള വേഷവും, രസവുമൊക്കെ സാധിച്ചു ഭരതവാക്യം വരെ കൊണ്ടുപോയി. താരതമ്യംചെയ്തു സുഖാവകാശവാദം നടത്തുന്നതു് വേറെ ഒരു രംഗമാണ്. പരമഹംസന്മാരുടെ ശാശ്വതസുഖം അനാദരിച്ചു ലൌകികസുഖത്തെ കാംക്ഷിക്കുന്നതും കാവ്യത്തിൻെറ ഒരു വശമാണ്. എന്തിന് ഇങ്ങനെ ലോകത്തിലുള്ള സകലത്തേയും പൂർവ്വപക്ഷരീതിയിൽ നിരാശയുടെ തലയിൽവച്ചു വ്യവഹരിക്കുന്നതു് ഈ കാവ്യത്തിൻെറ ഒട്ടുമുക്കാൽ അംശത്തേയും സ്പർശിക്കുന്നു.

ശേഷിച്ച ഭാഗംകൊണ്ട് ആശയെ വരിച്ച് "വിജയത്തിലേക്ക്" എത്തുന്നുമുണ്ട്. വാൽമീകി, പാഞ്ചാലി എന്നിവരുടെ ഭാവുകം സ്പൃഹണീയമെങ്കിൽ രാമകൃഷ്ണൻ തുടങ്ങിയ പരമഹംസന്മാരുടെ ആദർശങ്ങൾ വരേണ്യമല്ലാതെ പോകുമോ.? "ക്ഷോഭോന്മാദൻെറ" "തൽക്കാലനൈരാശ്യത്തിനു" നിമിത്തമായ ഒരു സംഗതിയെ കഥാവസ്തുവാക്കി നൈരാശ്യത്തിന് അവകാശവും കൽപിച്ചു പരാജയം വരുത്തി അവയെ ഉണർത്തി വിജ

യത്തിൽ പതിണാറരസ്യമാക്കിയിരുന്നു എങ്കിൽ കാവ്യം കുറച്ചുകൂടി ആസ്വാദ്യമാകുമായിരുന്നു. ഇവിടെ നിരാശയ്ക്കു നിദാനങ്ങളായ കോടികളൊന്നും തന്നെ വായനക്കാരിൽ സ്ഥിരപ്രതിഷ്ഠ ചെയ്യുമോ എന്ന് സംശയിക്കുന്നു.

പത്രാധിപത്വവും അധ്യാപകത്വവും കാവ്യനിർമ്മാണപാടവത്തേക്കാൾ ആസ്വാദനവൈദഗ്ധ്യം വരുത്തുന്നതാണെന്ന് അനുഭവം വെളിപ്പെടുത്തുന്നതാണ്. ഭാഷാശുദ്ധിയും അവരെ അനുഗമിച്ചേക്കാം. പ്രകൃതകാവ്യത്തിലെ ഭാഷ ഹൃദ്യമെന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമൊ എന്നു ശങ്കിക്കുന്നതേ ഇല്ല. എങ്കിലും അൽപമായ ശ്രദ്ധകൂടി കവി സ്വീകരിച്ചിരുന്നു എങ്കിൽ ഒരു ഉത്തമോദാഹരണമാകുമായിരുന്നു. ഉദാ: കടൽ കലങ്ങിക്ഷോഭിച്ച് ഭ്രാന്തുപിടിച്ച ഒരുവൻ "ചിന്താവീചിയിൽ അടിപ്പെട്ടു" എന്നു പറയുന്നത് ശബ്ദപ്രയോഗത്തിലുള്ള അനവധാനതയെന്ന് തോന്നിപ്പോകുന്നു. വികാരം ഹൃദയത്തിൻേറയും ചിന്ത ബുദ്ധിയുടേയും സന്തതികളാണ്. ഇവ രണ്ടുംകൂടി ഒരേസമയത്ത് വ്യാപരിക്കുകയില്ല. "ഫലമൊ—പൂവിന്നുള്ളിൽ തേൻകനികിനാവുകണ്ടിലവിൻ പഴം കാത്തു പാർത്താരുകിളിയായ്ഞാൻ" കവിയുടെ ഉദ്ദേശം വെളിപ്പെടുത്തുവാൻ പകുതികൊണ്ടുതന്നെ സാധിക്കുകയില്ലെ.? "ആരിന്നുപാടില്ലെന്നുതടുക്കാൻ പുറപ്പെടാൻ" ഒടുവിലത്തെ രണ്ടു പദവും ഒരേ രൂപത്തിൽ പ്രയോഗിച്ചിരിക്കുന്നതു ഭംഗിക്കുറവാണ്. ഒരു പദംകൊണ്ടു തന്നെ സാധിക്കാമായിരുന്നു. "ആഗസ്ത്യൻമഹോഗ്രാണ,ശാപത്തിൻകണ്ഡാലകം,
പ്രാഗത്ഭ്യസർവസ്വവും ചേർന്നൊരുമൂള് ഭാണ്ഡംഞാൻ"

ഇവിടെ മൂള് ഭാണ്ഡത്തിനു ചേർത്ത വിശേഷണം പ്രകൃതത്തിന് യോജിച്ചതാണെന്നു തോന്നുന്നില്ല.

മനുഷ്യരെ സൂക്ഷ്മവീക്ഷണം ചെയ്യുന്ന ഒരു ചിന്തകനെപ്പോലെയാണ് കവി പ്രതിപാദനം നിർവഹിച്ചിരിക്കുന്നത്. വിദ്യാർത്ഥികളോടുള്ള സാഹചര്യംകൊണ്ട് വിശദീകരണത്തെ വർദ്ധിപ്പിച്ച് ഈ കാവ്യം വൃഥാസ്ഥൂലമാക്കീട്ടില്ലെ എന്ന് സംശയിക്കുന്നു.

അനുമോദനപരമായിട്ടല്ലാതെ നിരൂപണഗതിയെ വിടുവാൻ പരമ്പരാസിദ്ധമായ വാസന അനുവദിക്കാത്ത മഹാൻഭാവനും മഹാകവിയുമായ പ്രകൃതഗ്രന്ഥാവതാരകൻെറ ദോഷസ്പർശമില്ലാത്ത അവതാരികയിൽ ഗ്രന്ഥകർത്താവു വ്യാമോഹിക്കുകയില്ലെന്നുള്ള പൂർണ്ണവിശ്വാസം ഞങ്ങളെ ഇത്രയും പറയുവാൻ ധൈര്യപ്പെടുത്തി എന്നെ ഉള്ളു. ഈ കാവ്യത്തിൽ സാർവത്രികമായി കാണുന്ന ഓരോ ആശയങ്ങളേ വേർതിരിച്ചെടുത്താൽ അവ അമൂല്യസമ്പത്തുകളെന്നു നിരാക്ഷേപം പറയാവുന്നതാണ്.

## അഗ്നിയും സ്ഫുലിംഗവും.

(ഒന്നാംഭാഗം)

ഗ്രന്ഥകൎത്താ:— പി. കേശവദേവ്

സ്വരാജ്യ ഗ്രന്ഥാവലി പറവൂർ

വില 4 അണ.

'റഷ്യൻവിപ്ലവത്തിന്റെ ഒരു സംക്ഷിപ്തവിവരണവും, ലെനിന്റെ ജീവിതാസ്വാദനവു'മാണ് അഗ്നിയും സ്ഫുലിംഗവുമെന്ന ഈ ചെറുഗ്രന്ഥമെന്ന് ഗ്രന്ഥകൎത്താവു പറയുന്നു. റഷ്യയിലെ വിപ്ലവത്തെ സംബന്ധിച്ചുള്ള ഒരു സാമാന്യജ്ഞാനം ഈ ഗ്രന്ഥപാരായണംകൊണ്ടു സിദ്ധിക്കുന്നതാണ്. എന്നാൽ ലെനിനും വിപ്ലവവുമായുള്ള ബന്ധമല്ലാതെ, അദ്ദേഹത്തിന്റെ ശരിയായ ഒരു ജീവചരിത്രബോധം ഈ ഗ്രന്ഥംകൊണ്ട് വായനക്കാൎക്കുണ്ടാകുന്നില്ല. മുതലാളിമാരോടും സാമ്രാജ്യദുഷ്പ്രഭുത്വത്തോടും ഉള്ള വെറുപ്പും, തൊഴിലാളികളോടും കർഷകന്മാരോടുമുള്ള അനുഭാവവും ഈ ഗ്രന്ഥം ഒരുവിധം വെളിപ്പെടുത്തുന്നുണ്ട്.

# കുറിപ്പുകൾ.

## ഹെഡ്മാസ്റ്റർമാരുടെ കാൺഫറൻസ്.

ആധുനികവിദ്യാഭ്യാസസമ്പ്രദായത്തിനും കാൎയ്യക്ഷമതയ്ക്കും നേരിട്ടിട്ടുള്ള ഹാനിയെ പരിഹരിപ്പാൻ തൽപ്രവൎത്തകന്മാരായ ചിന്തകന്മാർ ഗാഢമായി പൎയ്യാലോചിക്കുന്ന ഒരു കാലമാണിത്. അപസമായ ഒരു വിദ്യാഭ്യാസംകൊണ്ട് പൌരബോധമൊ സ്വാതന്ത്ര്യമൊ സിദ്ധിക്കുന്നതല്ലെന്നും ശരിയായവിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ ലോകം അടിമത്വത്തിൽ ആടിപ്പെട്ടുമെന്നും ഉള്ളതു നിരാക്ഷേപമത്രെ. ഇയ്യിടെ ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റർമാരും, ഇൻസ്പെക്ടറും സമ്മേളിച്ച് ഒരു കാൺഫറൻസു നടത്തി, അവിടത്തെ വിദ്യാഭ്യാസപരിഷ്കാരത്തിനു ചില നിർദ്ദേശങ്ങൾ രൂപീകരി

ച്ചിട്ടുണ്ട്. അവയിൽ ചിലതിന്റെ അനൗചിത്യവും, അനാശാസ്യതയും എല്ലാററിനുമുള്ള ചൈതന്യക്കുറവും സാമാന്യബുദ്ധികളെക്കൂടി അത്ഭുതപരവശരാക്കുന്നുണ്ട്.

മൂന്നാംഫാറത്തിൽ ഒരു പബ്ളിക്ക് പരീക്ഷ ഏർപ്പെടുത്തണം. അതു് ഒരു നിർദ്ദേശമാണ്. പബ്ളിക്ക് പരീക്ഷയുടെ ആവശ്യം എന്തെന്നു ഞങ്ങൾ എത്ര ആലോചിച്ചിട്ടും വിശദമായി വെളിപ്പെടുന്നില്ല. ഹൈസ്കൂൾക്ലാസിലേക്കു കയറുന്ന കുട്ടികൾ ഉരുക്കഴിച്ച മന്ത്രം ഒരുപോലെ ഇരിക്കുന്നുണ്ടോ എന്ന് അറിവാനായിരിക്കുമോ.? സ്വന്തം പാഠശാലകളുടെ പ്രശസ്തിക്കു മിഡിൽസ്കൂൾഹെഡ്മാസ്റ്റർമാർ വിദ്യാർത്ഥികളെ കണ്ണടച്ചു ജയിപ്പിക്കുന്നുണ്ടെന്നു് ഹൈസ്കൂൾഹെഡ്മാസ്റ്റർമാർക്കും ഇൻസ്പെക്ടർക്കുതന്നെയും തോന്നുന്നുണ്ടായിരിക്കുമോ.? ദരിദ്രന്മാരായ കുട്ടികൾക്കു ഹൈസ്കൂൾക്ലാസുകളിൽ പഠിക്കാൻ ധനസ്ഥിതി അനുവദിക്കാത്തതുകൊണ്ടു് അവർ എന്തെങ്കിലും ഉപജീവനമാർഗ്ഗം നേടുന്നതിനു് സന്നദ്ധമാക്കുകയാണോ.? മലയാളപാഠശാലകളിൽ നാലാംക്ലാസിൽ ഒരു പബ്ളിക്ക് പരീക്ഷയുടെ ആഭാസരൂപം നടത്തിപ്പോരുന്നതു് ഇംഗ്ലീഷുപാഠശാലകളിലേക്കുള്ള ശുദ്ധിരൂപമായിട്ടാണു ഗണിച്ചിരിക്കുന്നതു്. പരീക്ഷ ഇന്നു നടത്തുസ്വരൂപത്തിലാണോ വേണ്ടതെന്നുതന്നെ അറിയാതെ വിഷമിക്കുന്ന ഇക്കാലത്തു് അതേ രൂപത്തിലുള്ള പരീക്ഷകൾ വർദ്ധിപ്പിക്കുന്നതു് എത്രത്തോളം ബുദ്ധിപൂർവ്വമെന്നറിയുന്നില്ല. തങ്ങളെപ്പോലുള്ള യോഗ്യന്മാർതന്നെ പഠിപ്പിച്ചും പരീക്ഷിച്ചും അയക്കുന്ന കുട്ടികൾ കാണിക്കുന്ന വല്ല സ്ഖലിതങ്ങളും അദ്ധ്യാപകദോഷമായി എണ്ണി അവരെ അവിശ്വസിക്കുന്ന നയം ആശാസ്യമാണോ.? സർവ്വീസിനു യോഗ്യമാകുന്നതാണു് ഈ പരീക്ഷ എന്നു വരുത്തുവാൻ ഈ കാൺഫറൻസിനു് അധികാരമുണ്ടോ.? ഏതു വഴിയെ നോക്കിയാലും വിദ്യാർത്ഥികളുടെ ജീവനാശം ചെയ്യുന്ന പരീക്ഷകളുടെ എണ്ണം വർദ്ധിപ്പിക്കാതെ ഇന്നത്തെ ലോകത്തേയും കാലത്തെയും ഇവർ കണ്ണുതുറന്നു നോക്കേണ്ടതാണു്.

അദ്ധ്യാപകന്മാരുടെ കാഷ്വൽ അവധി പത്തു ദിവസമാക്കണം. ഇതു വേറെ ഒരു നിർദ്ദേശമാണ്. അദ്ധ്യാപകന്മാർ മനുഷ്യരാണെന്നുള്ളതുകൊണ്ടും അവരുടെ ആവശ്യം തദനുസരണമായിരിക്കുമെന്നുള്ളതുകൊണ്ടും കാഷ്വലിന്റെ തുക കൊല്ലത്തിൽ 20 ദിവസമെങ്കിലും വേണ്ടതായിരിക്കെ ഹെഡ്മാസ്റ്റരന്മാർക്കു് ഇങ്ങനെ ഒന്നു തോന്നുവാൻ സംഗതി എന്താണാവോ.? കർത്തവ്യബുദ്ധിയുള്ളവർ എന്നു വച്ചിട്ടുള്ളവർ അനാവശ്യമായി അവധിയെടുത്തു ശീലിച്ചിരുന്ന വല്ല സംഗതിയും ദിവാസ്വപ്നം കണ്ടിട്ടായിരിക്കുമോ ഇങ്ങിനെ ഒരു പരിഷ്കാരേച്ഛ ഉണ്ടായിട്ടുള്ളതു്. ഹെഡ്മാസ്റ്റർമാരുടെ ശമ്പളത്തിൽ ഒരു കുറവും ദിവസേനയുള്ള ജോലിസമയത്തിൽ ഒ

തു കൂട്ടത്തിലും നിർദ്ദേശിക്കുന്നപക്ഷം അതു എത്രത്തോളം നന്നായിരിക്കുമെന്നു ആലോചിക്കേണ്ടതാണ്.

ഭൂമിശാസ്ത്രത്തിനും ചരിത്രത്തിനും കൂടി ഒരു മിനിമം വരുത്തുന്നതിന് ദീർഘമായ ഒരു വാദപ്രതിവാദം വേണ്ടിവന്നു. എന്നാൽ അതിനുള്ള മിനിമംതന്നെ കുറെ കുറയ്ക്കേണ്ടതാണെന്ന് ഇവർക്ക് ഒരു ചിന്തയും ഉണ്ടായതായി കാണുന്നില്ല. ഉപഭാഷ പഠിപ്പിക്കേണ്ട അദ്ധ്യാപകൻ ആ വിഷയത്തിൽ ഒരു ബി. എ. ക്കാരനായിരിക്കണമെന്ന് നിർദ്ദേശിച്ചു കാണുന്നു. എന്നാൽ അയാൾ ആ ഭാഷയിൽ ഒരു പണ്ഡിതൻകൂടി ആയിരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു കാണുന്നുമില്ല.

പാഠപുസ്തകങ്ങൾ നിർണ്ണയിക്കുന്നതിലും പാഠപദ്ധതി രൂപീകരിക്കുന്നതിലും പരീക്ഷാസമ്പ്രദായത്തിലും പാഠവിഷയങ്ങളെല്ലാം മാതൃഭാഷയിൽ പഠിപ്പിക്കേണ്ട കാര്യത്തിലും കുട്ടികളുടെ സ്വഭാവപരിശീലനത്തിലും സർവ്വോപരി വിദ്യാഭ്യാസപരിഷ്കാരത്തിലും പല നിർദ്ദേശങ്ങളും നൽകേണ്ട ഇവരുടെ സമ്മേളനം വെറും നിസ്സാരകാര്യങ്ങൾ ആലോചിപ്പാനായി മാത്രം വിനിയോഗിച്ചതു കഷ്ടംതന്നെ.

## ശിശുപരിചരണവിദ്യാലയങ്ങൾ.

ഇംഗ്ലണ്ടിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ഒരു പരിഷ്കാരം 'നഴ്സറിസ്കൂൾസ്' എന്നു പറയുന്ന ചെറിയ കുട്ടികൾക്കുള്ള പരിചരണവിദ്യാലയങ്ങളുടെ ആവിർഭാവമാകുന്നു. ഈ പ്രസ്ഥാനം മിസ്സ് മാർഗററ്റ് മക്മില്ലൻ എന്ന ഒരു വനിതയാണ് ആരംഭിച്ചത്. കായികവിദ്യാഭാസവിഷയത്തിലും വൈദ്യപരിശോധന നടത്തേണ്ട കാര്യത്തിലും ഇവർ അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ രോഗികൾക്ക് ശയ്യകൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പ്രസ്ഥാനം ഈ മഹിള ആരംഭിച്ചു. ആദ്യം പ്രതികൂലാഭിപ്രായക്കാർ ധാരാളമുണ്ടായിരുന്നെങ്കിലും ഒടുവിൽ അതു വേണ്ടതാണെന്നുതന്നെ എല്ലാവർക്കും തോന്നി. അതിന്റെ പ്രാധാന്യം മനസ്സിലായപ്പോൾ രാജ്യത്തിന്റെ നാനാഭാഗത്തും അവരുടെ മാതൃകയിലുള്ള രോഗിശയ്യകൾ സ്ഥാപിച്ചുതുടങ്ങി. വിദ്യാലയങ്ങളിൽ പരിചരണരീതികൾ ഏർപ്പെടുത്തുന്നതിനെപ്പററി പര്യാലോചിക്കുവാൻ വിദ്യാഭ്യാസാധികൃതന്മാരോടു ബോർഡ് ആവശ്യപ്പെട്ടു. രണ്ടുവ

യസ്സുമുതൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ ആവശ്യത്തിനാണ് ഈ പാഠശാലകൾ സ്ഥാപിക്കുന്നത്. അവിടെ കുട്ടികളെ കുളിപ്പിക്കുക, അവക്ക് ഭക്ഷണം നൽകുക, അവരെ പഠിപ്പിക്കുക മുതലായ ജോലികൾ നടക്കുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള പാഠശാലകൾ ഇംഗ്ലണ്ടിൻെറ നാനാഭാഗങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്.

ഈ പ്രസ്ഥാനം ഇൻഡ്യയിലും ആരംഭിക്കേണ്ടതു് അത്യന്താവശ്യകമാകുന്നു. സാമാന്യമായിപ്പറയുകയാണെങ്കിൽ ഇൻഡ്യയിൽ അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികൾ പാഠശാലകളിൽ പോകാറില്ല. അതിനുള്ള കാരണം, അവരിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടാണ്. ഈ പ്രസ്ഥാനം ഇൻഡ്യയിൻ ആരംഭിക്കുകയാണെങ്കിൽ അസംഖ്യം കുട്ടികൾക്ക് ഉപകാരപ്രദമായിത്തീരുന്നതാണ്. പ്രത്യേകിച്ച് ഇപ്പോൾ ശരിയായി ശ്രദ്ധ പതിപ്പിക്കുന്നവരും വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യമില്ലാത്തവരുമായ അധഃകൃതവർഗ്ഗങ്ങളിലെ കുട്ടികൾക്ക് അതു് എത്രയും പ്രയോജനകരമായിത്തീരുന്നതായിരിക്കും. ഇൻഡ്യയിൽ ഇത്രവളരെ ശിശുമരണമുണ്ടാകുവാനുള്ള കാരണം അവരുടെ ആരോഗ്യത്തിൽ ശ്രദ്ധിക്കുന്നതിനും വൈദ്യപരിശോധന നടത്തുന്നതിനും ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടത്രെ. ഈ പ്രസ്ഥാനം ശിശുമരണത്തെ കുറയ്ക്കുന്നതും വിദ്യാഭ്യാസത്തിനു സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതുമാകുന്നു. വിദ്യാഭ്യാസവിഷയത്തിൽ താല്പര്യമുള്ള എല്ലാവരുടേയും ചിന്തക്ക് എത്രയുംവേഗം ഈ പദ്ധതി വിഷയീഭവിക്കേണ്ടതാണ്.

## വിദ്യാഭ്യാസാഭിവൃദ്ധിയും പൊതുജനങ്ങളുടെ സഹകരണവും.

വിദ്യാഭ്യാസം ഗവൺമെൻറിൻെറയൊ വിദ്യാഭ്യാസാധികൃതന്മാരുടേയൊ മാത്രം ഉത്തരവാദിത്വപരിധിയിൽ പെട്ടതാണെന്ന ഒരു ധാരണ നമ്മുടെ നാട്ടുകാരുടെ ഇടയിൽ വിട്ടുപോകുന്നില്ല. വിദ്യാഭ്യാസംകൊണ്ടു കൂടുതൽ ഗുണം തങ്ങളുടെ കുട്ടികൾക്കാണ് ഉണ്ടാകുന്നതെന്ന സംഗതി അവർ വിസ്മരിക്കുന്നതു് ശോചനീയം തന്നെ. പൊതുജനങ്ങളുടെ സഹായമൊ സഹകരണമൊ കൂടാതെ ഒരു വിദ്യാഭ്യാസസ്ഥാപനത്തിനും യഥാ

ത്ഥമായ അഭിവൃദ്ധിയുണ്ടാകുന്നതല്ല. അവരുടെ സഹകരണവും സഹായവും ലഭിക്കാത്തതുകൊണ്ടു് പല വിദ്യാലയങ്ങളും ഇന്നു നശിച്ചുപോകുന്നുണ്ടു്. ഇതിന് ഒരുത്തമ ഉദാഹരണം ഇൻഡ്യയിൽ ഇന്നു നാനാപ്രകാരേണ പ്രസിദ്ധനായിത്തീൎന്നിട്ടുള്ള സർ, ശിവസ്വാമിഅയ്യരുടെ ഒരു വിദ്യാലയമാണ്. അദ്ദേഹത്തിൻെറ ആദൎശം ഒരു പാഠശാലയുടെ ജോലി കുട്ടികളെ പഠിപ്പിക്കുക മാത്രമല്ലെന്നും, ശുചീകരണം, ആരോഗ്യം, സഹകരണം മുതലായ വിഷയങ്ങളിൽ ഗ്രാമീണൎക്ക് അറിവുണ്ടാക്കത്തക്കവണ്ണം ഒരു ജ്ഞാനകേന്ദ്രമായിരിക്കണമെന്നുമാണ്. ഈ ആദൎശം വച്ചു നോക്കുകയാണെങ്കിൽ നമ്മുടെ മിക്ക പാഠശാലകളുടേയും പ്രവൃത്തി ഇന്നു പരാജയത്തിലാണ് കലാശിച്ചിരിക്കുന്നതെന്നു സ്പഷ്ടമാകുന്നതാണ്. സർ ശിവസ്വാമിഅയ്യരുടെ ഉദ്ദേശം തൻെറ പാഠശാല ഒരു ആദൎശസ്ഥാനമാകണമെന്നായിരുന്നു. അദ്ദേഹം അദ്ധ്യാപകന്മാരുടേയും അദ്ധ്യേതാക്കളുടേയും കാൎയ്യങ്ങളിൽ ഒരുപോലെ ശ്രദ്ധിച്ചിരുന്നു. അദ്ധ്യാപകന്മാൎക്ക് താമസിക്കുന്നതിനു പ്രത്യേകം സ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ടു്. പണ്ടത്തെ ഗുരുകുലസമ്പ്രദായംപോലെ ഗുരുശിഷ്യന്മാർ ഒന്നിച്ചു താമസിക്കുന്നതിന് ഒരു വിദ്യാൎത്ഥിമന്ദിരം ആരംഭിക്കണമെന്ന് അദ്ദേഹം ആശിച്ചിരുന്നു. കരനേത്രപരിശീലനം, പ്രകൃതിപഠനം, നിരീക്ഷണശക്തികളെ വളൎത്തുക, മതപഠനം മുതലായവയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. കുട്ടികളിൽ സൗന്ദൎയ്യബോധമുണ്ടാക്കുന്നതിനായി ഒരു ഉദ്യാനമാരംഭിച്ചിരുന്നു. അദ്ദേഹം ശരിയായ വിനോദങ്ങൾ ഏൎപ്പെടുത്തി കായികശക്തിയെ പോഷിപ്പിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അദ്ധ്യാപകന്മാൎക്ക് ശരിയായ ശമ്പളവും പ്രാവിഡൻറുഫണ്ടും ഏൎപ്പെടുത്തിയിരുന്നു. ഈ ആദൎശങ്ങൾ ആണ് അദ്ദേഹം പ്രായോഗികമാക്കിത്തീൎക്കുവാൻ ശ്രമിച്ചതു്. എന്നാൽ ആദ്ദേഹത്തിൻെറ കൎമ്മശുദ്ധിയെ സമീപവാസികൾ ശരിയായി മനസ്സിലാക്കുകയാകട്ടെ, അവരുടെ സഹായം ലഭിക്കയാകട്ടെ ചെയ്തില്ല. ഇതിനു കാരണം ജനങ്ങളുടെ ദാരിദ്ര്യമാണെന്ന് അദ്ദേഹം സമാധാനിക്കുന്നുണ്ടു്. ഇതുതന്നെയാണ് മററു പ്രവിശ്യകളിലേയും ദയനീയാവസ്ഥ. മാതാപിതാക്കന്മാരുടെ സഹകരണം കൂടാതെ ഒരിക്കലും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു വിജയമുണ്ടാകയില്ലെന്നാണ് ഈ സംഗതി തെളിയിക്കുന്നതു്. വിദ്യാഭ്യാസാഭിവൃദ്ധിക്കു പൊതുജനങ്ങളിൽ അഭിരുചിയില്ലാതിരുന്നിടത്തോളം കാലം പണം കൊണ്ടും പ്രയോജനമുണ്ടാകയില്ല.

# ഇംഗ്ലണ്ടിലെ വിദ്യാഭ്യാസസമ്മേളനങ്ങൾ.

1930-ലെ വാർഷികവിദ്യാഭ്യാസസമ്മേളനങ്ങളിൽ ആലോചനക്കു വിഷയീഭവിച്ച വിഷയങ്ങളിൽ ഒന്നു സർ ചാറൽസ് ട്രെവിലിയൻെറ വിദ്യാഭ്യാസബില്ലാണ്. "പിതാവിനു വേലയില്ലാതാക്കുന്നതിന് കുട്ടികളെ അഭ്യസിപ്പിക്കുന്ന ബിൽ" എന്നാണ് സർ ഏൺനസ്റ്റ്ബെൻ ഈ ബില്ലിനെപ്പററി അഭിപ്രായം പറഞ്ഞിട്ടുള്ളതു്. കുട്ടികളുടെ സ്കൂൾ പ്രായം ദീർഘിപ്പിക്കുന്നതും, കുട്ടികളെ വിദ്യാലയങ്ങളിലാക്കുന്നതിന് മാതാപിതാക്കന്മാൎക്കു പ്രതിഫലമൊ കൈക്കൂലിയൊ നല്കുന്നതും ആയ അസന്മാൎഗ്ഗികമായ ഒരു നിൎദ്ദേശമെന്നത്രെ ആൽസ് വാട്ടർപ്രഭു ബില്ലിനെപ്പററി അഭിപ്രായപ്പെട്ടതു്. അദ്ധ്യാപികമാരുടെ ഒരു യോഗത്തിലും ഹെഡ്സ്റ്റർമാരുടെ ഒരു യോഗത്തിലും ഈ ബില്ലിനെ അനുകൂലിക്കയുണ്ടായി. ആ യോഗങ്ങൾ രണ്ടും വിദ്യാൎത്ഥികൾ സ്കൂൾവിടുന്ന കാലം ദീർഘിപ്പിക്കുന്നതിനു സ്വാഗതമരുളുകയും വിദ്യാഭ്യാസോൽക്കർഷത്തിന് അവ ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആ ബിൽ തൊഴിലില്ലായ്മയെ പരിഹരിക്കാനാണെന്നുള്ളതുകൊണ്ടും വിദ്യാഭ്യാസത്തെ പ്രധാനമായി ഗണിച്ചിട്ടില്ലാത്തതുകൊണ്ടും ഹെഡ്മാസ്റ്റർമാർ വ്യസനിക്കയുണ്ടായി. സിനിമക്കു വിദ്യാൎത്ഥികളിലുള്ള സ്വാധീനശക്തിയെപ്പററിയും വാദപ്രതിവാദം നടത്തുകയുണ്ടായി. സിനിമ കുട്ടികളിൽ ഉണ്ടാക്കുന്ന ദോഷങ്ങളെപ്പററി അദ്ധ്യാപികമാർ കഠിനമായി ആക്ഷേപിച്ചു. ചില ചിത്രങ്ങൾ അശ്ലീലങ്ങളാകകൊണ്ടു ചലനചിത്രനിരോധം കുറെക്കൂടി കഠിനമാക്കണമെന്നു അവർ അഭിപ്രായപ്പെട്ടു. ഇതുസംബന്ധമായ ഒരു പ്രമേയം തള്ളപ്പെട്ടുപോയെങ്കിലും, അവ പരിശോധിച്ചതിനു ശേഷമെ പ്രദർശിപ്പിക്കാവൂ എന്ന ഒരു പ്രമേയം അംഗീകരിക്കപ്പെടുകയും ചെയ്തു.

സ്ത്രീപുരുഷബന്ധത്തെപ്പററി പഠിപ്പിക്കണമൊ എന്നുള്ള ചോദ്യത്തിന് അതിനുള്ള സ്ഥലം വിദ്യാലയമല്ലെന്നും, അങ്ങനെ ചെയ്താൽ മാതാപിതാക്കന്മാരുടെ ചുമതലകളെ അപഹരിക്കയാണെന്നും മി: പാൎക്കിൻസൺ അഭിപ്രായപ്പെട്ടു. ജീവശ്ശാസ്ത്രം പഠിപ്പിക്കുകയാണ് കൂടുതൽ പ്രയോജനകരമെന്നും, ജീവശ്ശാസ്ത്രപരമായി സ്ത്രീപുരുഷബന്ധത്തെപ്പററി പൎയ്യാലോചിക്കയാണെങ്കിൽ കുട്ടികളുടെ മനസ്സിൽ കൂടുതൽ താല്പൎയ്യം ജനിപ്പിക്കാമെന്നുമാണ് അദ്ദേഹത്തിൻെറ അഭിപ്രായം.